# ഇടതുപക്ഷ രാഷ്ട്രീയം നേരിടുന്ന പ്രതിസന്ധിയും

# ഫാസിസ്റ്റ് വിപത്തും മുതലാളിത്തവിരുദ്ധ വിപ്ലവപ്പോരാട്ടവും

ബിജെപി–ആർഎസ്എസ്
ഇൻഡ്യൻ നവോത്ഥാനത്തിന്റെയും
സ്വാതന്ത്ര്യസമരത്തിന്റെയും
ഉജ്ജ്വലമായ പാരമ്പര്യത്തെ
തകർക്കാൻ ശ്രമിക്കുന്നു

പ്രൊവാഷ് ഘോഷ്

# ഇടതുപക്ഷരാഷ്ട്രീയം നേരിടുന്ന പ്രതിസന്ധിയും

# ഫാസിസ്റ്റ് വിപത്തും

# മുതലാളിത്തവിരുദ്ധ വിപ്ലവപ്പോരാട്ടവും

◆

ബിജെപി–ആർഎസ്എസ്
ഇൻഡ്യൻ നവോത്ഥാനത്തിന്റെയും
സ്വാതന്ത്ര്യസമരത്തിന്റെയും
ഉജ്ജ്വലമായ പാരമ്പര്യത്തെ
തകർക്കാൻ ശ്രമിക്കുന്നു.

---

**പ്രൊവാഷ് ഘോഷ്**

**CRISIS OF LEFTISM,**
**DANGER OF FASCISM**
**AND**
**ANTI-CAPITALIST**
**REVOLUTIONARY STRUGGLE**

(Malayalam Translation)

**Provash Ghosh**

Published by
**Socialist Unity Centre of India (Communist)**
**SUCI(C)**
Kerala State Committee
TC 12/1242, Law College jn.
Kunnukuzhi, Trivandrum – 695 035
Ph: 0471-2307151, Mob: 9387110272

e-mail: sucickeralasc@gmail.com

First Print

December 2014

Price : Rs.20/-

# ഉള്ളടക്കം

പേജ്


മുഖവുര ............ 4

**ഇടതുപക്ഷ രാഷ്ട്രീയം നേരിടുന്ന പ്രതിസന്ധിയും ഫാസിസ്റ്റ് വിപത്തും മുതലാളിത്തവിരുദ്ധ വിപ്ലവപ്പോരാട്ടവും** ............ 5

- തെരഞ്ഞെടുപ്പിനോടുള്ള ശരിയായ മാർക്സിസ്റ്റ് സമീപനം ............ 6
- രാഷ്ട്രീയപ്രബുദ്ധതയില്ലാത്ത ബഹുജനങ്ങൾ ബൂർഷ്വാ പ്രചാരണത്തിൽപ്പെട്ട് നിസ്സഹായരായി ഒഴുകിപ്പോകുന്നു ............ 7
- സിപിഐ(എം)-ന്റെ കരുത്ത് ഗവണ്മെന്റ് അധികാരമായിരുന്നു; ഇടതുപക്ഷ രാഷ്ട്രീയമായിരുന്നില്ല ............ 10
- സിപിഐ(എം) ഇടതുപക്ഷരാഷ്ട്രീയത്തെ കളങ്കപ്പെടുത്തി ............ 12
- ഇടതുപക്ഷ രാഷ്ട്രീയത്തെ തകർത്തത് സിപിഐ(എം) ആണ്; അല്ലാതെ വലതുപക്ഷ ശക്തികളല്ല ............ 16
- ബിജെപിയുടെ വളർച്ചയ്ക്ക് കളമൊരുക്കിയത് സിപിഐ(എം) ............ 20
- ബിജെപി കുത്തകമുതലാളിത്തത്തിന്റെ ദാസന്മാർ ............ 25
- ബി.ജെ.പി ഉയർത്തുന്ന ഫാസിസ്റ്റ് ഭീഷണി ............ 26
- ആർഎസ്എസിന്റെ ആശയങ്ങൾ നവോത്ഥാന നായകന്മാരുടെ ആദർശങ്ങൾക്ക് വിരുദ്ധം ............ 27
- സുഭാഷ്ചന്ദ്ര ബോസ് പറഞ്ഞത് ............ 31
- ആരാണ് യഥാർത്ഥ ഹിന്ദു? വിവേകാനന്ദനോ, ആർ.എസ്.എസ്-ബി.ജെ.പിയോ? ............ 33
- മാർക്സിസം മാത്രമാണ് മതത്തിന്റെ ചരിത്രപരമായ സ്ഥാനമെന്തെന്ന് ശരിയായി ചൂണ്ടിക്കാട്ടിയത് ............ 38
- ആർഎസ്എസ് സ്വാതന്ത്ര്യസമരത്തെ എതിർത്തു ............ 44
- വികസനമെന്ന കപടവാഗ്ദാനം ............ 51
- മുതലാളിത്തം ഇന്ന് വ്യവസായങ്ങളെത്തന്നെ നശിപ്പിക്കുന്നു ............ 56
- സിപിഐയും സിപിഐ(എം)-ഉം ഒരിക്കലും മാർക്സിസം അനുവർത്തിച്ചിട്ടില്ല ............ 63
- സഖാവ് ശിബ്ദാസ് ഘോഷ് ആത്മാഭിമാനത്തോടെ മുന്നേറാനുള്ള മാർഗ്ഗം കാട്ടിത്തന്നു ............ 67
- സംസ്കൃതിയുടെ നിലനില്പിനുവേണ്ടി നമ്മുടെ കുട്ടികളെ രക്ഷിക്കുക ............ 74
- മാനവസംസ്കൃതിയുടെ വിമോചനത്തിനുവേണ്ടി എസ്.യു.സി.ഐ(സി)യെ ശക്തിപ്പെടുത്തുക ............ 74

**അനുബന്ധം** : സിപിഐ(എം) നയിക്കുന്ന ഇടതുമുന്നണിയുടെ വിപുലീകരണത്തോട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ക്രിയാത്മകമായി പ്രതികരിക്കുന്നു ............ 77

# മുഖവുര

സമുന്നത മാർക്സിസ്റ്റ് ദാർശനികനും മഹാനായ തൊഴിലാളി വർഗ്ഗ നേതാവും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ 38-ാം ചരമവാർഷികത്തോടനുബന്ധിച്ച് ആഗസ്റ്റ് 5-ന് കൊൽക്കത്തയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രസംഗത്തിന്റെ പരിഭാഷ.

അർത്ഥസമ്പന്നമായ ആ പ്രസംഗം രാജ്യം ഇന്ന് നേരിടുന്ന രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ വെല്ലുവിളികളെ ശാസ്ത്രീയമായി വിശകലനം ചെയ്തുകൊണ്ട്, വർഗ്ഗ-ബഹുജന സമരങ്ങൾക്ക് ദിശകാട്ടുന്നു. സംഘപരിവാർ ശക്തികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളുടെ വെളിച്ചത്തിൽ ഉജ്ജ്വലമായി വിശകലനം ചെയ്യുന്ന ഈ പ്രസംഗം എല്ലാ പുരോഗമന ജനാധിപത്യ വിശ്വാസികൾക്കും മാർഗ്ഗദർശനം നൽകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

സിപിഐ(എം) നയിക്കുന്ന ഇടതുമുന്നണി, ദേശീയതലത്തിൽ എസ്‌യുസിഐ(സി) ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തി വികസിപ്പിക്കാൻ തീരുമാനിച്ചതായ വാർത്തകൾ ദേശീയ മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഈ വിഷയത്തിൽ പാർട്ടിയുടെ നിലപാട് വ്യക്തമാക്കിക്കൊണ്ട് ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പത്രസമ്മേളനത്തിൽ വിതരണംചെയ്ത കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ഐക്യമുന്നണിയെ സംബന്ധിച്ചുള്ള മാർക്സിസ്റ്റ് കാഴ്ചപ്പാടെന്തെന്നും പുരോഗമനശക്തികളുടെ ഇന്നത്തെ കർത്തവ്യമെന്തെന്നും ആ പത്രക്കുറിപ്പ് സുവ്യക്തമായി വിശദീകരിക്കുന്നു.

**സി.കെ.ലൂക്കോസ്**
സെക്രട്ടറി,
എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി

തിരുവനന്തപുരം
01. 12. 2014

# ഇടതുപക്ഷ രാഷ്ട്രീയം നേരിടുന്ന പ്രതിസന്ധിയും

# ഫാസിസ്റ്റ് വിപത്തും

# മുതലാളിത്തവിരുദ്ധ വിപ്ലവപ്പോരാട്ടവും

നമ്മുടെ പാർട്ടി എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയും, നമ്മുടെ നേതാവും ആചാര്യനും, ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ അനിതരസാധാരണമായ ജീവിതസമരത്തെ ആഗസ്റ്റ് 5-ന് നാം അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ അമൂല്യങ്ങളായ പ്രബോധനങ്ങൾ അനുസ്മരിക്കുന്നു. മാർക്സിസം-ലെനിനിസത്തെ ഇൻഡ്യൻ മണ്ണിൽ സമൂർത്തവൽക്കരിച്ചുകൊണ്ട് അതിന്റെ ധാരണയെ സമ്പന്നമാക്കുകയും പുതിയൊരു മാനത്തിലേയ്ക്കുയർത്തുകയും ചെയ്തതിലൂടെ സഖാവ് ശിബ്ദാസ് ഘോഷ് നമുക്കൊരു പ്രയോഗപദ്ധതി പ്രദാനം ചെയ്തിട്ടുണ്ട്. നാം ആ രീതിശാസ്ത്രം പ്രയോഗിച്ച് ഇന്നത്തെ രാഷ്ട്രീയ സാഹചര്യം വിലയിരുത്തുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. ആ വിശകലനത്തെ അടിസ്ഥാനപ്പെടുത്തി നമ്മുടെ കർമ്മപദ്ധതി തയ്യാറാക്കുന്നു. അങ്ങനെയാണ് നാം നമ്മുടെ അഗാധമായ ദുഃഖത്തെ വിപ്ലവകരമായ കരുത്തായി പരിവർത്തനപ്പെടുത്തുന്നതും ഭാവിപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും. പല സഖാക്കളും അനുഭാവികളും നിരവധി പ്രശ്നങ്ങൾ ഇന്നത്തെ യോഗത്തിൽ ചർച്ച ചെയ്യണമെന്ന് എന്നോടഭ്യർത്ഥിച്ചിട്ടുണ്ട്. ആ പ്രശ്നങ്ങളെല്ലാം ഈ യോഗത്തിൽ ചർച്ച ചെയ്യാൻ സാധിക്കണമെന്നില്ല. എങ്കിലും പ്രധാനപ്പെട്ട വിഷയ

ങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് കഴിയുന്നത്ര വിഷയങ്ങൾ ചർച്ച ചെയ്യാൻ ശ്രമിക്കാം. തെരഞ്ഞെടുപ്പിനോടുള്ള നമ്മുടെ സമീപനം, തെരഞ്ഞെടുപ്പ് ഫലത്തിന്റെ ഭവിഷ്യത്ത്, അധികാരത്തിലേയ്ക്കുള്ള ബിജെപിയുടെ തിരിച്ചുവരവ്, ഫാസിസ്റ്റ് വിപത്ത്, പശ്ചിമബംഗാളിൽ സിപിഐ(എം)-നേറ്റ പരാജയം, ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പ്രശ്നങ്ങൾ, വരുംനാളുകളിൽ എങ്ങനെ വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാം — മുഖ്യമായും ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ശ്രമിക്കാം. മഴ പെയ്യാൻ സാദ്ധ്യതയുണ്ട്. ചർച്ചാ വിഷയം വളരെ വിപുലമായതിനാൽ അല്പം കൂടുതൽ സമയം വേണ്ടിവരും. അതുപോലെ തന്നെ സഖാവ് ശിബ്ദാസ് ഘോഷിന്റെയും മറ്റും കൃതികളിൽ നിന്നുള്ള ചില പ്രസക്ത ഭാഗങ്ങൾ നിങ്ങളെ വായിച്ചുകേൾപ്പിക്കാനും ഞാനുദ്ദേശിക്കുന്നു.

## തെരഞ്ഞെടുപ്പിനോടുള്ള ശരിയായ മാർക്സിസ്റ്റ് സമീപനം

ആദ്യമേ തന്നെ പറയട്ടെ, മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയാൽ നയിക്കപ്പെടുന്ന തൊഴിലാളിവർഗ്ഗപ്പാർട്ടിയെന്ന നിലയിൽ നാം തെരഞ്ഞെടുപ്പിനോട് വച്ചുപുലർത്തുന്ന വർഗ്ഗ സമീപനം മറ്റ് പാർട്ടികളുടേതിൽ നിന്ന് തുലോം വിഭിന്നമാണ്. ഒരു നിശ്ചിത കാലത്തേയ്ക്ക് ബൂർഷ്വാസിക്കുവേണ്ടി ജനങ്ങളെ ഭരിക്കുകയും അടിച്ചമർത്തുകയും ചെയ്യേണ്ടത് ഏത് പാർട്ടിയാണെന്ന് തീരുമാനിക്കാൻ വേണ്ടിയുള്ളതാണ് ബൂർഷ്വാ പാർലമെന്ററി തെരഞ്ഞെടുപ്പെന്ന് മഹാനായ ലെനിൻ എത്രയോ കാലം മുമ്പേ പറഞ്ഞിട്ടുള്ളതാണ്. എന്നിരിക്കിലും, ജനങ്ങൾക്ക് പാർലമെന്റിനെപ്പറ്റി വ്യാമോഹമുള്ളിടത്തോളം കാലം, പാർലമെന്റ് പ്രയോജനരഹിതമാണെന്ന് അവർക്ക് ബോദ്ധ്യമാകാത്തിടത്തോളം കാലം, ജനങ്ങൾ വിപ്ലവപ്രബുദ്ധത ആർജ്ജിച്ചിട്ടില്ലാത്തിടത്തോളം കാലം, പാർലമെന്റിൽ ബൂർഷ്വാസിയുടെ വർഗ്ഗസ്വഭാവം തുറന്നുകാട്ടുക എന്ന ഉന്നത്തോടെ, വിപ്ലവകാരികൾ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കേണ്ടതാണെന്നും സഖാവ് ലെനിൻ പറഞ്ഞിട്ടുണ്ട്. വിപ്ലവത്തിന് മുമ്പുള്ള ഘട്ടത്തിൽ ലെനിന് തന്നെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടതായും വന്നിട്ടുണ്ട്. മറ്റ് മാർഗ്ഗങ്ങളൊന്നുമി

ല്ലാത്ത സാഹചര്യത്തിൽ നമ്മൾ വിപ്ലവകാരികൾക്ക് തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടിവരുമെന്ന് നമ്മുടെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞിട്ടുണ്ട്. നാം തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത് മറ്റ് മാർഗ്ഗമൊന്നുമില്ലാത്ത സാഹചര്യത്തിലാണ്, അതായത് നിർബ്ബന്ധിതരായിത്തീരുന്ന സാഹചര്യത്തിലാണ്, എന്നാണദ്ദേഹം പറഞ്ഞതെന്ന് പ്രത്യേകം ശ്രദ്ധിക്കുക. എന്തെന്നാൽ, വിപ്ലവപ്പാർട്ടിയുടെ പ്രധാന കർത്തവ്യം  തൊഴിലാളിവർഗ്ഗപ്പോരാട്ടങ്ങൾ വളർത്തിയെടുക്കുക, ബഹുജനപ്രക്ഷോഭങ്ങൾ കെട്ടിപ്പടുക്കുക, ബഹുജനങ്ങൾക്ക് വിപ്ലവപ്രബുദ്ധതയിലധിഷ്ഠിതമായ സമരവീര്യവും വിദ്യാഭ്യാസവും പകർന്നുനൽകി അവരെ സംഘടിപ്പിക്കുക എന്നുള്ളതാണ്. എങ്കിലും തെരഞ്ഞെടുപ്പ് നടക്കുകയും ജനങ്ങൾ അതിൽ പങ്കെടുക്കുകയും ചെയ്യുമ്പോൾ, സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം നമ്മളും അതിൽ പങ്കെടുക്കുന്നു. തെരഞ്ഞെടുപ്പിൽ പങ്കെടുക്കുമ്പോൾ നമ്മുടെ പ്രധാന ഉന്നം ബഹുജനങ്ങളെ പാർലമെന്ററി വ്യാമോഹത്തിൽ നിന്ന് മോചിപ്പിക്കുകയും, അവർക്ക് വിപ്ലവബോധം പകർന്നു നൽകുകയും, തെരഞ്ഞെടുപ്പ് രംഗത്തുള്ള ബൂർഷ്വാ -സോഷ്യൽഡെമോക്രാറ്റിക് പാർട്ടികളെ തുറന്നുകാട്ടുകയും ചെയ്ത് ജനങ്ങളെ സംഘടിപ്പിക്കുകയെന്നതാണെന്ന് സഖാവ് ശിബ്ദാസ് ഘോഷ് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ ഏതെങ്കിലും സീറ്റിൽ വിജയിക്കാൻ സാധിച്ചാൽ നല്ലത്. വിജയിച്ചില്ലെങ്കിലും മേല്പറഞ്ഞ ലക്ഷ്യത്തോടെ നാം തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നു. മറ്റ് ബൂർഷ്വാ-സോഷ്യൽഡെമോക്രാറ്റിക് പാർട്ടികളെപ്പോലെ പ്രത്യയശാസ്ത്രവും ആദർശവും ബലികഴിച്ചുകൊണ്ടും എങ്ങനെയും സീറ്റ് നേടുക എന്നതല്ല നമ്മുടെ ലക്ഷ്യം. അതാണ് സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞത്.

## രാഷ്ട്രീയപ്രബുദ്ധതയില്ലാത്ത ബഹുജനങ്ങൾ ബൂർഷ്വാ പ്രചാരണത്തിൽപ്പെട്ട് നിസ്സഹായരായി ഒഴുകിപ്പോകുന്നു

നമ്മുടെ രാജ്യത്ത് നടക്കുന്ന തെരഞ്ഞെടുപ്പുകളുടെ സ്വഭാവം മനസ്സിലാക്കാൻ സഹായിക്കുന്നതും, ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രസക്തവുമായ മറ്റൊരു കാര്യം കൂടി അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. 1969-ൽ അദ്ദേഹം പറഞ്ഞു: “തെരഞ്ഞെടുപ്പ്

ബൂർഷ്വാരാഷ്ട്രീയമാണ്. ബഹുജനങ്ങൾക്ക് വിപ്ലവപ്രബുദ്ധതയില്ലെങ്കിൽ, തൊഴിലാളിവർഗ്ഗത്തിന് വർഗ്ഗസംഘടനയില്ലാതിരിക്കുകയും അവർ വർഗ്ഗസമരത്തിലല്ലാതിരിക്കുകയുമാണെങ്കിൽ, ബഹുജനപ്രക്ഷോഭങ്ങൾ നടക്കുകയും ജനങ്ങൾ രാഷ്ട്രീയപ്രബുദ്ധതയുടെ അടിസ്ഥാനത്തിൽ യോജിച്ച് നിലകൊള്ളുകയും ചെയ്യുന്ന അവസ്ഥയില്ലാത്തപ്പോൾ, വ്യവസായികളും വൻ ബിസിനസുകാരും പ്രതിലോമകാരികളും ചേർന്ന് വൻതോതിൽ പണം മുടക്കിയും മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയും ഒരു തരംഗം സൃഷ്ടിക്കുകയും ജനങ്ങൾ വൈക്കോൽത്തുരുമ്പുകൾ പോലെ ആ ഓളത്തിന്റെയൊപ്പം പോവുകയും ചെയ്യുന്നു."[2] ഈ വാക്കുകൾ ഇൻഡ്യയെ സംബന്ധിച്ചുമാത്രമല്ല ലോകത്തെ എല്ലാ മുതലാളിത്ത രാജ്യങ്ങളെ സംബന്ധിച്ചും വളരെയേറെ പ്രധാനപ്പെട്ടവയാണ്.

1952 മുതലിങ്ങോട്ട് ഇൻഡ്യയിൽ നടന്നിട്ടുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും ബൂർഷ്വാസി അവർക്ക് താല്പര്യമുള്ള പാർട്ടികളെ തെരഞ്ഞെടുത്ത് അധികാരത്തിലേറ്റുകയും മറ്റുള്ളവരെ പ്രതിപക്ഷത്തിരുത്തുകയും ചെയ്തുവരികയാണ്. അതിനുവേണ്ടി ബൂർഷ്വാസി വൻ തുകകൾ മുടക്കി, മാധ്യമങ്ങളിലൂടെ വലിയ പ്രചാരണം അഴിച്ചുവിടുന്നു. സഖാവ് ശിബ്ദാസ് ഘോഷ് ഇത് പറയുമ്പോൾ മുഖ്യമായും അച്ചടിമാധ്യമമാണുണ്ടായിരുന്നത്. എന്നാൽ, ഇപ്പോൾ ടിവി ശക്തമായ മാധ്യമമായി രംഗത്തുവന്നിരിക്കുന്നു. ഈ രീതിയിൽ ബൂർഷ്വാസി അവർക്ക് താല്പര്യമുള്ള പാർട്ടിയെ ബഹുജനങ്ങൾക്കുമുമ്പിൽ ഉയർത്തിക്കൊണ്ടുവരുന്നു. ബഹുജനങ്ങൾക്കിടയിൽ വിപ്ലവരാഷ്ട്രീയത്തിന് സ്വാധീനമില്ല. തൊഴിലാളിവർഗ്ഗത്തിന്റെ വിശാലവിഭാഗങ്ങൾക്കും ദരിദ്രകർഷകർക്കും മറ്റ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുമിടയിൽ വർഗ്ഗപരമായ കാഴ്ചപ്പാടില്ല. അതിനാൽ, ഏത് പാർട്ടി ഏത് വർഗ്ഗത്തിന്റെ താല്പര്യത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് അവർക്ക് മനസ്സിലാവുന്നില്ല. ശരിയായ രാഷ്ട്രീയധാരണയില്ലാത്തതിനാൽ സാധാരണ ജനങ്ങൾ വിപ്ലവപ്രബുദ്ധതയുടെയടിസ്ഥാനത്തിൽ സംഘടിതരല്ല; അവർ അസംഘടിതരായിരിക്കുന്നു. അങ്ങനെയൊരു സാഹചര്യത്തിൽ അവർ നിസ്സഹായരായി ബൂർഷ്വാപ്രചാരണത്തിന്റെയൊപ്പം ഒഴുകിനീങ്ങിക്കൊണ്ടിരിക്കും. ഈ രാജ്യത്ത് ഇതുവരെയും നടന്നിട്ടുള്ള തെരഞ്ഞെടുപ്പുകളുടെയെല്ലാം ഒരു പൊതു

സ്വഭാവ വിശേഷം ഇതായിരുന്നു. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലും അതുതന്നെയാണ് സംഭവിച്ചത്.

കോൺഗ്രസ്സ് ബൂർഷ്വാവർഗ്ഗത്തിന്റെ അനുഗ്രഹാശിസ്സുകളോടെ കഴിഞ്ഞ പത്തുവർഷമായി അധികാരത്തിലിരിക്കുകയായിരുന്നു. മുതലാളിവർഗ്ഗത്തിന് സേവ ചെയ്തതിലൂടെ കോൺഗ്രസ്സ് ജനങ്ങളുടെ അപ്രിയത്തിനിരയായി. ജനങ്ങൾക്ക് മുന്നിൽ ആ പാർട്ടിയുടെ വിശ്വാസ്യത പൂർണ്ണമായും തകർന്നു. അത് ബൂർഷ്വാസി, കുത്തകകൾ അഥവാ കോർപ്പറേറ്റുകൾ, മനസ്സിലാക്കി. രണ്ടാമതായി, കോൺഗ്രസ്സ് ഒരു കൂട്ടുകക്ഷിഭരണമാണ് നടത്തിവന്നിരുന്നത്. കോൺഗ്രസ്സ് മുതലാളിവർഗ്ഗത്തെ സേവിക്കുകയായിരുന്നുവെങ്കിൽപ്പോലും, പരിഷ്കരണ നടപടികളെന്നറിയപ്പെടുന്ന ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ-ആഗോളവൽക്കരണ നടപടികൾ മുതലാളിവർഗ്ഗം ഇച്ഛിച്ചതുപോലെ നിർദ്ദയമായും വ്യാപകമായും നടപ്പിലാക്കാൻ, സഖ്യകക്ഷികളായ പ്രാദേശികപ്പാർട്ടികളുടെ എതിർപ്പ് മൂലം, കോൺഗ്രസ്സിന് കഴിഞ്ഞിരുന്നില്ല. ഈ പശ്ചാത്തലത്തിൽ, കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ ബൂർഷ്വാസി, വമ്പിച്ച പ്രചാരണത്തിലൂടെ ബിജെപിയെയും നരേന്ദ്രമോദിയെയും രാജ്യത്തിന്റെ ‘രക്ഷകരായി’ ജനങ്ങളുടെ മുന്നിൽ ഉയർത്തിക്കാട്ടി. തെരഞ്ഞെടുപ്പ്ഫലമെന്തായിരുന്നുവെന്ന് നിങ്ങൾക്കറിയാം.

തെരഞ്ഞെടുപ്പിന് മുമ്പ് ബിജെപി പറഞ്ഞത് അവർ ‘അച്ഛേ ദിൻ’ — നല്ല നാളുകൾ, കൊണ്ടുവരുമെന്നായിരുന്നു. അവർ പറഞ്ഞ സന്തോഷത്തിന്റെ നാളുകളുടെ സ്വഭാവമെന്തെന്ന് ഇപ്പോൾ നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അധികാരത്തിലേറിയതിനെത്തുടർന്ന് അവർ പറയുന്നത് കുറച്ചുകാലത്തേയ്ക്ക് ജനങ്ങളെക്കൊണ്ട് കയ്പുള്ള ഗുളിക കഴിപ്പിക്കുമെന്നാണ്. ഒന്നൊന്നായി കയ്പൻ ഗുളികകൾ കഴിച്ച് ജനജീവിതം ആകെ കയ്പ് നിറഞ്ഞതായിക്കൊണ്ടിരിക്കുന്നു. മറുവശത്ത്, ബൂർഷ്വാസി, തദ്ദേശീയരും വിദേശീയരുമായ മുതലാളിവർഗ്ഗം, അതീവ സന്തുഷ്ടരാണ്. എന്തെന്നാൽ, ബിജെപിയെയും മോദിയെയും അധികാരത്തിലേറ്റാൻ വേണ്ടി അവർ മുടക്കിയ കോടാനുകോടി രൂപ മുതലും പലിശയുമടക്കം തിരിച്ചുപിടിക്കാൻ കഴിയുമെന്ന് അവർക്ക് ഉറപ്പായിരിക്കുന്നു. ഇതിന് പുറമെ, ബിജെപി-ആർഎസ്എസ് ഉയർത്തുന്ന കൊടിയ വിപത്തിനെപ്പറ്റി ഞാൻ പിന്നീട് വിശദീകരിക്കാം.

# സിപിഐ(എം)-ന്റെ കരുത്ത് ഗവണ്മെന്റ് അധികാരമായിരുന്നു; ഇടതുപക്ഷ രാഷ്ട്രീയമായിരുന്നില്ല

ജനങ്ങളുടെ, വിശിഷ്യ ഇടതുപക്ഷ വിശ്വാസികളുടെ, മനസ്സിനെ വളരെയേറെ അലട്ടിക്കൊണ്ടിരിക്കുന്ന മറ്റൊരു വിഷയം ചർച്ച ചെയ്യാൻ ഞാനാഗ്രഹിക്കുന്നു. സിപിഐ(എം)-ന് തെരഞ്ഞെടുപ്പിലുണ്ടായ പരാജയത്തെ അധികരിച്ച്, ഇടതുപക്ഷപ്രസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ചുള്ള ആശങ്ക ജനങ്ങളുടെ മനസ്സിലുദിച്ചിട്ടുണ്ട്. ഇവിടെ ആദ്യമേ പറയാനുള്ളത്, ഇടതുപക്ഷീയതയും മാർക്സിസവും ഒന്നുതന്നെയല്ല എന്നാണ്. ശരിയായ മാർക്സിസ്റ്റുകൾ മാർക്സിസത്തെ സംബന്ധിച്ചുള്ള ശരിയായ ധാരണയെ അടിസ്ഥാനമാക്കിയും, ശരിയായ മാർക്സിസ്റ്റ് പ്രയോഗപദ്ധതി അനുവർത്തിച്ചുകൊണ്ടും, തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ ശരിയായ അടിസ്ഥാന രാഷ്ട്രീയലൈൻ കണ്ടെത്തുന്നു. ശരിയായ വിപ്ലവസംസ്കാരം വികസിപ്പിച്ചെടുക്കുന്നത് ഏത് മാർഗ്ഗത്തിലാണെന്നും മനസ്സിലാക്കുന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ശരിയായ തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടി കെട്ടിപ്പടുക്കുന്നു. നമ്മുടെ പാർട്ടി എസ്.യു.സി.ഐ(സി) രൂപീകരിക്കപ്പെട്ടത് അങ്ങനെയാണ്. നാം ഇടതുപക്ഷക്കാരാണ്. പക്ഷെ, എല്ലാ ഇടതുപക്ഷക്കാരും മാർക്സിസ്റ്റുകളല്ല. സ്വാതന്ത്ര്യസമരത്തിന്റെ നാളുകളിൽ ഇടതുപക്ഷീയതയെ വിപ്ലവവാദവുമായി തുല്യപ്പെടുത്തിയിരുന്നു. അക്കാലത്ത് ഈ രാജ്യത്ത് യഥാർത്ഥ വിപ്ലവ മാർക്സിസ്റ്റ് പാർട്ടിയുണ്ടായിരുന്നില്ല. വിപ്ലവത്തെ എതിർക്കുകയും അനുരഞ്ജനപരമായ നയം അനുവർത്തിക്കുകയും ചെയ്തിരുന്ന ഗാന്ധിയന്മാരാണ് അന്ന് വലതുപക്ഷമായി അറിയപ്പെട്ടിരുന്നത്. സായുധവിപ്ലവത്തിന്റെ മാർഗ്ഗത്തെ, സുഭാഷ്ചന്ദ്രബോസ് പ്രതിനിധാനം ചെയ്തിരുന്ന ലൈനിനെ, അനുകൂലിച്ചിരുന്നവർ ഇടതുപക്ഷക്കാരായും അറിയപ്പെട്ടു. ഇന്ന്, യഥാർത്ഥ മാർക്സിസ്റ്റുകളല്ലെങ്കിലും മാർക്സിസ്റ്റുകളെന്ന് സ്വയം അവകാശപ്പെടുന്നവർ, മാർക്സിസത്തെ ശരിയായി മനസ്സിലാക്കാനോ സ്വാംശീകരിക്കാനോ കഴിഞ്ഞിട്ടില്ലാത്തവരും വിപ്ലവത്തിന്റെ ശരിയായ പാത അറിയാത്തവരുമെങ്കിലും വിപ്ലവത്തിന് വേണ്ടി അഭിലഷിക്കുന്നവർ, തങ്ങൾ തൊഴിലാളിവർഗ്ഗത്തിനുവേണ്ടി പൊരുതുന്നുവെന്ന് അവകാശപ്പെടുന്ന പാർട്ടികൾ — ഇങ്ങനെയുള്ളവരെല്ലാം

ഇടതുപക്ഷപ്രസ്ഥാനങ്ങളിൽ പെടും. അത്തരത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള പാർട്ടികളെല്ലാം ഇടതുപക്ഷപ്പാർട്ടികളാണ്. ഈയടിസ്ഥാനത്തിൽ നാം അവിഭജിത സിപിഐ-യെയും പിന്നീട് സിപിഐ (എം)-നെയും ഇടതുപക്ഷപ്പാർട്ടികളായാണ് പരിഗണിച്ചിട്ടുള്ളത്.

ഇവിടെ ഒരു കാര്യം ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സിപിഐ(എം)-ന് തിരഞ്ഞെടുപ്പിൽ തുടരെയുണ്ടായിരിക്കുന്ന തോൽവിയെത്തുടർന്ന് ഇടതുപക്ഷ രാഷ്ട്രീയം ദുർബ്ബലമായിരിക്കുന്നുവെന്ന് പലരും കരുതുന്നു; ചിലർ അങ്ങനെ പറയുന്നുമുണ്ട്. ഞാൻ ചോദിക്കട്ടെ: സിപിഐ(എം) ഇപ്പോഴും പശ്ചിമബംഗാളിൽ അധികാരത്തിലിരിക്കുകയായിരുന്നുവെന്ന് വയ്ക്കുക. കഴിഞ്ഞ തെരഞ്ഞെടുപ്പിലും ആ പാർട്ടി വൻ ഭൂരിപക്ഷത്തോടെ വിജയിച്ചതായി സങ്കല്പിക്കുക. അങ്ങനെയായിരുന്നെങ്കിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന് കരുത്ത് വർദ്ധിക്കുമായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അങ്ങനെയെങ്കിൽ സിപിഐ(എം) അധികാരത്തിലിരിക്കുകയായിരുന്ന നീണ്ട 34 വർഷക്കാലവും ഇടതുപക്ഷരാഷ്ട്രീയം അതീവശക്തമായിരുന്നുവെന്ന് നാം കരുതേണ്ടിവരും. അങ്ങനെയെങ്കിൽ, അധികാരം നഷ്ടപ്പെട്ടതിനെത്തുടർന്ന് പൊടുന്നനെ ആ പാർട്ടി തകർന്ന് ഫലത്തിൽ നിലംപൊത്തിയതെന്തുകൊണ്ടാണ്? അപ്പോൾ സിപിഐ(എം)-ന്റെ ശക്തിയുടെ ഉറവിടം എന്തായിരുന്നുവെന്ന ചോദ്യമുദിക്കുന്നു. അവരുടെ വർദ്ധിച്ച കരുത്ത് ഇടതുപക്ഷ പ്രത്യയശാസ്ത്രത്തിലും ഇടതുപക്ഷ സമരത്തിലും ഇടതുപക്ഷ തത്ത്വങ്ങളിലും ഇടതുപക്ഷ സംസ്കാരത്തിലും അധിഷ്ഠിതമായ ഒന്നായിരുന്നുവോ? അതോ, ഗവണ്മെന്റ് അധികാരം, പോലീസിന്റെയും ഭരണസംവിധാനത്തിന്റെയും പിന്തുണ, അധികാരത്തിലിരിക്കുന്ന പാർട്ടിയെന്ന നിലയിൽ ക്രിമിനലുകളിൽ നിന്ന് കിട്ടുന്ന പിന്തുണ, ഭൂമാഫിയകളുടെയും റിയൽ എസ്റ്റേറ്റുകാരുടെയും ബിസിനസ്സുകാരുടെയും മുതലാളിമാരുടെയും അനുഗ്രഹാശിസ്സുകൾ ഇവയൊക്കെയായിരുന്നുവോ? അതിനെ യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയമെന്ന് വിളിക്കാനാവുമോ? അവരുടെ ഇടതുപക്ഷ രാഷ്ട്രീയം ഗവണ്മെന്റ് അധികാരത്തെ ആശ്രയിച്ച് നിലനിൽക്കുന്ന ഇനമായിരുന്നുവെന്ന് സമ്മതിക്കേണ്ടിവരും. അവർ അധികാരത്തിലിരിക്കുമ്പോൾ ആ ഇടതുപക്ഷീയത ശക്തമായിരിക്കും. അധികാരത്തിൽ നിന്ന് പുറത്താകുന്നതോടെ ആ ഇട

തുപക്ഷീയതയുടെ മുഴുവൻ ശക്തിയും ചോർന്നുപോകുന്നു. യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയം ഒരിക്കലും ഇങ്ങനെയാവുക യില്ല. ആദ്യമേ ഞാൻ പറയാനാഗ്രഹിക്കുന്നത് ഇതാണ്.

## സിപിഐ(എം) ഇടതുപക്ഷ രാഷ്ട്രീയത്തെ കളങ്കപ്പെടുത്തി

ഒരിക്കൽ പശ്ചിമബംഗാളിൽ യഥാർത്ഥ ഇടതുപക്ഷീയത നില നിന്നിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് സുഭാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തെ കേന്ദ്രീകരിച്ച് ഇടതുപക്ഷരാഷ്ട്രീയം സജീവമായി രുന്നു. വിഭജനത്തിന് മുമ്പുള്ള ഇൻഡ്യയിൽ അവിഭജിത ബംഗാൾ ആയിരുന്നു നവോത്ഥാനത്തിന്റെ സിരാകേന്ദ്രം എന്ന കാര്യം നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരുവശത്ത് വിദ്യാസാഗറിനെയും ശരത്ചന്ദ്രചാറ്റർജിയെയും രവീന്ദ്രനാഥ് ടാഗോ റിനെയും ക്വാസി നസ്രുൾ ഇസ്ലാമിനെയും മറ്റും കേന്ദ്രീകരിച്ച് ഒരു സാംസ്കാരിക മണ്ഡലം സൃഷ്ടിക്കപ്പെട്ടു. മറുവശത്ത്, രാഷ്ട്രീയ രംഗത്ത് സുഭാഷ്ചന്ദ്രബോസിനെയും ഖുദിറാം ബോസിനെയും ബാഘാ ജതിനെയും പ്രീതിലതയെയും മറ്റും കേന്ദ്രീകരിച്ച് വിപ്ല വധാരയും വളർന്നുവന്നു. ഇങ്ങനെ പിറവികൊണ്ട ഇടതുപക്ഷ മനോഭാവത്തിന് സോവിയറ്റ് വിപ്ലവവും ചൈനീസ് വിപ്ലവവും ഉത്തേജനം നൽകി. രണ്ടാം ലോകയുദ്ധത്തിൽ സോവിയറ്റ് യൂണി യൻ മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിൽ ഫാസിസ്റ്റ് സൈനികശ ക്തിക്ക് ഏല്പിച്ച കനത്ത പരാജയത്തെത്തുടർന്ന് ലോകത്തെങ്ങും അലയടിച്ചുയർന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും അതിന് കരുത്തേകി. ഇതെല്ലാം അന്ന് അവിഭജിത സിപിഐ-ക്ക് വമ്പിച്ച കരുത്ത് സമാർജ്ജിക്കാൻ സഹായിച്ചു. സോവിയറ്റ് യൂണിയനിലെയും ചൈനയിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ പിന്തുണയും അന്ന വർക്ക് ലഭിച്ചിരുന്നു. സിപിഐ(എം) അന്ന് അവിഭജിത സിപി ഐയ്ക്ക് അകത്തായിരുന്നുവെന്ന കാര്യം ഇന്നത്തെ യുവാക്കൾക്ക റിയണമെന്നില്ല. തങ്ങൾക്ക് എന്നെങ്കിലും ഗവണ്മെന്റ് രൂപീകരി ക്കാൻ കഴിയുമെന്ന് അന്നവർ സ്വപ്നം കാണുക പോലും ചെയ്തി രുന്നില്ല. 1952-ലെ ആദ്യ പൊതു തെരഞ്ഞെടുപ്പിൽ കൊൽക്കത്ത സിറ്റിയിലെ പാർലമെന്റ്-അസംബ്ലി സീറ്റുകളിൽ മിക്കതിലും വിജ യിച്ചത് കോൺഗ്രസ്സ് ആയിരുന്നില്ല, മറിച്ച് അവിഭജിത സിപിഐ

ആയിരുന്നു. കൊൽക്കത്ത അന്ന് ചുവപ്പ് നഗരം എന്നാണറിയപ്പെട്ടിരുന്നത്. പശ്ചിമബംഗാളിലെ അഭ്യസ്തവിദ്യരായ ജനങ്ങൾ, അദ്ധ്യാപകരും ഡോക്ടർമാരും അഭിഭാഷകരും വിദ്യാർത്ഥികളും യുവാക്കളും, ഇടതുപക്ഷത്തിനാണ് വോട്ട് ചെയ്തിരുന്നത്. ബംഗാളിൽ കോൺഗ്രസ്സിന് വോട്ട് കിട്ടിയിരുന്നത് ഗ്രാമീണ മേഖലയിൽ നിന്നായിരുന്നു. അഭ്യസ്തവിദ്യരുടെയിടയിൽ ഇടതുപക്ഷത്തിനനുകൂലമായ വികാരം ശക്തമായിരുന്നു. തുടർന്ന് 1953-ൽ ട്രാമിന്റെ ചാർജ് ഒരു പൈസ വർദ്ധിപ്പിച്ചതിനെതിരായ സമരം, 1954-ൽ അദ്ധ്യാപകസമരം, 1956-ൽ ബംഗാൾ-ബീഹാർ ലയന നീക്കത്തിനെതിരായ സമരം, 1959-ലും 1966-ലും ഭക്ഷ്യസമരങ്ങൾ — ഇങ്ങനെ ആ കാലഘട്ടമൊന്നാകെ ഇടതുപക്ഷപ്രസ്ഥാനത്തിന്റെ ഏറ്റവും തിളക്കമേറിയ നാളുകളായിരുന്നു. നമ്മുടെ പാർട്ടി അന്ന് ഇന്നത്തെ അപേക്ഷിച്ച് വളരെ ചെറുതായിരുന്നു. എങ്കിലും നാം നമ്മുടെ വിപ്ലവലൈൻ അനുവർത്തിച്ചുകൊണ്ട് ഈ ബഹുജന സമരങ്ങളിലെല്ലാം പങ്കെടുത്തു. അവിഭജിത സിപിഐ പരിഷ്കരണവാദപരമായ ലൈനാണ് അനുവർത്തിച്ചിരുന്നത്. വീറുറ്റ ഇടതുപക്ഷപ്രസ്ഥാനത്തിന്റെ കാലഘട്ടമായിരുന്നു അത്. ജനങ്ങൾ സ്വാതന്ത്ര്യസമരകാലത്ത് സ്വാതന്ത്ര്യസമരസേനാനികളെ നമസ്കരിക്കുമായിരുന്നതെങ്ങനെയോ, അതുപോലെയില്ലെങ്കിലും അക്കാലത്ത് അവർ ഇടതുപക്ഷപ്രവർത്തകരോട് അഗാധമായ ആദരവ് പുലർത്തിയിരുന്നു. ജനങ്ങൾ അവരെ വിശ്വസിച്ചിരുന്നു. അവർ സത്യസന്ധരാണെന്ന് കരുതിയിരുന്നു. അവർ പോലീസ് മർദ്ദനത്തെ അഭിമുഖീകരിക്കാനും നെഞ്ചിൽ വെടിയുണ്ട ഏറ്റുവാങ്ങാനും ജയിലിൽ പോകാനും വിമുഖതയില്ലാത്തവരാണെന്ന് വിശ്വസിച്ചിരുന്നു. ചെങ്കൊടി പാവപ്പെട്ടവരുടെ പതാകയാണെന്ന് കരുതിയിരുന്നു. ഇങ്ങനെയൊക്കെയായിരുന്നു അന്ന് ജനങ്ങളുടെ മനോഭാവം.

1964-ൽ അവിഭജിത സിപിഐ-യിലെ പിളർപ്പിന്റെ ഫലമായി സിപിഐ(എം) രൂപീകൃതമായി. 1967-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ സിപിഐയും സിപിഐ(എം)-ഉം രണ്ട് വ്യത്യസ്ത മുന്നണികൾക്ക് രൂപം നൽകി. നമ്മുടെ പാർട്ടിയും സിപിഐ(എം)-ഉം മറ്റും ഒരു മുന്നണിയിലും സിപിഐയും ബംഗ്ലാകോൺഗ്രസ്സും മറ്റ് ചില പാർട്ടികളും മറ്റൊരു മുന്നണിയിലുമായിരുന്നു. വോട്ട് ഭിന്നിച്ചുവെങ്കിൽപ്പോലും രണ്ട് മുന്നണികൾക്കും കൂടി കിട്ടിയ ആകെ

വോട്ട് കോൺഗ്രസ്സിന്റെ വോട്ടിനെക്കാൾ കൂടുതലായിരുന്നു. രണ്ട് മുന്നണികളും ചേർന്ന് ഗവണ്മെന്റ് രൂപീകരിക്കണമെന്നാണ് ജനങ്ങൾ താല്പര്യപ്പെട്ടത്. ആ ബഹുജനാഭിപ്രായത്തിന്റെ സമ്മർദ്ദത്തിൽ, രണ്ട് മുന്നണികളും ചേർന്ന് ഒന്നാം ഐക്യമുന്നണി ഗവണ്മെന്റ് രൂപീകരിച്ചു. ഒന്നാം ഐക്യമുന്നണി ഗവണ്മെന്റിനെ കേന്ദ്ര ഗവണ്മെന്റ് അധികാരത്തിൽനിന്ന് നീക്കംചെയ്തുവെങ്കിൽപ്പോലും, ശക്തമായ ബഹുജനപ്രക്ഷോഭത്തിന്റെ പിൻബലത്തിൽ 1969-ൽ രണ്ടാം ഐക്യമുന്നണി ഗവണ്മെന്റ് രൂപീകൃതമായി. ഈ രണ്ട് ഗവണ്മെന്റുകളിലും നമ്മുടെ പാർട്ടി പങ്കാളിയായിരുന്നു. സിപിഐ(എം) അന്ന് ഇന്നത്തേതുപോലെയായിരുന്നില്ല. എങ്കിലും രാഷ്ട്രീയത്തിന്റെയും കാഴ്ചപ്പാടിന്റെയും സമീപനത്തിന്റെയും പെരുമാറ്റത്തിന്റെയും അടിസ്ഥാന തത്ത്വങ്ങളുടെ കാര്യത്തിൽ നമ്മുടെ പാർട്ടിയും സിപിഐ(എം)-ഉം തമ്മിൽ ഗൗരവാവഹമായ പ്രത്യയശാസ്ത്രഭിന്നതകളും വൈരുദ്ധ്യങ്ങളും ഉടലെടുക്കുകയുണ്ടായി. സിപിഐ(എം)കാരായ സുഹൃത്തുക്കൾ ഈ യോഗത്തിൽ സംബന്ധിക്കുന്നുണ്ടെങ്കിൽ, ദയവായി ഈ കാര്യം ഒന്നു പരിശോധിക്കുക. അന്ന് ഞങ്ങൾ പറഞ്ഞു: ശരി, നമുക്ക് ഗവണ്മെന്റ് രൂപീകരിക്കാം. പക്ഷെ, ഗവണ്മെന്റ് രൂപീകരിച്ചിട്ട് നാം എന്താണ് ചെയ്യാൻ പോകുന്നത്? ഏതൊരു ബൂർഷ്വാ പാർട്ടിയും ചെയ്യുന്നതുപോലെ ഭരണം നടത്തുകയാണോ? മുതലാളിമാരുടെ വർഗ്ഗതാല്പര്യമനുസരിച്ച് പ്രവർത്തിക്കുകയും, തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തെ അടിച്ചമർത്തുകയും, ക്രമസമാധാനം നിലനിർത്താനെന്ന പേരിൽ ലാത്തിച്ചാർജ്ജും വെടിവെപ്പും നടത്താൻ പോലീസിന് അനുമതി നൽകുകയും ചെയ്യുകയാണോ? ലെനിന് ഇത്തരമൊരു സാഹചര്യത്തെ നേരിടേണ്ടിവന്നിട്ടില്ല. അതിനാൽ, ബൂർഷ്വാ ഗവണ്മെന്റിൽ അധികാരത്തിലേറിയാൽ കമ്മ്യൂണിസ്റ്റുകളും ഇടതുപക്ഷപ്പാർട്ടികളും എങ്ങനെയാണ് ഭരണം നടത്തേണ്ടതെന്നതെന്നതിനെ സംബന്ധിച്ച് അദ്ദേഹം ഒരു മാർഗ്ഗനിർദ്ദേശവും നൽകിയിട്ടില്ല. ആ മാർഗ്ഗനിർദ്ദേശം നൽകിയത് സഖാവ് ശിബ്ദാസ് ഘോഷ് ആയിരുന്നു. അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ഞങ്ങൾ പറഞ്ഞു: ഐക്യമുന്നണി ഗവണ്മെന്റ് പരിമിതമായെങ്കിലും ലഭ്യമായ വിഭവങ്ങൾ ദരിദ്രരായ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കണം. അഴിമതിരഹിതമായ ഭരണം നടത്തണം. പോലീസിന്റെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്ന് നിയമവിരുദ്ധമായ

ഒരു പ്രവൃത്തിയും അനുവദിക്കാതിരിക്കുകയും അഴിമതി ആരുടെ ഭാഗത്തുനിന്നുണ്ടായാലും കർശനമായി കൈകാര്യം ചെയ്യുകയും വേണം. അതേസമയംതന്നെ, ഗവണ്മെന്റ് തൊഴിലാളികളുടെയും കർഷകരുടെയും സമരങ്ങളെ പ്രോത്സാഹിപ്പിക്കണം. സമരങ്ങളെ ബലം പ്രയോഗിച്ച് അടിച്ചമർത്താൻ പോലീസിനെ അനുവദിക്കരുത്. ന്യായമായ ജനാധിപത്യസമരങ്ങളിൽ ഇടപെടാൻ പോലീസിനെ അനുവദിക്കരുത്. അതായിരിക്കണം ഐക്യമുന്നണി ഗവണ്മെന്റിന്റെ പ്രവർത്തനത്തിൽ സ്വീകരിക്കേണ്ട സമീപനം. അതാണ് ശരിയായ ഇടതുപക്ഷ നിലപാട്. സിപിഐ(എം), സിപിഐ, ആർ. എസ്.പി, ഫോർവേർഡ് ബ്ലോക്ക്, ബംഗ്ലാകോൺഗ്രസ്സ് എന്നീ പാർട്ടികൾ ആ നിലപാട് അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. അങ്ങനെയെങ്കിൽ ഞങ്ങൾ ഗവണ്മെന്റിൽ ചേരുന്നില്ല, പകരം പുറമെ നിന്ന് ഗവണ്മെന്റിന് പിന്തുണ നൽകാം എന്ന് നമ്മളും അറിയിച്ചു. അത് നമ്മുടെ വ്യവസ്ഥ അംഗീകരിക്കാൻ അവരെ നിർബ്ബന്ധിതരാക്കി. സിപിഐ(എം) ഇന്നത്തേതുപോലെയായിരുന്നില്ല. സത്യസന്ധരായ നിരവധി നേതാക്കന്മാരും കേഡർമാരും അന്ന് ആ പാർട്ടിയിലുണ്ടായിരുന്നു. അവരുടെ പാർട്ടി നമ്മുടെ നിർദ്ദേശം അംഗീകരിക്കാൻ തയ്യാറല്ല എന്ന കാര്യം പത്രങ്ങളിലൂടെ പുറത്തുവന്നാൽ അവരുടെ നേതാക്കൾക്ക് അണികളിൽ നിന്ന് ഗുരുതരമായ ചോദ്യങ്ങളെ നേരിടേണ്ടിവരുമായിരുന്നു. അതിനാൽ അവർ ഒരുകണക്കിന് നമ്മുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതായി രേഖാമൂലം സമ്മതിച്ചു. എന്നാൽ അവർ ഒരിക്കലും അത് പാലിച്ചില്ല. ഒന്നാം ഐക്യമുന്നണി ഗവണ്മെന്റിൽ തൊഴിൽവകുപ്പ് നമ്മുടെ പാർട്ടിക്കാണ് ലഭിച്ചത് എന്നതിനാൽ, തൊഴിലാളികളുടെയും കർഷകരുടെയും സമരങ്ങളുടെ ഒരു വേലിയേറ്റം തന്നെ അക്കാലത്തുണ്ടായി. അതിനാൽ, രണ്ടാം ഐക്യമുന്നണി ഗവണ്മെന്റിൽ, ടാറ്റാമാരുടെയും ബിർളാമാരുടെയും സമ്മർദ്ദത്തിന്റെ ഫലമായി നമുക്ക് തൊഴിൽ വകുപ്പ് തന്നില്ല.

1977-ൽ ജ്യോതിബസു തെരഞ്ഞെടുപ്പിന് മുമ്പ് നടത്തിയ റേഡിയോ പ്രസംഗത്തിൽ, എസ്‌യുസിഐ(സി) തങ്ങളോടൊപ്പമില്ലാത്തതിനാൽ ഇനിമേൽ പശ്ചിമബംഗാളിൽ സമരങ്ങളോ പ്രക്ഷോഭങ്ങളോ ഉണ്ടാകുമെന്ന് ഭയപ്പെടേണ്ടതില്ലെന്ന് വ്യക്തമാക്കി. അങ്ങനെ അദ്ദേഹം മുതലാളിമാർക്ക് ഉറപ്പ് കൊടുത്തു. അതിന് വേണ്ടിത്തന്നെയായിരുന്നു സിപിഐ(എം) കാലേകൂട്ടി നമ്മളുമാ

യുള്ള ഐക്യം തകർത്തത്. 1977 മുതൽ സിപിഐ(എം) നയിച്ച ഗവണ്മെന്റിന് മറ്റ് ബൂർഷ്വാ ഗവണ്മെന്റുകളിൽ നിന്ന് യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. അവർ തൊഴിലാളികൾക്കും കർഷകർക്കും നേരെ ലാത്തിയും തോക്കും പ്രയോഗിച്ചു. വ്യവസായ രംഗത്ത് സമാധാനം നിലനിർത്താനെന്ന പേരിൽ ഫലത്തിൽ സമരങ്ങൾ നിരോധിച്ചു. സിപിഐ(എം) നേതാക്കൾ അവരുടെ ട്രേഡ്‌യൂണിയനുകളിലൂടെ, വർഗ്ഗസമരത്തിന്റെ പേരിൽ എങ്ങനെ തൊഴിലുടമകളുമായി അനുരഞ്ജനത്തിലേർപ്പെടാമെന്നും, എങ്ങനെ മുതലാളിമാർക്ക് കീഴടങ്ങാമെന്നും തൊഴിലാളികളെ പഠിപ്പിച്ചു. സിംഗൂരിലും നന്ദിഗ്രാമിലും അവർ കൂട്ടക്കുരുതിയും കൂട്ടബലാൽസംഗങ്ങളും നടത്തി. ഗ്രാമപ്രദേശങ്ങളിൽ പഞ്ചായത്തുകളിലൂടെ ഏറ്റവും വൃത്തികെട്ട അവസരവാദം വളർത്തുകയും കർഷകപ്രസ്ഥാനങ്ങളെ നശിപ്പിക്കുകയും ചെയ്തു. അങ്ങനെ, നീണ്ട 34 വർഷക്കാലം കൊണ്ട് അവർ ബഹുജനസമരങ്ങളെയും വർഗ്ഗസമരങ്ങളെയും നശിപ്പിക്കുകയും ഇടതുപക്ഷ രാഷ്ട്രീയത്തെ കളങ്കപ്പെടുത്തുകയും ചെയ്തു.

## ഇടതുപക്ഷ രാഷ്ട്രീയത്തെ തകർത്തത് സിപിഐ(എം) ആണ്; അല്ലാതെ വലതുപക്ഷ ശക്തികളല്ല

സ്വന്തം പാർട്ടിക്കുള്ളിൽ സിപിഐ(എം) ഇടതുപക്ഷ രാഷ്ട്രീയത്തിനും ഇടതുപക്ഷപ്രത്യയശാസ്ത്രത്തിനും ഒരു വിലയും കല്പിച്ചില്ല. മാർക്സിസത്തിന്റെ കാര്യം പറയുകയും വേണ്ട. ഇടതുപക്ഷീയത മുദ്രാവാക്യത്തിലൊതുങ്ങി. അവരുടെ ഭരണം എത്തരത്തിലായിരുന്നുവെന്ന് നിങ്ങൾക്കറിയാം. അവർ എല്ലായിടത്തും സങ്കുചിത പാർട്ടി താല്പര്യങ്ങൾക്കുവേണ്ടി പോലീസിനെ ഉപയോഗപ്പെടുത്തി. ഒരു വലിയ ക്രിമിനൽ സംഘത്തെ വളർത്തിയെടുത്തു. പാർട്ടിയിലെ മന്ത്രിമാരും നേതാക്കളും ഒളിഞ്ഞോ തെളിഞ്ഞോ റിയൽഎസ്റ്റേറ്റ് ബിസിനസ്സിൽ ഏർപ്പെട്ടു. എല്ലാ പ്രാദേശിക മേഖലകളിലും അവരുടെ നിരവധി പ്രവർത്തകർ കപടമാർഗ്ഗങ്ങളിലൂടെ പണമുണ്ടാക്കുന്നതിലേർപ്പെട്ടു. സിപിഐ(എം)-ലെ തലമുതിർന്ന, സത്യസന്ധനായ ഒരു നേതാവും മന്ത്രിയുമായിരുന്ന ബിനോയ് ചൗധരി ഇതെല്ലാം കണ്ട് അങ്ങേയറ്റം രോഷാകുലനാ

യതുമൂലം അദ്ദേഹം സിപിഐ(എം) ഭരണത്തെ വിശേഷിപ്പിച്ചത് റിയൽഎസ്റ്റേറ്റുകാരുടെയും കോൺട്രാക്ടർമാരുടെയും ഭരണം എന്നാണ്. അതാണഭിപ്രായമെങ്കിൽ അദ്ദേഹം മന്ത്രിസഭയിൽനിന്ന് രാജിവയ്ക്കുകയാണ് വേണ്ടതെന്നായിരുന്നു അപ്പോൾ ജ്യോതി ബസു പറഞ്ഞത്. അതിനുശേഷം അദ്ദേഹത്തെ ഒരു തെരഞ്ഞെടുപ്പിലും മത്സരിക്കാൻ അനുവദിച്ചില്ല. സിപിഐ(എം)-ന് വോട്ട് ചെയ്യുന്നില്ലെങ്കിൽ സ്വന്തം സ്ഥലത്ത് താമസിക്കാൻ അനുവദിക്കുന്നതല്ല എന്ന് സിപിഐ(എം) നേതാക്കൾ ജനങ്ങൾക്കെതിരെ ഭീഷണി പുറപ്പെടുവിച്ചു. സിപിഐ(എം)ന് വോട്ടുചെയ്യാത്ത കൃഷിക്കാരെ സ്വന്തം പാടങ്ങളിൽ പണിയെടുക്കാൻ അനുവദിക്കില്ലെന്നും അവർ ഭീഷണിപ്പെടുത്തി. സിപിഐ(എം) അക്രമികൾ ഏതു സമയത്തും എവിടെയും അക്രമങ്ങൾ അഴിച്ചുവിട്ടു, ജനങ്ങളെ കൊലപ്പെടുത്തുക പോലും ചെയ്തു. ബഹുജനങ്ങളുടെയും കർഷകരുടെയും സമരങ്ങൾ കെട്ടിപ്പടുത്തതിന്റെ പേരിൽ നമ്മുടെ പാർട്ടിയുടെ നേതാക്കളും പ്രവർത്തകരുമായി 161 പേരെ സിപിഐ(എം) കൊലപ്പെടുത്തി. തങ്ങൾ ആർക്കെതിരെയും കള്ളക്കേസുകൾ ചുമത്തിയിട്ടില്ലെന്ന്, മുൻ സിപിഐ(എം) മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ ഏതാനും ദിവസം മുമ്പ് റെയ്ഡിഘിയിൽ പ്രസ്താവിക്കുകയുണ്ടായി. ഒമ്പത് പ്രാവശ്യം നമ്മുടെ പാർട്ടിയുടെ എംഎൽഎ ആയിരുന്ന സഖാവ് പ്രബോധ് പുർകെയ്ത്ത് കള്ളക്കേസിൽ കുടുക്കപ്പെട്ട് ഇപ്പോൾ ജീവപര്യന്തം ശിക്ഷ അനുഭവിച്ചുവരികയാണ്. നമ്മുടെ 49 സഖാക്കൾ അത്തരത്തിൽ ജീവപര്യന്തം ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇതൊക്കെയാണ് സിപിഐ(എം)ന്റെ ചെയ്തികൾ. ഏതെങ്കിലും സിപിഐ(എം)കാരൻ നിരവധി കുറ്റകൃത്യങ്ങളിലേർപ്പെട്ടാലും അയാൾക്കെതിരെ പോലീസ് സ്റ്റേഷനിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ സാദ്ധ്യമായിരുന്നില്ല. സ്കൂളുകളിലും കോളേജുകളിലും അദ്ധ്യാപകർ ആരായിരിക്കണമെന്ന് തീരുമാനിച്ചിരുന്നത് സിപിഐ(എം) ആയിരുന്നു. ഗവണ്മെന്റ് ജീവനക്കാരുടെ സിപിഐ(എം) നിയന്ത്രിത സംഘടനയുടെ ഏകോപന സമിതിയാണ് ജീവനക്കാരുടെ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും മറ്റും തീരുമാനിച്ചിരുന്നത്.

സിപിഐ(എം) എന്താണോ ചെയ്തുവന്നിരുന്നത്, കൃത്യമായും അതാണ് ഇപ്പോൾ തൃണമൂൽ കോൺഗ്രസ്സ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈയൊരവസ്ഥ സൃഷ്ടിച്ചത് സിപിഐ(എം) അല്ലാതെ മറ്റാ

രാണ്? ഇന്ന് സിപിഐ(എം) ഇത്രയും കടുത്ത പ്രതിസന്ധി നേരിടാൻ കാരണമെന്താണ്? കഴിഞ്ഞ പാർലമെന്റ്-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ പശ്ചിമബംഗാളിലെ ജനങ്ങൾ സിപിഐ(എം)-നെതിരെ വോട്ട് ചെയ്തത് എന്തുകൊണ്ട്? അടുത്ത കാലത്ത് നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ വൻതോതിലുള്ള കൃത്രിമം നടന്നിരുന്നുവെന്നത് ശരിയാണ്. എന്നാൽ അതിന് മുമ്പ് നടന്ന അസംബ്ലി-പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ അത്രയും വ്യാപകമായ കൃത്രിമം നടന്നിട്ടില്ല. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും അത്തരം കൃത്രിമം നടന്നിട്ടില്ല. കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിന്റെ സമയത്ത് സിപിഐ(എം) ആണ് അധികാരത്തിലിരുന്നത്. എന്നാൽ ജനങ്ങൾ സിംഗൂർ-നന്ദിഗ്രാം സമരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വോട്ട് രേഖപ്പെടുത്തിയത്. ജനങ്ങൾക്കിടയിൽ ശക്തമായ സിപിഐ(എം) വിരുദ്ധ മനോഭാവം വളർന്നുവന്നു. സിപിഐ(എം) നേതാക്കൾ സ്വന്തം തെറ്റുകൾ സമ്മതിച്ചിട്ടുണ്ടോ? അവർ പ്രവർത്തകരെ കുറ്റപ്പെടുത്തുന്നു. പാർട്ടി പ്രവർത്തകരുടെ അഹന്തയും വിനയമില്ലായ്മയുമാണ് തിരിച്ചടിക്ക് കാരണമെന്നും, പ്രവർത്തകർക്ക് ബഹുജനങ്ങളുമായുള്ള ബന്ധം നഷ്ടപ്പെട്ടിരിക്കുന്നുവെന്നും. അങ്ങനെ നേതാക്കൾ അവരുടെ ദുഷ്ചെയ്തികളുടെ പാപഭാരം മുഴുവൻ പ്രവർത്തകരുടെ മേൽ കെട്ടിവയ്ക്കുകയാണ്. പക്ഷെ, നേതാക്കൾ തന്നെയാണ് പ്രവർത്തകരെ ഈ തെറ്റായ കാര്യങ്ങളൊക്കെ പഠിപ്പിച്ചത്. സിപിഐ(എം) നേതാക്കൾ ഇങ്ങനെ തുടരുകയാണെങ്കിൽ അവർക്ക് ഒരിക്കലും ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാൻ കഴിയില്ല. ധൈര്യവും സത്യസന്ധതയുമുണ്ടെങ്കിൽ അവർ പശ്ചിമബംഗാളിലെ ജനങ്ങൾക്കുമുന്നിൽ സ്വന്തം തെറ്റുകൾ തുറന്ന് സമ്മതിക്കട്ടെ. 34 വർഷത്തെ ഭരണകാലത്ത് അവർ ചെയ്തത് ഇടതുപക്ഷരാഷ്ട്രീയത്തിനും ജനങ്ങൾക്കും എതിരായ പ്രവൃത്തികളായിരുന്നുവെന്ന് അവർ ഏറ്റുപറയട്ടെ. ഇവിടെ ഞാൻ സഖാവ് ലെനിന്റെ അമൂല്യമായ ഒരു പാഠം അനുസ്മരിപ്പിക്കട്ടെ. അദ്ദേഹം പറഞ്ഞു: "ഒരു രാഷ്ട്രീയപ്പാർട്ടി സ്വന്തം തെറ്റുകളോട് എന്ത് സമീപനം സ്വീകരിക്കുന്നുവെന്നത്, ആ പാർട്ടിക്ക് എന്തുമാത്രം ആത്മാർത്ഥതയുണ്ടെന്നും, സ്വന്തം വർഗ്ഗത്തോടും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളോടുമുള്ള കർത്തവ്യം പ്രയോഗത്തിൽ അതെങ്ങനെ നിറവേറ്റുന്നുവെന്നും വിലയിരുത്താനുള്ള ഏറ്റവും പ്രധാനപ്പെട്ടതും ഉറപ്പുള്ളതുമായ മാർഗ്ഗമാണ്. തെറ്റ് തുറന്ന് സമ്മ

തിക്കുക, അതിനുള്ള കാരണങ്ങൾ മനസ്സിലാക്കുക, അതിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെ വിശകലനം ചെയ്യുക, തെറ്റ് തിരുത്താനുള്ള മാർഗ്ഗങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്യുക — ഗൗരവസ്വഭാവമുള്ള ഒരു പാർട്ടിയുടെ ലക്ഷണം അതാണ്. ആ വിധത്തിലാണ് ആ പാർട്ടി സ്വന്തം കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടത്; വർഗ്ഗത്തിനും, തുടർന്ന് ബഹുജനങ്ങൾക്കും വിദ്യാഭ്യാസവും പരിശീലനവും നൽകേണ്ടത്."[1] ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രമേ സ്വന്തം തെറ്റുകൾ സത്യസന്ധമായും തുറന്ന മനസ്സോടെയും സമ്മതിക്കാൻ സന്നദ്ധമാകുന്നുള്ളൂ. സിപിഐ(എം) നേതാക്കൾക്ക് ആ സത്യസന്ധതയും ധൈര്യവുമുണ്ടോ?

നോർത്ത് 24 പർഗാനാസ് ജില്ലയിലെ ആയിരം പ്രവർത്തകർ ഭയം മൂലം തെരഞ്ഞെടുപ്പ് പ്രവർത്തനം നടത്തിയില്ല എന്ന് അവരുടെ ഒരു നേതാവ് പ്രസ്താവിച്ചതായി ഇന്നലെ പത്രത്തിൽ കണ്ടു. എന്തൊരു വിപ്ലവപ്പാർട്ടി! അവർ എന്തിനെയാണ് ഭയപ്പെടുന്നത്? അവർ നമ്മളെ കായികമായി ആക്രമിച്ചുകൊണ്ടിരുന്ന കാലത്ത് നമ്മൾ സമരങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ പാർട്ടിയുടെ നേതാക്കളും പ്രവർത്തകരുമായി 161 പേരെ അവർ കൊലപ്പെടുത്തി. 1990 -ൽ സിപിഐ(എം) ഗവണ്മെന്റ് വെടിവച്ചുകൊന്ന മാതയ് ഹൽദാറിന്റെ പേരിലുള്ള രക്തസാക്ഷിമണ്ഡപം ഈ യോഗസ്ഥലത്തുതന്നെയുണ്ട്. എന്നിട്ടും നാം സമരം തുടർന്നു. അതുമായി തട്ടിച്ചുനോക്കുമ്പോൾ തൃണമൂൽ കോൺഗ്രസ്സ് സിപിഐ(എം)-ന് എന്ത് ഹാനിയാണ് വരുത്തിയിരിക്കുന്നത്? അപ്പോൾ, നോർത്ത് 24 പർഗാനാസ് ജില്ലയിലുള്ള അവരുടെ ആ ആയിരം പ്രവർത്തകർ എന്തുതരം പ്രവർത്തകരാണ്! സിപിഐ(എം) അവകാശപ്പെടുന്നത് പശ്ചിമബംഗാളിൽ അവർക്ക് മൂന്ന് ലക്ഷത്തോളം അംഗങ്ങളുണ്ടെന്നാണ്. അവരുടെ ബഹുജനസംഘടനകൾക്കെല്ലാം കൂടി 60-70 ലക്ഷത്തിൽപ്പരം അംഗങ്ങളും അനുയായികളും ഉണ്ടെന്നാണ് പറയുന്നത്. ഇടയ്ക്കിടെ അവർ തങ്ങളുടെ അംഗങ്ങളെക്കൊണ്ട് ബ്രിഗേഡ്പരേഡ് ഗ്രൗണ്ട് നിറയ്ക്കുമായിരുന്നു. അവരൊക്കെ എവിടെപ്പോയി? അവരെല്ലാം മാളത്തിലിരിക്കുന്നതെന്തുകൊണ്ടാണ്? സിപിഐ(എം) നേതാക്കൾ തന്നെയാണ് അവരുടെ പ്രവർത്തകരെ ഭീരുക്കളാക്കിത്തീർത്തിരിക്കുന്നത്. അവർ പ്രവർത്തകരെ രാഷ്ട്രീയമോ പ്രത്യയശാസ്ത്രമോ ഇടതുപക്ഷീയതയോ പഠിപ്പിച്ചിട്ടില്ല. അവർ പ്രവർത്തകരോട് ഇങ്ങനെ മാത്രമാണ് പറഞ്ഞി

രുന്നത് : ഞങ്ങൾ വലിയ പാർട്ടിയാണ്. അധികാരത്തിലിരിക്കുന്നത് ഞങ്ങളാണ്. നിങ്ങൾ ഞങ്ങളോടൊപ്പം നിന്നാൽ നിങ്ങൾക്ക് ഇന്ന യിന്ന നേട്ടങ്ങളുണ്ടാകും. പോലീസ് ഞങ്ങളുടെ കൈയിലാണ്. നിങ്ങൾ ഏറ്റവും ഗുരുതരമായ കുറ്റം ചെയ്താലും ഒരു പ്രശ്നവു മുണ്ടാവില്ല. ആരും നിങ്ങളെ തൊടാൻ ധൈര്യപ്പെടുകയില്ല. അങ്ങനെ, പോലീസ് അവരുടെ കീഴിലായിരുന്ന കാലത്തോളം സിപിഐ(എം) നേതാക്കളും പ്രവർത്തകരും ക്രിമിനലുകളുടെയും സാമൂഹ്യവിരുദ്ധരുടെയും പിന്തുണയോടെ വലിയ ധീരന്മാരായി നടന്നു. വിദ്യാർത്ഥികളോട് അവർ പറഞ്ഞത് അവർ പരീക്ഷയിൽ പാസ്സായില്ലെങ്കിലും ക്ലാസ്സ് കയറ്റം നൽകാമെന്നും, നല്ല റിസൽട്ട് നൽകാമെന്നുമായിരുന്നു. അങ്ങനെയാണവർ പാർട്ടിയുടെ അംഗ ബലം വർദ്ധിപ്പിച്ചത്. കോളേജുകളിലും യൂണിവേഴ്സിറ്റികളിലും അവർ മറ്റ് വിദ്യാർത്ഥിസംഘടനകളെ യൂണിയൻ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവദിച്ചില്ല. കോളേജുകളിൽ സിപിഐ(എം) എന്താണോ ചെയ്തിരുന്നത് അതു തന്നെയാണ് ഇപ്പോൾ തൃണ മൂൽ ചെയ്തുകൊണ്ടിരിക്കുന്നത്. സിപിഐ(എം) പരിശീലിപ്പിച്ച ക്രിമിനലുകൾ ഇപ്പോൾ തൃണമൂലിന്റെ കൊടി പിടിച്ചുനടക്കുക യാണ്. ഒരിക്കൽ സിപിഐ(എം)-ന് വേണ്ടി പ്രവർത്തിച്ച പോലീസ് ഇപ്പോൾ തൃണമൂലിനു വേണ്ടി പ്രവർത്തിക്കുന്നു. അപ്പോൾ, പോലീസും ഉദ്യോഗസ്ഥവൃന്ദവും സ്വന്തം വരുതിയിലുണ്ടെങ്കിൽ സിപിഐ(എം) ശക്തമാണ്. അല്ലെങ്കിൽ ദുർബ്ബലവും ഭീരുത്വം നിറ ഞ്ഞതുമാണ്. ഭൂരിപക്ഷം ജനങ്ങളും സിപിഐ(എം)-നെ ഇടതു പക്ഷപ്പാർട്ടിയായിട്ടാണ് കണക്കാക്കുന്നത്. അതിനാൽ, സിപി ഐ(എം) വിരുദ്ധ മനോഭാവം ഇടതുപക്ഷവിരുദ്ധ മനോഭാവമായി മാറുന്നു. ഇങ്ങനെയാണ് സിപിഐ(എം) ഇടതുപക്ഷരാഷ്ട്രീയ ത്തിന് കോട്ടം വരുത്തിക്കൊണ്ടിരിക്കുന്നത്.

## ബിജെപിയുടെ വളർച്ചയ്ക്ക് കളമൊരുക്കിയത് സിപിഐ(എം)

സഖാവ് ശിബ്ദാസ് ഘോഷ് 1977-ൽ സിപിഐ(എം) അധികാ രത്തിലേറുന്നത് കണ്ടില്ല. തുടർന്ന് 34 വർഷം അവർ നടത്തിയ ഭര ണത്തിനും അദ്ദേഹം സാക്ഷ്യം വഹിച്ചില്ല. 1970-ൽ , രണ്ടാം ഐക്യ മുന്നണിയുടെ കാലത്തെ സിപിഐ(എം)-നെയാണ് അദ്ദേഹം

കണ്ടത്. അക്കാലത്ത് തന്നെ അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടു: "മാർക്സിസ്റ്റ് പാർട്ടിയെന്നറിയപ്പെടുന്ന സിപിഐ(എം)-ന് പരമാവധി ശക്തി വർദ്ധിച്ചിരുന്ന കാലമായ, കഴിഞ്ഞ ഐക്യമുന്നണി ഗവണ്മെന്റിന്റെ കാലത്ത്, ആ പാർട്ടിയുടെ പ്രവർത്തകരുടെയും അനുയായികളുടെയും ധാർഷ്ട്യം കണ്ട് ഈ രാജ്യത്തെ ജനങ്ങൾ ഭയചകിതരായിരുന്നു... അവരുടെ സ്വാധീനത്തിൽപ്പെടുന്ന ആളുകൾക്കിടയിലാണ് പോലീസിനെയും ഉദ്യോഗസ്ഥസംവിധാനത്തെയും ഉപയോഗപ്പെടുത്തി സ്വന്തം കാര്യങ്ങൾ നേടുന്നതിനായി അന്യായമായ വിശേഷാവകാശങ്ങൾ നേടിയെടുക്കുകയെന്ന പ്രവണത ഏറ്റവുമധികം വർദ്ധിച്ചത്. സമൂഹത്തോടുള്ള ഉത്തരവാദിത്തം വർദ്ധിക്കുന്നതിന് പകരം കർത്തവ്യനിർവ്വഹണത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള പ്രവണത വളർന്നുവന്നു. വ്യത്യസ്ത അഭിപ്രായക്കാരോടുള്ള ദാർശനികമായ സഹിഷ്ണുതയ്ക്കു പകരം, തരം കിട്ടുമ്പോൾ ഭീരുത്വപൂർണ്ണമായ ആക്രമണങ്ങളിലൂടെ എതിരഭിപ്രായക്കാരെ നിശ്ശബ്ദരാക്കുക എന്ന ഗർഹണീയമായ രീതി വളർന്നുവന്നു. ഇതിന്റെയെല്ലാം പ്രതിപ്രവർത്തനമെന്ന നിലയിൽ, പിന്നീട് കോൺഗ്രസ്സ് അധികാരം പിടിച്ചെടുത്തതിനെത്തുടർന്ന് സാഹചര്യം പ്രതികൂലമായപ്പോൾ, ഐക്യമുന്നണി ഭരണകാലത്തെ 'തീപ്പൊരി വിപ്ലവകാരികൾക്ക്' മിണ്ടാൻപോലും ധൈര്യമില്ലാതാകുന്നതും നാം കണ്ടു. സാഹചര്യം ഇനി അനുകൂലമായാൽ അവർ വീണ്ടും പഴയ ശൗര്യം വീണ്ടെടുക്കുന്നത് കാണാം. ഇപ്പോൾത്തന്നെ അതിന്റെ സൂചനകൾ കാണുന്നുണ്ട്. അവരുടേത് യഥാർത്ഥ വിപ്ലവരാഷ്ട്രീയമായിരുന്നെങ്കിൽ, നേരായി ചിന്തിക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും അനുഗ്രഹാശിസ്സുകൾ അവർക്ക് ലഭിക്കുമായിരുന്നു. മർദ്ദകരായ ബൂർഷ്വാ വർഗ്ഗത്തിന്റെ വെറുപ്പിനും അവർ ഇരകളാകുമായിരുന്നു. എന്നാൽ, യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുന്നത് നേർ വിപരീതമായ കാര്യമാണ്."[2]

1970-ൽ, രണ്ടാം ഐക്യമുന്നണിയുടെ കാലത്ത്, സിപിഐ(എം) -ന്റെ ചെയ്തികൾ കണ്ടിട്ട് സഖാവ് ശിബ്ദാസ്ഘോഷ് പറഞ്ഞ വാക്കുകളാണിവ. അധികാരത്തിലിരുന്ന 34 വർഷക്കാലം സിപിഐ(എം) വർഗ്ഗസമരങ്ങൾക്കും ജനകീയ പ്രക്ഷോഭങ്ങൾക്കും മറ്റ് പാർട്ടികളുടെ പ്രവർത്തനങ്ങൾക്കും എതിരെ നടത്തിയ ആക്രമണങ്ങൾ പലമടങ്ങ് വർദ്ധിച്ചു. പോലീസിന്റെ അക്രമങ്ങൾ വർദ്ധിച്ചു.

സിപിഐ(എം) ഭീകരാവസ്ഥ സൃഷ്ടിച്ചു. പോലീസിനെ സങ്കുചിത താല്പര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും തങ്ങളുടെ ചട്ടുകമാക്കി മാറ്റുകയും ചെയ്തു. അങ്ങനെ, ഇടതുപക്ഷരാഷ്ട്രീയത്തിന് ആരെങ്കിലും കൊടിയ ഹാനി വരുത്തിവച്ചിട്ടുണ്ടെങ്കിൽ അത് തൃണമൂൽ കോൺഗ്രസ്സോ മറ്റേതെങ്കിലും പ്രതിലോമശക്തിയോ അല്ല, സിപിഐ(എം) തന്നെയാണ്. അതിനാൽ, സിപിഐ(എം) നേതാക്കളോട് എനിക്ക് പറയാനുള്ളത്, അവരുടെ പ്രവർത്തകരെ അനാവശ്യമായി കുറ്റപ്പെടുത്തരുതെന്നാണ്. അവർ കണ്ണാടിയിൽ സ്വന്തം മുഖം നോക്കട്ടെ. സത്യസന്ധതയും ധൈര്യവുമുണ്ടെങ്കിൽ അവരത് തുറന്ന് സമ്മതിക്കണം. 34 വർഷത്തെ ഭരണകാലത്ത് തങ്ങൾ നിരവധി അന്യായങ്ങൾ പ്രവർത്തിച്ചുവെന്നും ഇപ്പോൾ ആ തെറ്റുകൾ തിരുത്തുകയാണെന്നും അവർ തുറന്ന് പ്രഖ്യാപിക്കട്ടെ. പക്ഷെ, വഞ്ചനയിലൂടെ അത് സാദ്ധ്യമാവുകയില്ല.

ജനങ്ങൾ തൃണമൂലിനെ എത്ര കഠിനമായാണ് വിമർശിക്കുന്നതെന്ന് നോക്കൂ. അവർ തൃണമൂലിനെതിരെ മുഖം തിരിക്കുകയാണ്. ആ പാർട്ടി സിപിഐ(എം)-ന്റെ അതേ പാത പിന്തുടരുന്നു എന്നതാണ് ജനങ്ങളുടെ വിമർശനം. സിപിഐ(എം) ചെയ്തിരുന്നതെന്താണോ അതുതന്നെ തൃണമൂലും ചെയ്യുന്നതായി ജനങ്ങൾ കാണുന്നു. തൃണമൂൽ കോൺഗ്രസ്സിന് ബദലായി ജനങ്ങൾക്ക് സിപിഐ(എം)-നെ കാണാൻ കഴിയാത്തതെന്തുകൊണ്ടാണ്? എന്തെന്നാൽ, 34 വർഷത്തെ സിപിഐ(എം) ദുർഭരണത്തിന്റെ കാലത്ത് ജനങ്ങൾക്ക് ശ്വാസം മുട്ടുകയായിരുന്നു. അതിനുത്തരവാദി സിപിഐ(എം) തന്നെയാണ്.

ബിജെപിക്ക് പശ്ചിമ ബംഗാളിൽ എന്തെങ്കിലും സ്വാധീനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനുത്തരവാദികൾ സിപിഐ(എം) നേതാക്കളാണ്. സഖാവ് ശിബ്ദാസ് ഘോഷിന്റെ മറ്റൊരു നിരീക്ഷണം നിങ്ങളെ വായിച്ചു കേൾപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. 1969-ലാണ് അദ്ദേഹം അത് പറഞ്ഞത്. ആ മഹാനായ മാർക്സിസ്റ്റ് ദാർശനികൻ എത്രമാത്രം ദീർഘവീക്ഷണമുള്ളയാളായിരുന്നുവെന്ന് നോക്കൂ. അന്ന് ബിജെപി ഉണ്ടായിരുന്നില്ല. പകരം ജനസംഘമാണുണ്ടായിരുന്നത്. സിപിഐ(എം)-നെ വിമർശിച്ചുകൊണ്ട് കടുത്ത ഉത്കണ്ഠയോടെ അദ്ദേഹം പറഞ്ഞു: “ഈ സാഹചര്യത്തിൽ, ജനസംഘത്തെപ്പോലെയുള്ള മതദേശീയവാദികൾ തക്കംപാർ

ത്തിരിക്കുകയാണ്. പറ്റിയ അവസരത്തിന് വേണ്ടി അവർ കാത്തിരിക്കുന്നു. ഇടതുപക്ഷപ്രസ്ഥാനത്തോട് ഇന്നും ജനങ്ങൾക്കിടയിലുള്ള ആകർഷണം എപ്പോഴാണോ ഇല്ലാതാകുന്നത്, അപ്പോൾ അവർ രംഗത്ത് പ്രത്യക്ഷപ്പെടും. ഭരിക്കുന്ന സിപിഐ(എം) നേതാക്കൾ ഇത് മനസ്സിലാക്കുന്നില്ല. കമ്മ്യൂണിസത്തിന്റെ പ്രത്യയശാസ്ത്രവും അടിസ്ഥാന തത്ത്വങ്ങളും കൈവെടിഞ്ഞുകൊണ്ട് അവർ, ഏതാണ്ട് കോൺഗ്രസ്സ് നേതാക്കളെപ്പോലെ തന്നെ, വാചാടോപവും മധുരത്തിൽ പൊതിഞ്ഞ സംഭാഷണങ്ങളും കൊണ്ടുള്ള കൗശലങ്ങളിലൂടെ ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുകയാണ്. അങ്ങനെ അവരിവിടെ കമ്മ്യൂണിസത്തെ അപകീർത്തിപ്പെടുത്തുകയും കമ്മ്യൂണിസത്തിന്റെ പ്രതിച്ഛായയെ കളങ്കപ്പെടുത്തുകയുമാണ്."[3] സിപിഐ(എം) കമ്മ്യൂണിസത്തിന്റെ പ്രതിച്ഛായ തകർക്കുകയും കളങ്കപ്പെടുത്തുകയുമാണെന്നും, ജനസംഘം അതിനെ മുതലെടുത്തുകൊണ്ട് സ്വന്തം ശക്തി വർദ്ധിപ്പിക്കാനുള്ള അവസരം കാത്തിരിക്കുകയാണെന്നും വർഷങ്ങൾക്കുമുമ്പ്, 1969-ൽ, സഖാവ് ശിബ്ദാസ് ഘോഷ് മുന്നറിയിപ്പ് നൽകി. അദ്ദേഹത്തിന്റെ ആ വാക്കുകൾ ഇന്നത്തെ യാഥാർത്ഥ്യവുമായി എന്തുമാത്രം പൊരുത്തപ്പെടുന്നുവെന്ന് നോക്കുക. കഴിഞ്ഞ 34 വർഷക്കാലം കൊണ്ട് സിപിഐ (എം) ഇടതുപക്ഷ രാഷ്ട്രീയത്തിന് അളവറ്റ ഹാനി വരുത്തിവയ്ക്കുകയും, അങ്ങനെ ബിജെപിക്ക് അതിന്റെ വൃത്തികെട്ട ശിരസ്സുയർത്താൻ വഴിയൊരുക്കിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. ഞാനും ഇതാണ് നിങ്ങളോട് പറയാനാഗ്രഹിക്കുന്നത്.

നമുക്ക് സിപിഐ(എം)-നോടോ മറ്റേതെങ്കിലും പാർട്ടിയോടോ വിരോധമൊന്നുമില്ല. നമ്മുടെ വിയോജിപ്പ് പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും തൊഴിലാളിവർഗ്ഗ താല്പര്യത്തിൽ നിന്നുടലെടുക്കുന്നതുമാണ്. സിപിഐ(എം) നേതാക്കൾ അവരുടെ തെറ്റുകൾ തുറന്നുസമ്മതിക്കട്ടെ. ആത്മാർത്ഥതയില്ലാത്ത ചില പ്രസ്താവനകളോ തെറ്റുകളെ വെള്ളപൂശലോ ചില നേതാക്കളെ നീക്കം ചെയ്യലോ ഒന്നുമല്ല, ആവശ്യമായിട്ടുള്ളത് നയങ്ങളിലുള്ള മാറ്റമാണ്. അവർ സമരോത്സുകമായ ഇടതുപക്ഷ രാഷ്ട്രീയത്തിലേയ്ക്ക് മടങ്ങിവരട്ടെ. അവർക്കത് സാധിക്കുമോ? സിപിഐ(എം)-ന്റെ സത്യസന്ധരായ പ്രവർത്തകരും അനുയായികളും അവരുടെ നേതൃത്വത്തോട് ഈ ചോദ്യം ചോദിക്കണം. യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടിയെന്ന

നിലയിൽ നമ്മൾ സമരോത്സുകമായ ഇടതുപക്ഷ രാഷ്ട്രീയ ലൈൻ ദീർഘകാലമായി അനുവർത്തിച്ചുവരികയാണ്. പക്ഷെ, അവർ സമരോത്സുകമായ ഇടതുപക്ഷരാഷ്ട്രീയത്തെ കളങ്കപ്പെടുത്തി. അതവർ സമ്മതിക്കുമോ? ഇല്ലെങ്കിൽ ജനങ്ങൾക്കെങ്ങനെ അവരെ വിശ്വസിക്കാൻ കഴിയും? അവരെ സംബന്ധിച്ചിടത്തോളം ഇതാണ് പരീക്ഷ. സത്യസന്ധതയും ആത്മാർത്ഥതയും വീറുറ്റ വർഗ്ഗ-ബഹുജന സമരങ്ങളും കൂടാതെ ഇടതുപക്ഷപ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ കഴിയില്ല. അസത്യം പറഞ്ഞിട്ടോ വഞ്ചനയിലൂടെയോ കൗശലങ്ങൾ പ്രയോഗിച്ചിട്ടോ അത് സാധിക്കുകയില്ല.

കൂടാതെ, അവരുടെ സത്യസന്ധരായ പ്രവർത്തകരും അനുകൂലികളും ഇടതുപക്ഷവിശ്വാസികളായ മറ്റ് ജനങ്ങളും മറ്റൊരു കാര്യം മനസ്സിലാക്കിയിരിക്കണം. അതായത്, ഇവിടെ പ്രശ്നം കേവലം സിപിഐ(എം) പാർട്ടി ചില തെറ്റുകൾ വരുത്തി എന്നതല്ല. മറിച്ച് ആ തെറ്റുകൾ എന്തു സ്വഭാവത്തിലുള്ളവയാണ് എന്ന് നിർണ്ണയിക്കപ്പെടേണ്ടിരിക്കുന്നു. സിപിഐ(എം)-ന്റെ ചെയ്തികളെല്ലാം, ഒരു സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി*യെന്ന നിലയിലുള്ള അവരുടെ വർഗ്ഗസ്വഭാവത്തിന് ചേർന്ന പ്രവൃത്തികളായിരുന്നു. പേരിൽ മാർക്സിസ്റ്റ് ലേബൽ ഉണ്ട് എന്നുള്ളതുകൊണ്ട് മാത്രം ഒരു പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയാകുമായിരുന്നെങ്കിൽ റഷ്യയിലെ മെൻഷെവിക് പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയാകുമായിരുന്നു. ലെനിന് ബോൾഷെവിക് പാർട്ടി വേറെ കെട്ടിപ്പടുക്കേണ്ടി വരുമായിരുന്നില്ല. രണ്ടാം ഇന്റർനാഷണൽ തിരുത്തൽവാദപരമായ അപചയത്തിന് ഇരയാകുകയും ചെയ്യുമായിരുന്നില്ല. അവിഭജിത സിപിഐയും പിൽക്കാലത്ത് സിപിഐ(എം)-ഉം ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളിലും അറുപതുകളിലും ബഹുജനസമരങ്ങളിൽ വഹിച്ചത് സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളെന്ന പങ്കായിരുന്നു. അതായത്, അദ്ധ്വാനത്തിനും മൂലധനത്തിനുമിടയിലെ അനുരഞ്ജക ശക്തികളെന്ന പങ്ക്. അതുപോലെ തന്നെ സിപിഐ(എം) അധികാരത്തിലേറിയപ്പോൾ, അവരുടെ സോഷ്യൽഡെമോക്രാറ്റിക് സ്വഭാവത്തിന് ചേർന്നവണ്ണം, ബൂർഷ്വാപാർട്ടികളെപ്പോലെ, ബൂർഷ്വാവർഗ്ഗ

* മുതലാളിവർഗ്ഗത്തിനും തൊഴിലാളിവർഗ്ഗത്തിനും ഇടയിൽ ചാഞ്ചാടുകയും തൊഴിലാളിവർഗ്ഗ വിപ്ലവപ്രസ്ഥാനത്തിന് ഹാനിവരുത്തിക്കൊണ്ട് മുതലാളിവർഗ്ഗത്തെ സേവിക്കുകയും ചെയ്യുന്ന പാർട്ടി

ത്തിന്റെ താല്പര്യാർത്ഥം പ്രവർത്തിച്ചു. അതിനാൽ, കമ്മ്യൂണിസ ത്തോട് ആഭിമുഖ്യമുള്ളവർ അനിവാര്യമായും ആ പാർട്ടിയെപ്പറ്റി നിരാശരാകുകയും അവരെ ഉപേക്ഷിക്കുകയും ചെയ്യും. പക്ഷെ, അവർ അതേസമയംതന്നെ ശരിയായ മാർക്സിസ്റ്റ് പാർട്ടിയെ കണ്ടെത്തി ശക്തിപ്പെടുത്തേണ്ടതുണ്ട്. കമ്മ്യൂണിസവും ഇടതുപക്ഷ രാഷ്ട്രീയവും ശക്തിപ്പെടണമെന്ന് അവർ ആത്മാർത്ഥമായി ആഗ്ര ഹിക്കുന്നുവെങ്കിൽ, അവർ ദീർഘകാലം ആ പാർട്ടിയിൽ പ്രവർത്തി ച്ചതുമൂലം ഉണ്ടാകാവുന്ന അന്ധമായ വികാരത്തിന് അടിപ്പെട്ടുപോ വുകയോ നിരാശരാകുകയോ ചെയ്യരുത്.

## ബിജെപി കുത്തകമുതലാളിത്തത്തിന്റെ ദാസന്മാർ

ബിജെപിയെപ്പറ്റിയുള്ള എന്റെ അഭിപ്രായങ്ങൾ ഞാൻ പറഞ്ഞു കഴിഞ്ഞു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് കുത്തക കളും വിദേശമുതലാളിമാരും കോർപ്പറേറ്റ് മേഖലയും ബിജെപിയെ അധികാരത്തിലേറ്റാൻ തീരുമാനിച്ചിരുന്നു. ഇക്കാലമത്രയും അവർ ക്കുവേണ്ടി പ്രവൃത്തിയെടുത്തിരുന്ന കോൺഗ്രസ്സിനെക്കൊണ്ട് തൽക്കാലം പ്രയോജനമില്ലെന്ന കണക്കുകൂട്ടലിന്റെ അടിസ്ഥാന ത്തിലായിരുന്നു അത്. അങ്ങനെ അവർ ബിജെപിക്ക് വേണ്ടി ഭീമ മായ തുക മുടക്കി പ്രചാരണം നടത്തി. ഗുജറാത്തിലെ വംശഹത്യ യുടെ സൂത്രധാരനെന്ന് കരുതപ്പെടുന്നയാളാണ് നരേന്ദ്രമോദി. നിര പരാധികളുടെ രക്തം പുരണ്ട കൈകളാണ് അദ്ദേഹത്തിന്റേത്. ആ വ്യക്തി മാധ്യമപ്രചാരണത്തിലൂടെ ഒരു സുപ്രഭാതത്തിൽ രാജ്യ ത്തിന്റെ രക്ഷകനായി അവതരിപ്പിക്കപ്പെട്ടു. ഇങ്ങനെയാണ് ബൂർഷ്വാസി ഞൊടിയിടയിൽ നേതാക്കന്മാരെ സൃഷ്ടിക്കുന്നത്. അധികാരത്തിലേറിക്കഴിഞ്ഞാൽ ബൂർഷ്വാസിയുടെയും കുത്തക കളുടെയും ആജ്ഞകൾ അക്ഷരംപ്രതി നിറവേറ്റിക്കൊള്ളാമെന്ന് ബിജെപി അവരുമായി കരാറിലേർപ്പെട്ടു. അധികാരലബ്ധിയെത്തു ടർന്ന് അവർ ചെയ്തുകൊണ്ടിരിക്കുന്നത് കൃത്യമായും അതാണ്. അതേസമയം, ബിജെപിക്ക് ആശയപരമായി രക്ഷാകർതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ആർഎസ്എസിന് വിദ്യാഭ്യാസ-സാംസ് കാരിക രംഗങ്ങളിലും ആശയമണ്ഡലത്തിലും അവരുടെ ഹിന്ദുത്വ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ള അവസരം ലഭിച്ചിരിക്കുന്നു.

ബിജെപി ഒറ്റയടിക്ക് പ്രതിരോധവും റെയിൽവേയും ഇൻഷുറൻസു മുൾപ്പെടെയുള്ള മേഖലകളിൽ നേരിട്ടുള്ള വിദേശനിക്ഷേപം, കൂടു തൽ പൊതുമേഖലകളുടെ സ്വകാര്യവല്ക്കരണം തുടങ്ങിയ നടപ ടികളുടെ ഒരു പരമ്പര തന്നെ നടപ്പിൽവരുത്തി. കോൺഗ്രസ്സും രാഷ്ട്രീയ തീരുമാനപ്രകാരമുള്ള നടപടികളെന്ന നിലയിൽ ഇതെല്ലാം നടപ്പിലാക്കാൻ ശ്രമിച്ചിരുന്നതാണ്. എന്നാൽ സഖ്യക ക്ഷികൾ സൃഷ്ടിച്ചിരുന്ന തടസ്സങ്ങൾ മൂലം എല്ലാം നടപ്പിലാക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ബിജെപി റെയിൽവേ യാത്രക്കൂലിയും ചരക്കുകൂലിയും ഒറ്റയടിക്ക് ഭീമമായി വർദ്ധിപ്പിച്ചു. ജനക്ഷേമത്തിന് വേണ്ടി പരിമിതമായെങ്കിലും ഏർപ്പെടുത്തിയിരുന്ന സബ്സിഡി കൾ ബിജെപി പിൻവലിക്കുകയാണ്. ഇന്ധനവിലകൾ വർദ്ധിപ്പി ക്കുന്നു. ചില കയ്പുള്ള ഗുളികകൾ കഴിച്ചേ തീരൂവെന്ന് പറ ഞ്ഞാണ് അവർ ജനങ്ങളുടെ മേൽ ഇതെല്ലാം അടിച്ചേല്പിക്കുന്നത്. കയ്പുള്ള കൂടുതൽ ഗുളികകൾ ഇനിയും വരാനിരിക്കുന്നു. ബിജെ പിയുടെ ധനകാര്യമന്ത്രി ഒരു പുതിയ സിദ്ധാന്തം അവതരിപ്പിച്ചി രിക്കുന്നു. 'ബിസിനസ്സിന് അനുകൂലമായിരിക്കുകയെന്നാൽ പാവങ്ങൾക്ക് അനുകൂലമായിരിക്കുക എന്നു തന്നെയാണർത്ഥം' എന്നതാണ് ആ സിദ്ധാന്തം. സമ്പന്നരുടെ പണച്ചാക്കുകൾ എത്ര വീർക്കുന്നുവോ അത്രയും ഗുണം പാവങ്ങൾക്ക് കിട്ടും എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പണക്കാർ കാരുണ്യം തോന്നി പാവ ങ്ങൾക്ക് ഭിക്ഷ നൽകുമത്രേ. സമ്പന്നർ സമ്പന്നരായത് പാവ ങ്ങൾക്ക് അവകാശപ്പെട്ടത് അപഹരിച്ചിട്ടാണെന്ന് സാധാരണ ജന ങ്ങൾക്കറിയാം. തൊഴിലാളികളെ ചൂഷണം ചെയ്താണ് മുതലാളി മാർ ലാഭമുണ്ടാക്കുന്നത്. എന്നാൽ ബിജെപിയും അവരുടെ മന്ത്രിയും പറയുന്നത് മുതലാളിമാർക്ക് എന്തുമാത്രം ലാഭമുണ്ടാ കുമോ അത്രയും കണ്ട് പാവങ്ങൾക്ക് മെച്ചമുണ്ടാകുമെന്നാണ്. ബിസിനസ്സിനനുകൂലമെന്നാൽ പാവങ്ങൾക്കനുകൂലം എന്ന സിദ്ധാ ന്തത്തിന്റെ സാരാംശം ഇതാണ്. ഇതിനെപ്പറ്റി ചില കാര്യങ്ങൾ കൂടി ഞാൻ പിന്നീട് പറയാം.

## ബിജെപി ഉയർത്തുന്ന ഫാസിസ്റ്റ് വിപത്ത്

രണ്ടാം ലോകയുദ്ധാനന്തരം, ജർമ്മനിയുടെയും ഇറ്റലിയുടെയും പരാജയത്തോടെ ഫാസിസം പരാജയപ്പെട്ടിരിക്കുന്നുവെന്ന വാദം പ്രചാരം നേടിയപ്പോൾ സഖാവ് ശിബ്ദാസ് ഘോഷ് അതിനോട്

വിയോജിക്കുകയുണ്ടായി. ജർമ്മനിയുടെയും ഇറ്റലിയുടെയും പതനത്തിന് ഫാസിസം പരാജയപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്ന് അർത്ഥമില്ല എന്നദ്ദേഹം അഭിപ്രായപ്പെട്ടു. വികസിതമോ അവികസിതമോ ആയ എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളിലെയും ഒരു സാമാന്യസ്വഭാവമായി ഫാസിസം പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ചൂണ്ടിക്കാട്ടി: മൂലധനം ഇന്നത്തേതുപോലെ കുത്തകകളുടെ കൈയിൽ കേന്ദ്രീകൃതമായിത്തീർന്നിട്ടില്ലാതിരുന്ന കാലത്ത്, ചെറുകിട മൂലധനം മാത്രം നിലനിൽക്കുകയും സ്വതന്ത്രമത്സരം പ്രാബല്യത്തിലിരിക്കുകയുംചെയ്തിരുന്ന കാലത്ത്, മുതലാളിത്തം ഉദാര ജനാധിപത്യത്തിനുവേണ്ടി നിലകൊണ്ടു. കുത്തക പ്രത്യക്ഷപ്പെടുകയും മൂലധനത്തിന്റെ കേന്ദ്രീകരണം സംഭവിക്കുകയും ചെയ്തതോടെ ആ ഉദാരജനാധിപത്യം തിരോഭവിച്ചു. ഈ കുത്തകമൂലധനമാണ് ഫാസിസത്തിന്റെ സാമ്പത്തികാടിത്തറ. അധികാരം ഭരണസംവിധാനത്തിന്റെയും ഉദ്യോഗസ്ഥമേധാവിത്വത്തിന്റെയും പക്കൽ കേന്ദ്രീകരിക്കപ്പെടുന്നത് ഫാസിസത്തിന്റെ രാഷ്ട്രീയ സ്വഭാവവിശേഷവുമാണ്. ഫാസിസത്തിൻ കീഴിൽ ശാസ്ത്രീയ കാഴ്ചപ്പാടോ യുക്തിസഹമായ ചിന്തയോ സ്വതന്ത്രമായ സംവാദത്തിനുള്ള അവസരമോ ഉണ്ടാവുകയില്ല, മറിച്ച് മതത്തിന്റേതുപോലെയുള്ള അന്ധമായ വിശ്വാസത്തിനു മാത്രമേ സ്ഥാനമുണ്ടാവുകയുള്ളു എന്നും സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടുകയുണ്ടായി. യന്ത്രങ്ങളും ആയുധങ്ങളും ഉൽപ്പാദിപ്പിക്കാൻ വേണ്ടി മാത്രമായിരിക്കും ശാസ്ത്രത്തെ ഉപയോഗപ്പെടുത്തുക. ചിന്താമണ്ഡലത്തിൽ ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളുടെയും ആത്മീയവാദത്തിന്റെയും ലയനം സൃഷ്ടിക്കും. ഇതാണ് ഫാസിസ്റ്റ് സംസ്കാരം. രാജ്യത്ത് ഫാസിസം ആവിഷ്കരിക്കാൻ ആദ്യം ആരംഭിച്ചത് കോൺഗ്രസ്സ് ആയിരുന്നു. ഇന്ന് ഈ പദ്ധതി ആർഎസ്എസ്-ബിജെപിയിലൂടെ കൂടുതൽ ശക്തമായും ഭീഷണമായും നടപ്പിലാക്കാൻ ശ്രമിക്കുകയാണ് ഇൻഡ്യൻ മുതലാളിത്തം.

## ആർഎസ്എസിന്റെ ആശയങ്ങൾ നവോത്ഥാന നായകന്മാരുടെ ആദർശങ്ങൾക്ക് വിരുദ്ധം

ഇപ്പോൾ പാഠ്യപദ്ധതിയിൽ വേദഗണിതവും ഭഗവത്ഗീതയുടെ ഭാഗങ്ങളും വേദാന്തവും ഉൾപ്പെടുത്തുകയാണ്. ഗുജറാത്തിലും

മദ്ധ്യപ്രദേശിലും അതിന് തുടക്കമിട്ടുകഴിഞ്ഞു. ഗീതയും രാമായണവും മഹാഭാരതവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഒരു ജഡ്ജിയും ഉപദേശിച്ചിരിക്കുന്നു. എന്നാൽ, യുഗങ്ങളുടെ പഴക്കമുള്ളതും കാലഹരണപ്പെട്ടതുമായ ആചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും മദ്ധ്യകാലഘട്ടത്തിന്റേതായ ഇരുട്ടിന്റെയും പിടിയിലായിരുന്ന ഇൻഡ്യൻ സമൂഹത്തെ അറിവിന്റെ വെളിച്ചത്തിലേയ്ക്ക് ആനയിച്ചത്, നവോത്ഥാനത്തിന്റെ പുലരിയിൽ രാജാ റാം മോഹൻ റായ് ആയിരുന്നുവെന്ന് നിങ്ങൾക്കറിയാം. അദ്ദേഹം പറഞ്ഞു: "ഈ രാജ്യത്തെ ഇരുട്ടിൽ തളച്ചിടുകയെന്നതാണ് ബ്രിട്ടീഷ് നിയമനിർമ്മാണസഭയുടെ നയമെങ്കിൽ, അതിന് ഏറ്റവും യോജിച്ച ഒന്നാണ് സംസ്കൃത വിദ്യാഭ്യാസ സമ്പ്രദായം. എന്നാൽ, തദ്ദേശീയ ജനതയുടെ പുരോഗതിയാണ് ഗവണ്മെന്റിന്റെ ഉദ്ദേശ്യം എന്നതിനാൽ ഗവണ്മെന്റ്, ഗണിതവും പ്രകൃതി തത്ത്വചിന്തയും രസതന്ത്രവും ശരീരഘടനാശാസ്ത്രവും, ഒപ്പം ഉപയോഗപ്രദമായ മറ്റ് ശാസ്ത്രങ്ങളും, ഉൾപ്പെടുന്നതും കൂടുതൽ ഉദാരവുമായ ഒരു ബോധനസമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കും. കാണുന്ന വസ്തുക്കൾക്കൊന്നും യഥാർത്ഥത്തിലുള്ള നിലനില്പില്ലെന്ന് പഠിപ്പിക്കുന്ന വേദാന്ത തത്ത്വത്തിലൂടെ യുവാക്കൾ സമൂഹത്തിലെ മെച്ചപ്പെട്ട അംഗങ്ങളായിത്തീരുകയുമില്ല. ഗവണ്മെന്റ്, ഇൻഡ്യയിൽ നിലനിന്നുവരുന്ന തരത്തിലുള്ള വിജ്ഞാനം പകർന്നു നൽകുന്നതിനായി ഹിന്ദു പണ്ഡിറ്റുകളുടെ കീഴിൽ സംസ്കൃതം സ്കൂളുകൾ തുടങ്ങുന്നതായാണ് ഇപ്പോൾ കാണുന്നത്. രണ്ടായിരം കൊല്ലം മുമ്പ് അറിയാമായിരുന്ന കാര്യങ്ങൾ, ഊഹാപോഹങ്ങൾ നടത്തുന്നതിൽ സമർത്ഥരായ ചിലർ പിന്നീട് സൃഷ്ടിച്ച വ്യർത്ഥവും അർത്ഥശൂന്യവുമായ വ്യാഖ്യാനങ്ങൾ സഹിതം, ആണ് അവിടെ വിദ്യാർത്ഥികൾക്ക് ലഭിക്കാൻ പോകുന്നത്".[4] രാജാ റാംമോഹന്റെ വാക്കുകളാണിവ. അദ്ദേഹം സംസ്കൃതവും വേദാന്തവും പഠിപ്പിക്കുന്നതിന് എതിരായിരുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. ആർഎസ്എസ് -ബിജെപിയുടെ അഭിപ്രായങ്ങൾ രാജാ റാംമോഹന്റെ പാഠങ്ങൾക്കെതിരാണ്. റാംമോഹന്റെ കാല്പാടുകളെ പിന്തുടർന്നാണ് വിദ്യാസാഗർ വന്നത്. വിദ്യാസാഗർ ഏതാനും ചുവടുകൾ കൂടി മുന്നോട്ടുവച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "ചില കാരണങ്ങളാൽ... സംസ്കൃതകോളേജിൽ വേദാന്തവും സാംഖ്യവും തുടർന്നും പഠിപ്പിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. എന്നാൽ, വേദാന്തവും

സാംഖ്യവും തെറ്റായ തത്ത്വചിന്താപദ്ധതികളാണെന്നത് ഇപ്പോൾ നിസ്തർക്കമായ കാര്യമാണ്."[5] നോക്കൂ, വിദ്യാസാഗർ പറഞ്ഞത് "വേദങ്ങളും വേദാന്തവും തെറ്റായ ദാർശനിക പദ്ധതികളാണ്" എന്നാണ്. അവ പഠിപ്പിക്കാൻ അദ്ദേഹത്തിന് താല്പര്യമുണ്ടായിരുന്നില്ല. പക്ഷെ, അതിനദ്ദേഹം നിർബ്ബന്ധിതനാവുകയായിരുന്നു. ശ്രീരാമകൃഷ്ണ പരമഹംസർ വിദ്യാസാഗറിന്റെ വീട്ടിൽ ചെന്ന് അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. വിവേകാനന്ദന് വിദ്യാസാഗറിനോട് അഗാധമായ ആദരവുണ്ടായിരുന്നു. പൂർവ്വേന്ത്യയിൽ താൻ ഉൾപ്പെടെയുള്ള യുവാക്കൾ ഒന്നടങ്കം വിദ്യാസാഗറിൽ നിന്ന് പ്രചോദനമുൾക്കൊണ്ടവരാണെന്ന് വിവേകാനന്ദൻ തന്നെ പറഞ്ഞിട്ടുണ്ട്. വിദ്യാസാഗർ വേദ-വേദാന്തങ്ങളെ തെറ്റായ തത്ത്വചിന്താപദ്ധതികൾ എന്ന് വിശേഷിപ്പിച്ചിട്ടുള്ള കാര്യം വിവേകാനന്ദന് അറിയാമായിരുന്നു. വിദ്യാസാഗർ നിരീശ്വരവാദിയായിരുന്നുവെന്നും വിവേകാനന്ദന് അറിയാമായിരുന്നു. വേദാന്തവും സാംഖ്യവും തെറ്റായ തത്ത്വചിന്താപദ്ധതികളാണെന്നും, മതപരമായ ആശയങ്ങൾ തെറ്റാണെന്നുമായിരുന്നു വിദ്യാസാഗറിന്റെ അഭിപ്രായം. അദ്ദേഹം പറഞ്ഞു: "വേദവും വേദാന്തവും തെറ്റായ തത്ത്വചിന്താ പദ്ധതികളാണെന്ന് മനസ്സിലാക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്ന യൂറോപ്യൻ തത്ത്വചിന്ത അവരെ പഠിപ്പിക്കണം."[33] അദ്ദേഹം പറയുകയുണ്ടായി: "സംസ്കൃതം കോഴ്സിന്റെ ഭാഗമായി അവ (വേദാന്തവും സാംഖ്യവും - പരിഭാഷകൻ) പഠിപ്പിക്കുമ്പോൾത്തന്നെ, അവയുടെ സ്വാധീനത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി, ഇംഗ്ലീഷ്കോഴ്സിന്റെ ഭാഗമായി ശരിയായ തത്ത്വചിന്ത കൊണ്ട് നാം അവയെ എതിർക്കുകയും വേണം... ഇൻഡ്യയിലെ പഠിപ്പുള്ളവരുടെയിടയിലുള്ള അന്ധവിശ്വാസങ്ങൾ അറേബ്യയിലെ ഖലീഫയുടേതിനെക്കാൾ ഒട്ടും കുറഞ്ഞവയല്ല എന്ന് പറയേണ്ടി വരുന്നതിൽ എനിക്ക് ലജ്ജയുണ്ട്. അവരുടെ ശാസ്ത്രങ്ങൾ എല്ലാം സർവ്വജ്ഞരായ ഋഷിമാരിൽ നിന്ന് ഉടലെടുത്തവയാണെന്നും, അതിനാൽ അവയിൽ ഒരു തെറ്റും ഉണ്ടാവുക സാദ്ധ്യമല്ലെന്നും അവർ വിശ്വസിക്കുന്നു."[5] ഇങ്ങനെയാണ് വിദ്യാസാഗർ മതഗ്രന്ഥങ്ങൾക്കെതിരെ പറഞ്ഞത്. അദ്ദേഹം പറഞ്ഞു: "ബംഗാളിയും ഇംഗ്ലീഷും — ഈ രണ്ട് ഭാഷകളും അറിയുന്നവരും, അതേസമയംതന്നെ മതപരമായ മുൻവിധികളിൽ നിന്ന് മുക്തി നേടിയവരുമായ അദ്ധ്യാപകരെ നമുക്കാവശ്യമുണ്ട്."[6]

ഇതാണ് പണ്ഡിറ്റ് ഈശ്വരചന്ദ്ര വിദ്യാസാഗർ. അദ്ദേഹം തന്നെ നാല് പാഠപുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ദൈവത്തെക്കുറിച്ചുള്ള ഒരു ചർച്ചയും ആ പുസ്തകങ്ങളിലില്ല. അദ്ദേഹം ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. അദ്ദേഹം ഉപദേശിച്ചു: "ഭൂമിശാസ്ത്രം, ചരിത്രം, ജീവചരിത്രം, ഗണിതം, ജ്യാമിതി, പ്രകൃതി തത്ത്വചിന്ത, അർത്ഥശാസ്ത്രം, ശരീരധർമ്മശാസ്ത്രം എന്നിവയാണ് പഠിപ്പിക്കേണ്ടത്."[6] ഈ രാജ്യത്തെ എല്ലാ മഹാന്മാരും ആരുടെ മുമ്പിലാണോ അത്യാദരപൂർവ്വം ശിരസ്സ് നമിച്ചിരുന്നത് ആ വിദ്യാസാഗറിന്റെ കാഴ്ചപ്പാട് ഇത്തരത്തിലായിരുന്നു. ഇൻഡ്യൻ നവോത്ഥാനത്തിന്റെ നായകന്മാരായിരുന്ന റാംമോഹനും ഈശ്വരചന്ദ്ര വിദ്യാസാഗറും മതവിദ്യാഭ്യാസത്തെ എതിർക്കുകയും, പ്രകൃതി തത്ത്വചിന്തയുടെയും ശാസ്ത്രപഠനത്തിന്റെയും പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തിരുന്നുവെന്ന് കാണാൻ കഴിയും. പക്ഷെ, കോൺഗ്രസ്സ് അതിന് നേരെ വിപരീതമായാണ് പ്രവർത്തിച്ചത്. ഇപ്പോൾ ആർഎസ്എസും ബിജെപിയും കോൺഗ്രസ്സിന്റെ തെറ്റായ നിലപാടിന് കൂടുതൽ വ്യാപ്തി നൽകുകയാണ്.

രവീന്ദ്രനാഥ് ടാഗോർ ഒരു വിശ്വാസിയായിരുന്നുവെങ്കിൽപ്പോലും അദ്ദേഹം ഇങ്ങനെ പറഞ്ഞു: "മതം നൽകുന്ന മിഥ്യാബോധം മനുഷ്യന്റെ ചൈതന്യം കെടുത്തുന്നു. അത് അവന്റെ ബുദ്ധിയെ രക്തത്തിലും മാംസത്തിലും അലിഞ്ഞുചേർന്ന അർത്ഥശൂന്യവും ജഡവുമായ പെരുമാറ്റത്തിന്റെ കെട്ടുപാടുകളിൽപ്പെടുത്തുന്നു. ബുദ്ധി ബന്ധനസ്ഥമായിരിക്കുന്നിടത്ത് മനുഷ്യത്വം ഞെരിച്ചമർത്തപ്പെടുന്നു. അത്തരത്തിലുള്ള ഭാഗ്യഹീനമായ രാജ്യത്ത് ഭൗതികവും മാനസികവും രാഷ്ട്രീയവുമായ എല്ലാ ദൗർഭാഗ്യങ്ങളും വിശദീകരണമില്ലാതെയും സ്ഥായിയായും നിലനിൽക്കുന്നു."[7] ശരത്ചന്ദ്ര ചാറ്റർജി പറഞ്ഞു: "ഒരു മതഗ്രന്ഥത്തിനും അപ്രമാദിത്വമുണ്ടാവുക സാദ്ധ്യമല്ല. വേദവും മതഗ്രന്ഥമാണ്. അതിനാൽ അതിലും അബദ്ധങ്ങൾക്ക് ഒരു കുറവുമില്ല... എല്ലാ മതങ്ങളും കപടമാണ് — പ്രാകൃതയുഗങ്ങളിലെ അന്ധവിശ്വാസങ്ങൾ. മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം, അതിലും വലിയ ശത്രുവില്ല... മനുഷ്യൻ ഏതെങ്കിലും പ്രത്യേക രാജ്യത്തിന്റെ സവിശേഷമായ പാരമ്പര്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനല്ല. മനുഷ്യൻ മൂലമാണ് പാരമ്പര്യ സവിശേഷതകൾ വിലമതിക്കപ്പെടുന്നത്. ആ പാരമ്പര്യം ഇന്ന് മനുഷ്യരാശിക്ക് ഗുണകരമാണോ എന്നതാണ് കാതലായ പ്രശ്നം. അതൊ

ഴികെ മറ്റെല്ലാം അന്ധമായ മിഥ്യാധാരണകളാണ്. മനുഷ്യന്റെ പാരമ്പര്യം മനുഷ്യനെക്കാൾ വലുതല്ല. അത് മറക്കുമ്പോൾ നമുക്ക് മനുഷ്യനെയും നഷ്ടപ്പെടുന്നു, അവന്റെ പാരമ്പര്യത്തെയും നഷ്ടപ്പെടുന്നു."[8] ആ നാളുകളിലെ നവോത്ഥാനത്തിന്റെ ധീരമായ ശബ്ദമാണിത്. എന്നാൽ കോൺഗ്രസ്സും അതേപോലെതന്നെ ആർഎസ്എസും ബിജെപിയും, ഒരു ഫാസിസ്റ്റ് മനോഘടന സൃഷ്ടിക്കുന്നതിനു വേണ്ടി, ഈ മഹാന്മാരായ നവോത്ഥാന നായകന്മാരുടെ ചിന്തകളെ എതിർക്കുകയാണ്.

## സുഭാഷ്ചന്ദ്ര ബോസ് പറഞ്ഞത്

ഇനി ഞാൻ മറ്റൊരു സംഭവം പറയാം. രണ്ടാം ലോകയുദ്ധത്തിന് തൊട്ടുമുമ്പായി സുഭാഷ്ബോസ് ഇൻഡ്യ വിടുന്നതിന് മുമ്പ് അദ്ദേഹം വീട്ടുതടങ്കലിലായിരുന്നു. അതിന് മുമ്പ് ആലിപ്പൂർ ജയിലിലും. ജയിലിൽ വച്ച് ചില ആവശ്യങ്ങളുന്നയിച്ചുകൊണ്ട് അദ്ദേഹം മരണം വരെ നിരാഹാരസമരം ആരംഭിച്ചു. ബ്രിട്ടീഷുകാർ തന്റെ ആവശ്യങ്ങൾ അംഗീകരിക്കുകയില്ല എന്നായിരുന്നു അദ്ദേഹം വിചാരിച്ചിരുന്നത്. അതിനാൽ, താനും ജതിൻദാസിനെപ്പോലെ രക്തസാക്ഷിത്വം വരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. ആ നാളുകളിൽ അദ്ദേഹം രണ്ട് ലേഖനങ്ങൾ എഴുതുകയുണ്ടായി. തന്റെ പാർട്ടിയുടെ പ്രവർത്തകർക്കുള്ള നിർദ്ദേശമായിരുന്നു അതിലൊന്ന്. മറ്റേത് ഇൻഡ്യയിലെ യുവജനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശവും. സുഭാഷ്ബോസ് ആദ്യനാളുകളിൽ വേദാന്തവിശ്വാസിയായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹം വിവേകാനന്ദന്റെ ആശയങ്ങളിലേയ്ക്ക് വളരെയേറെ ആകൃഷ്ടനായിരുന്നു. ഭൗതികവാദത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നില്ല. എന്നാൽ, പിൽക്കാലത്ത് അദ്ദേഹം ഹെഗലിയൻ ദ്വന്ദ്വവാദത്തിന്റെ ഭാഗത്തേയ്ക്ക് ക്രമേണ ചായുകയുണ്ടായി. അദ്ദേഹം എഴുതി: "പ്രതിഭാസങ്ങളുടേതായ ലോകത്തിന്റെ സ്വഭാവം എന്തെന്ന പ്രശ്നത്തെ സംബന്ധിച്ചിടത്തോളം, ശാസ്ത്രം ഇന്നോളം വെളിപ്പെടുത്തിയ കാര്യങ്ങൾ കണക്കിലെടുക്കുകയും, തുറന്ന മനസ്സോടുകൂടിയുള്ള ഒരു സമീപനം സ്വീകരിക്കുകയും ചെയ്യുന്നതാണ് നല്ലത്. ശാസ്ത്രം മുന്നേറുന്നതിനനുസരിച്ച് കൂടുതൽ വെളിച്ചം ലഭിക്കുമെന്നുറപ്പാണ്. അതേസമയംതന്നെ, ഭൗതികവാദത്തിന്റെ

പഴയ ധാരണ പൂർണ്ണമായും തകർന്നിരിക്കുന്നുവെന്ന് നാം ഓർക്കണം. അത്, ഒരുവശത്ത് ശാസ്ത്രീയ ഗവേഷണങ്ങളുടെയും മറുവശത്ത് ദാർശനികമായ യുക്തിവിചാരത്തിന്റെയും സങ്കല്പങ്ങളുടെയും ആക്രമണത്തിന് വിധേയമായിരുന്നു."[9] ആദ്യകാലത്ത് അദ്ദേഹം ഭൗതികവാദത്തിൽ വിശ്വസിച്ചിരുന്നില്ല എന്ന് ഇത് കാണിക്കുന്നു. എന്നാൽ ഭൗതികവാദത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസരാഹിത്യം തെറ്റായിരുന്നുവെന്ന്, ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളുടെയും യുക്തിചിന്തയുടെയും വെളിച്ചത്തിൽ പിന്നീട് തെളിയിക്കപ്പെട്ടുവെന്നും. ഇൻഡ്യയിലെ യുവജനതയ്ക്ക്, ചെറുപ്പത്തിൽ തനിക്ക് സംഭവിച്ചതുപോലെ തെറ്റുപറ്റരുത് എന്ന് കരുതിയാണ് അദ്ദേഹം ഈ വരികൾ എഴുതിയത്. ശഹീദ് ഭഗത്സിംഗ് യുവജനങ്ങളെ മതത്തിന്റെ സ്വാധീനത്തിൽ നിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി, "ഞാനൊരു നിരീശ്വരവാദിയാണ്, എന്തുകൊണ്ട്?" എന്ന കൃതി രചിക്കുകയുണ്ടായി. ഭഗത്സിംഗ് കഴുമരത്തിലേറുന്നതിനു മുമ്പ് പ്രായമായ ഒരു സഹ തടവുകാരൻ അദ്ദേഹത്തെ ഉപദേശിച്ചു: "താങ്കൾ ഇത്രയും നാൾ ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. ഇപ്പോൾ, കഴുമരത്തിലേറുന്നതിന് മുമ്പ് ദയവായി ഗീത വായിക്കുക." ഭഗത്സിംഗ് പുഞ്ചിരിയോടുകൂടി മറുപടി പറഞ്ഞു: "എന്റെ ഗീത മഹാനായ ലെനിന്റെ കൃതികളാണ്. അത് ഞാൻ വായിച്ചുകഴിഞ്ഞു." ബിജെപി പറയുന്നതും ചെയ്യാൻ തുനിയുന്നതുമായ കാര്യങ്ങൾ റാംമോഹനും വിദ്യാസാഗറും രവീന്ദ്രനാഥ് ടാഗോറും ശരത്ചന്ദ്രചാറ്റർജിയും സുഭാഷ്ചന്ദ്രബോസും ഭഗത്സിംഗും പറഞ്ഞതിന് തികച്ചും വിപരീതമായതുകൊണ്ടാണ് ഞാൻ ഇതെല്ലാം ചൂണ്ടിക്കാട്ടുന്നത്. അപ്പോൾ ഇതിൽ ആരെയാണ് നാം അനുഗമിക്കേണ്ടത്? നിങ്ങൾ മാർക്സിസത്തെയോ ഞങ്ങളുടെ പാർട്ടിയെയോ സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽപ്പോലും, പശ്ചിമ ബംഗാളിലെ, ഇൻഡ്യയിലെ, പൗരന്മാരെന്ന നിലയിൽ ചിന്തിക്കണം: ഈ മഹാന്മാരെ നിരാകരിച്ചിട്ട് നാം പൊയ്പ്പോയ ആ ഇരുളടഞ്ഞ നാളുകളിലേയ്ക്ക് മടങ്ങിപ്പോകണമോ? വേദങ്ങളും വേദാന്തവും മനുസ്മൃതിയും അപ്രമാദങ്ങളാണെന്ന് കരുതപ്പെട്ടിരുന്ന ആ നാളുകളിലേയ്ക്ക് നാം മടങ്ങിപ്പോകണമോ? ഈ കാലഹരണപ്പെട്ട ആശയങ്ങൾക്കെതിരെയാണ് റാംമോഹനും വിദ്യാസാഗറും രവീന്ദ്രനാഥും ശരത്ചന്ദ്രനും സുഭാഷ്ചന്ദ്രനും നസ്രുൾ ഇസ്ലാമും പോരാട്ടം നടത്തിയത്. ഇവിടെ നാം ഏത് മാർഗ്ഗം അവലംബിക്കണം?

ആർഎസ്എസ്-ബിജെപി ഈ രാജ്യത്തെ ഏത് മാർഗ്ഗത്തിലാണ് നയിച്ചുകൊണ്ടിരിക്കുന്നത്? ഫാസിസ്റ്റ് ചിന്തകൾക്ക് അടിത്തറയിടാൻ വേണ്ടിയുള്ള പദ്ധതികളാണിതെല്ലാം. ഈ വിഷയം നിങ്ങൾ ഗാഢമായി ചിന്തിക്കണം.

## ആരാണ് യഥാർത്ഥ ഹിന്ദു? വിവേകാനന്ദനോ, ആർഎസ്എസ്-ബിജെപിയോ?

ബിജെപിയും ആർഎസ്എസും സ്വാമി വിവേകാനന്ദന്റെ ചിത്രം അലങ്കരിച്ചുവയ്ക്കുകയും, വിവേകാനന്ദന്റെ അനുയായികളായി സ്വയം അവകാശപ്പെടുകയും ചെയ്യുന്നു. എന്നാൽ യാഥാർത്ഥ്യമെന്താണ്? ആർഎസ്എസിന്റെ സിദ്ധാന്തകാരനായ ഗോൾവർക്കർ എഴുതി: "അതിനാൽ, ഹിന്ദുസ്ഥാനിലെ വിദേശ വംശക്കാർ, ഒന്നുകിൽ ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കണം; ഹിന്ദുമതത്തെ ബഹുമാനിക്കാനും ഭക്ത്യാദരപൂർവ്വം കാണാനും പഠിക്കണം; ഹിന്ദുവംശത്തെയും സംസ്കാരത്തെയും, അതായത് ഹിന്ദു രാഷ്ട്രത്തെ, മഹത്വവൽക്കരിക്കുന്നതല്ലാത്ത യാതൊരുവിധ ആശയവും വച്ചുപുലർത്താൻ പാടില്ല; ഹിന്ദുവംശത്തിൽ ലയിച്ചുചേരുന്നതിനായി തങ്ങളുടെ വേറിട്ട നിലനില്പ് ഉപേക്ഷിക്കണം. അതല്ലെങ്കിൽ, ഹിന്ദുരാഷ്ട്രത്തിന് പൂർണ്ണമായും കീഴ്പ്പെട്ട്, യാതൊന്നും അവകാശപ്പെടാതെയും വിശേഷാവകാശങ്ങൾക്കോ പ്രത്യേകപരിഗണനയ്ക്കോ പോകട്ടെ പൗരാവകാശങ്ങൾക്കു പോലും അവകാശമില്ലാതെയും ഈ രാജ്യത്ത് ജീവിച്ചുകൊള്ളണം."[10] ഹിന്ദുക്കളല്ലാത്തവർ ഹിന്ദുമതത്തെയും ഹിന്ദുസംസ്കാരത്തെയും ഹിന്ദുഭാഷയെയും, അതായത് സംസ്കൃതത്തെയും, ബഹുമാനിച്ചുകൊള്ളണം എന്നാണ് അതിനർത്ഥം. അല്ലെങ്കിൽ അവർക്ക് ഈ രാജ്യത്ത് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. അതാണ് ആർഎസ്എസ് മേധാവി ഗോൾവർക്കറുടെ കല്പന. ഫാസിസ്റ്റ് ഹിറ്റ്ലറെ രവീന്ദ്രനാഥും ഐൻസ്റ്റീനും ബർണാഡ് ഷായും റൊമെയ്ൻ റോളണ്ടും, ലോകത്തെ ജനങ്ങളൊന്നാകെയും അപലപിച്ചപ്പോൾ ഗോൾവർക്കർ ഹിറ്റ്ലറെ പ്രശംസിച്ചു. അദ്ദേഹം പറഞ്ഞു: "വംശത്തിന്റെ ശുദ്ധിയും സംസ്കാരവും കാത്തുപുലർത്തുന്നതിനു വേണ്ടി സെമിറ്റിക് വംശങ്ങളെ, ജൂതന്മാരെ,

നിർമ്മാർജ്ജനം ചെയ്ത് രാജ്യത്തെ ശുദ്ധീകരിച്ചതിലൂടെ ജർമ്മനി ലോകത്തെ ഞെട്ടിച്ചു. വംശാഭിമാനം ഏറ്റവും ഉയർന്ന രൂപത്തിൽ ഇവിടെ പ്രകടിതമായി. സമൂലം വ്യത്യസ്തത പുലർത്തുന്ന വംശങ്ങളെയും സംസ്കാരങ്ങളെയും, എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന ഏകോപിതമായ ഒരു സത്തയിലേയ്ക്ക് സ്വാംശീകരിക്കുകയെന്നത് എത്രമാത്രം അസാദ്ധ്യമാണെന്നും ജർമ്മനി കാട്ടിത്തന്നു. ഹിന്ദുസ്ഥാനിലുള്ള നാം മനസ്സിലാക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ട നല്ലൊരു പാഠമാണത്."[10] ഹിറ്റ്ലറുടെ ശബ്ദത്തിന്റെ മാറ്റൊലിയാണിത്.

ഇനി, വിവേകാനന്ദൻ പറഞ്ഞതെന്തെന്ന് നോക്കാം. അദ്ദേഹം പറഞ്ഞു: "ക്രിസ്ത്യാനികൾ ബുദ്ധമതക്കാരാവുകയോ, മുസ്ലീങ്ങൾ ഹിന്ദുക്കളാകുകയോ, ബൗദ്ധന്മാർ ക്രിസ്ത്യാനികളാകുകയോ ഒന്നും ചെയ്യേണ്ടതില്ല. മറിച്ച് ഈ മതങ്ങളിലോരോന്നും ഇതര മതങ്ങളുടെ സാരാംശം സ്വാംശീകരിക്കുന്നതിലൂടെ പുഷ്ടിപ്പെട്ട്, അതാതിന്റെ പ്രകൃതമനുസരിച്ചും തനിമ നിലനിർത്തിയും വളർന്നുവരും... വേദങ്ങളോ ബൈബിളോ ഖുറാനോ ഇല്ലാത്ത ഒരു ലോകം, എന്നാൽ വേദങ്ങളുടെയും ബൈബിളിന്റെയും ഖുറാന്റെയും ഉദ്ഗ്രഥനത്തിലൂടെ എല്ലാ പ്രവൃത്തികളും നിർവ്വഹിക്കപ്പെടുന്ന ഒരു ലോകം, അങ്ങനെയൊരു ഘട്ടത്തിലേയ്ക്ക് മനുഷ്യരാശിയെ നയിക്കാനാണ് നാം ആഗ്രഹിക്കുന്നത്... നാം എല്ലാ മതങ്ങളോടും സഹിഷ്ണുത പുലർത്തുക മാത്രമല്ല, അവയെല്ലാം സത്യമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു."[11,12] അപ്പോൾ ഇതിൽ ആരാണ് യഥാർത്ഥ ഹിന്ദു? വിവേകാനന്ദനോ അതോ ആർഎസ്എസ്-ബിജെപിയോ? വിവേകാനന്ദൻ ഇങ്ങനെയും പറഞ്ഞു: "എനിക്കൊരു മകനുണ്ടായിരുന്നെങ്കിൽ അവനെ ഏകാഗ്രത പരിശീലിപ്പിക്കുകയും ഒരു ഖണ്ഡിക പ്രാർത്ഥനയും മന്ത്രോച്ചാരണവും പഠിപ്പിക്കുകയും ചെയ്യുമെന്നല്ലാതെ പ്രത്യേകിച്ച് ഏതെങ്കിലും മതപാഠങ്ങൾ പഠിപ്പിക്കുമായിരുന്നില്ല. വളർന്നുവരുന്നതനുസരിച്ച്, പല അഭിപ്രായങ്ങളും ഉപദേശങ്ങളും കേൾക്കുന്നതിൽ നിന്ന് തനിക്ക് സത്യമെന്ന് ബോദ്ധ്യപ്പെടുന്ന ചിലത് അവന് ലഭിക്കും. ഒരേസമയം, പൂർണ്ണ സ്വാതന്ത്ര്യത്തോടെയും പ്രത്യേകിച്ച് ഒരു സംഘർഷവുമില്ലാതെയും, എന്റെ മകന് ബൗദ്ധനും ഭാര്യയ്ക്ക് ക്രിസ്ത്യാനിയും എനിക്ക് മുസ്ലീമും ആയിരിക്കാൻ, തികച്ചും സ്വാഭാവികമായിത്തന്നെ,

സാധിക്കും."[13] അപ്പോൾ നാം വിവേകാനന്ദനെ ഹിന്ദുവെന്ന് വിളിക്കണമോ അതോ ആർഎസ്എസ്-ബിജെപിയെ ഹിന്ദുവെന്ന് വിളിക്കണമോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കുക.

ആർഎസ്എസ്-ബിജെപി പറയുന്നത് മുസ്ലീം രാജാക്കന്മാരും ചക്രവർത്തിമാരും വാളിന്റെ ബലത്തിൽ ഈ രാജ്യത്ത് ഇസ്ലാം മതം പ്രചരിപ്പിച്ചുവെന്നാണ്. എന്നാൽ, വിവേകാനന്ദൻ പറഞ്ഞു: "മുസ്ലീങ്ങൾ ഇൻഡ്യ കീഴടക്കിയതോടെ പാവങ്ങൾ വിമോചനത്തിന്റെ രുചിയറിഞ്ഞു. അതുകൊണ്ടാണ് ഈ രാജ്യത്തെ ജനസംഖ്യയുടെ അഞ്ചിലൊന്ന് ഭാഗവും മുസ്ലീങ്ങളായത്. ആയുധത്തിന്റെ ബലം കൊണ്ടല്ല അത് സംഭവിച്ചത്. ആയുധത്തിന്റെയും നശീകരണപ്രവൃത്തികളുടെയും ബലത്തിലാണ് അത് സംഭവിച്ചതെന്ന് ചിന്തിക്കുന്നത് തികഞ്ഞ ഭ്രാന്താണ്. പാവങ്ങൾ ജമീന്ദാരന്മാരുടെയും പുരോഹിതന്മാരുടെയും പിടിയിൽ നിന്നുള്ള മോചനം ആഗ്രഹിച്ചിരുന്നു."[14] അധഃസ്ഥിത ജാതിക്കാരായ പാവപ്പെട്ട ഹിന്ദുക്കൾ ഹിന്ദുക്കളായ ജമീന്ദാരന്മാരുടെയും പുരോഹിതന്മാരുടെയും മർദ്ദനത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് മുസ്ലീങ്ങളായത് എന്നർത്ഥം. ഇത് പറയുന്നത് സാക്ഷാൽ വിവേകാനന്ദൻ. അപ്പോൾ ആരാണ് ശരി? വിവേകാനന്ദനോ ആർഎസ്എസോ? വിവേകാനന്ദന്റെ ചിത്രവുമേന്തിനടക്കാൻ ആർഎസ്എസിന് എന്തെങ്കിലും ധാർമ്മികാവകാശമുണ്ടോ?

ബിജെപി നേതാക്കൾ ചരിത്രസ്മാരകമായിരുന്ന ബാബ്റി മസ്ജിദ് തകർത്തു. താലിബാൻകാർ അഫ്ഘാനിസ്ഥാനിലെ ബുദ്ധപ്രതിമകൾ തകർത്തതിന് തുല്യം ഹീനമായ നടപടിയായിരുന്നു അത്. ബാബ്റി മസ്ജിദിൽ ആരും പ്രാർത്ഥന നടത്തിയിരുന്നില്ല. പ്രത്യേകിച്ച് ആരും ഉപയോഗിക്കാതെ കിടന്നിരുന്ന പഴയ ഒരു കെട്ടിടമായിരുന്നു അത്. പുരാണത്തിലെ സാങ്കല്പിക കഥാപാത്രമായ രാമന്റെ പേരിലുള്ള വികാരം കുത്തിപ്പൊക്കി ബിജെപി-ആർഎസ്എസ് ആ കെട്ടിടം ഇടിച്ചുനിരത്തി. തെരഞ്ഞെടുപ്പിൽ വോട്ട് നേടുക എന്ന ലക്ഷ്യം മാത്രമായിരുന്നു അതിനു പിന്നിൽ. മുമ്പും ഞങ്ങൾ അവരോട് ചോദിച്ചിട്ടുള്ള ഒരു ചോദ്യം ആവർത്തിക്കട്ടെ: ചൈതന്യൻ ഹിന്ദുവായിരുന്നുവോ? രാമകൃഷ്ണപരമഹംസർ ഹിന്ദുവായിരുന്നുവോ? വിവേകാനന്ദൻ ഹിന്ദുവായിരുന്നുവോ? അവർക്ക് ബാബ്റി മസ്ജിദിനെപ്പറ്റിയും അതിന്റെ ചരിത്രത്തെപ്പറ്റിയും അറി

യുമായിരുന്നില്ലേ? പക്ഷെ, അവർ ഒരിക്കലും ഹിന്ദുക്കളോട് ബാബ്റി മസ്ജിദ് തകർത്ത് തൽസ്ഥാനത്ത് രാമക്ഷേത്രം നിർമ്മിക്കണമെന്ന് ആഹ്വാനം ചെയ്തിട്ടില്ല. ആർഎസ്എസ്-ബിജെപി നുണപ്രചാരണം നടത്തി ആ ചരിത്രസ്മാരകം തകർക്കുകയും വർഗ്ഗീയ കലാപം അഴിച്ചുവിടുകയും ചെയ്തത് വോട്ടിനു വേണ്ടി മാത്രമായിരുന്നു. രാമകൃഷ്ണ പരമഹംസർ തന്നെ ഒരു മുസ്ലീംപള്ളിയിൽ നമസ്കരിക്കുകയും ക്രിസ്ത്യൻ പള്ളിയിൽ പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ടെന്ന് അവർക്കറിയാമോ? ക്ഷേത്രത്തെപ്പറ്റി വിവേകാനന്ദൻ എഴുതി: "കാശിയിലെയും വൃന്ദാവനത്തിലെയും ക്ഷേത്ര കവാടങ്ങൾ അടച്ചും തുറന്നും ദശലക്ഷക്കണക്കിന് രൂപയാണ് ചെലവിടുന്നത്. ഒരിക്കൽ ദൈവം വസ്ത്രം മാറ്റുന്നു, മറ്റൊരിക്കൽ ചോറുണ്ണുന്നു, അല്ലെങ്കിൽ മച്ചികളായ സ്ത്രീകളുടെ പുത്രന്മാരെ ശകാരിക്കുന്നു. അതേ സമയം ജീവനുള്ള ദൈവങ്ങൾ ഭക്ഷണവും വസ്ത്രവുമില്ലാതെ മരിക്കുകയാണ്."[15] പാവങ്ങൾ ഭക്ഷണവും വസ്ത്രവുമില്ലാതെ നരകിക്കുമ്പോൾ ഭക്തന്മാരെന്ന് പറയുന്നവർ അമ്പലങ്ങൾ പണിയുകയും വിഗ്രഹങ്ങളെ സ്വർണ്ണാഭരണങ്ങൾ ചാർത്തി അലങ്കരിക്കുകയും ചെയ്യുന്നതിനെയാണ് അദ്ദേഹം വിമർശിക്കുന്നത്. മറുവശത്ത്, ജീവിച്ചിരിക്കുന്ന ദൈവങ്ങൾ അതായത് മനുഷ്യർ, ഭക്ഷണമില്ലാതെ മരിക്കുന്നുവെന്നും അത് അപമാനകരമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം പറഞ്ഞതെന്തെന്ന് ഞാൻ ആർഎസ്എസ്-ബിജെപി നേതാക്കളെ ഓർമ്മപ്പെടുത്തട്ടെ: "ആദ്യം ഭക്ഷണം. അതിനു ശേഷം മതി മതം... ഭാരതീയനെന്നല്ല, ഏതെങ്കിലുമൊരു മനുഷ്യൻ എവിടെയെങ്കിലും പട്ടിണി കിടക്കുന്നിടത്തോളം കാലം അയാൾക്ക് ഭക്ഷണം കൊടുക്കുകയെന്നതായിരിക്കും എന്റെ ഒരേയൊരു മതം." "ഈ രാജ്യത്ത് ഒരു നായയെങ്കിലും ഭക്ഷണമില്ലാതെ കഴിയുന്നിടത്തോളം കാലം, അവയ്ക്ക് ആഹാരം കൊടുക്കുക എന്നത് മാത്രമായിരിക്കും എന്റെ മതം."[16] ഈ വിവേകാനന്ദനെപ്പറ്റി ആർഎസ്എസ്-ബിജെപി നേതാക്കൾക്ക് എന്താണ് പറയാനുള്ളത്? ഇങ്ങനെയൊരു വിവേകാനന്ദനെ അവർക്ക് പരിചയമുണ്ടോ? നമ്മൾ വിവേകാനന്ദനെ ബഹുമാനിക്കുന്നു. അദ്ദേഹം വേദാന്തത്തിലാണ് വിശ്വസിച്ചിരുന്നത്. നാം വിശ്വസിക്കുന്നത് മാർക്സിസത്തിലും. ഇക്കാര്യത്തിൽ അദ്ദേഹവും നമ്മളും തമ്മിൽ മൗലികമായ വ്യത്യാസമുണ്ട്. എന്നിരുന്നാലും, അദ്ദേഹം മഹാനായിരുന്നു. അദ്ദേഹം വോട്ടിന്റെ രാഷ്ട്രീയത്തിൽ

ഏർപ്പെടുകയോ കാപട്യം വച്ചുപുലർത്തുകയോ ചെയ്തില്ല. യഥാർത്ഥ രാജ്യസ്നേഹി ആര് എന്ന ചോദ്യം അദ്ദേഹം ഉന്നയിച്ചു. അദ്ദേഹത്തിന്റെ ഭാഷയിൽ : "ജനങ്ങൾ നൂറ്റാണ്ടുകളായി അർദ്ധ പട്ടിണിക്കാരായി ജീവിക്കുന്നു. വിദ്യാവിഹീനതയുടെ കാർമേഘ ങ്ങൾ ഇൻഡ്യയെ മൂടിയിരിക്കുകയാണെന്ന് നിങ്ങൾ മനസ്സിലാക്കു ന്നുണ്ടോ? ഈ ചിന്തകൾ നിങ്ങളെ അസ്വസ്ഥരാക്കുന്നുണ്ടോ, നിങ്ങളുടെ ഉറക്കം കെടുത്തുന്നുണ്ടോ? ഈ ചിന്തകൾ നിങ്ങളുടെ രക്തത്തിൽ ഇഴുകിച്ചേർന്ന് സിരകളിലൂടെ ഒഴുകുന്നുണ്ടോ? ഇതൊക്കെ നിങ്ങളെ സംബന്ധിച്ചിടത്തോളം ഭ്രാന്തുപിടിപ്പിക്കുന്ന ചിന്തകളാണോ? രാജ്യസ്നേഹിയാകുന്നതിന്റെ ആദ്യ ചുവടുവയ്പ് ഇതാണ്."[17] ഇന്ന് അധികാരത്തിലിരിക്കുന്ന ആർഎസ്എസ്-ബിജെപി നേതാക്കൾക്ക് ഈ വിവേകാനന്ദനെ അറിയുമോ? വിവേകാനന്ദന്റെ വ്യക്തിത്വത്തിൽ രണ്ട് വിപരീത വശങ്ങളുണ്ടാ യിരുന്നു. ഒരുവശത്ത്, അദ്ദേഹം ഒരു ആത്മീയവാദിയായിരുന്നു, വേദാന്തവിശ്വാസി. മറുവശത്ത് അദ്ദേഹം ഇൻഡ്യൻ ദേശീയവികാ രത്തെ ഉണർത്തിയ വ്യക്തിയുമായിരുന്നു. വിവേകാനന്ദന്റെ ദേശീ യവാദത്തിന്റെയും ഏതെങ്കിലുമളവിൽ അദ്ദേഹം ഉയർത്തിപ്പിടിച്ച മാനവവാദ മൂല്യങ്ങളുടെയും പേരിൽ നാം വിവേകാനന്ദനെ ആദരിക്കുകയും ഒരു മഹാനെന്ന നിലയിൽ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. ദേശീയവാദിയായ വിവേകാനന്ദൻ യഥാർത്ഥത്തിൽ നിലനിൽക്കുന്ന ദാരിദ്ര്യത്തിന്റെയും മർദ്ദനത്തിന്റെയും വിദ്യാവി ഹീനതയുടെയും പേരിൽ കഠിനമായി ദുഃഖിക്കുകയും അവയ്ക്കെ തിരെ ശബ്ദമുയർത്തുകയും ചെയ്തപ്പോൾ, അദ്ദേഹം വിശ്വസി ച്ചിരുന്ന ആത്മീയവാദപരമായ വേദാന്തദർശനം, "വസ്തുനിഷ്ഠ ലോകം മിഥ്യയാണ്, പരമാത്മാവ് അഥവാ ബ്രഹ്മം മാത്രമാണ് സത്യം" എന്നു പറയുന്നു. വസ്തുനിഷ്ഠലോകം യഥാർത്ഥത്തിൽ നിലനില്പില്ലാത്ത മിഥ്യ മാത്രമാണ് എന്നത്രേ ഈ ആശയത്തിന്റെ അർത്ഥം. ജനങ്ങളുടെ യാതനകളും കഷ്ടപ്പാടുകളും എന്നു പറ യുന്നതും മിഥ്യയാണെന്നാണ് അതിന്റെ അർത്ഥം. ഇത്രയും മഹാനായ ഒരു വ്യക്തിക്ക് തന്റെ ജീവിതത്തിൽ സംഭവിച്ച വേദനാ കരമായ ദുരന്തമാണത്.

പക്ഷെ, വിവേകാനന്ദന്റെ ഈ വാക്കുകൾ അദ്ദേഹത്തിന്റെ മഹ ത്വമെന്തെന്ന് വെളിപ്പെടുത്തുന്നു: "കോടിക്കണക്കിന് വരുന്ന

ഇൻഡ്യക്കാർ ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും അന്ധകാരത്തിൽ കഴിയുന്നിടത്തോളം കാലം, ദരിദ്രരും അജ്ഞരുമായ ആ ജനസഞ്ചയത്തിന്റെ ചെലവിൽ വിദ്യാഭ്യാസം നേടുകയും എന്നാൽ അവരെ തിരിഞ്ഞുനോക്കാതിരിക്കുകയും ചെയ്യുന്നവരെ ഞാൻ രാജ്യദ്രോഹികളായി കണക്കാക്കും... ഇരുപത് കോടി വരുന്ന ഇൻഡ്യക്കാർ വിശക്കുന്ന മൃഗങ്ങളെപ്പോലെ ജീവിക്കുന്ന കാലത്തോളം, ആ നിസ്സഹായരെ പിഴിഞ്ഞൂറ്റുന്ന പണം കൊണ്ട് സുഖലോലുപമായ ജീവിതം നയിക്കുന്ന സമ്പന്നരെ ഞാൻ പാപികളായ തെമ്മാടികൾ എന്ന് വിളിക്കും."[18,19] വിവേകാനന്ദന്റെ ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ, രാജ്യസ്നേഹികളും ജനക്ഷേമതല്പരരുമായി നടിക്കുന്ന ഇന്നത്തെ നേതാക്കളെ നാം എന്തു വിളിക്കണം! മാർക്സിസ്റ്റുകളെന്ന നിലയിൽ ഞങ്ങൾക്ക്, പൊയ്പ്പോയ യുഗങ്ങളിലെ മഹാന്മാരുടെ ആശയങ്ങളുമായി വിയോജിപ്പുണ്ട്. എങ്കിലും അവരുടെ സ്വപ്നങ്ങളെയും, മർദ്ദിത ജനതയോട് അവർ പുലർത്തിയിരുന്ന സഹാനുഭൂതിയെയും ഞങ്ങൾ അത്യാദരപൂർവ്വം വീക്ഷിക്കുന്നു. ഞങ്ങൾ അവരെ ആദരിക്കുന്നുവെന്നു മാത്രമല്ല, അവർ ജീവിച്ചിരുന്ന സ്ഥലകാലങ്ങളുടെ പശ്ചാത്തലത്തിൽ അവരെ വിലമതിക്കാനും ശ്രമിക്കുന്നു.

## മാർക്സിസം മാത്രമാണ് മതത്തിന്റെ ചരിത്രപരമായ സ്ഥാനമെന്തെന്ന് ശരിയായി ചൂണ്ടിക്കാട്ടിയത്

മതാചാര്യന്മാരെ ഞങ്ങൾ ആദരിക്കുന്നുവെന്ന് കൂട്ടിച്ചേർക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ വിഷയത്തിൽ മാർക്സിസ്റ്റുകളെപ്പറ്റി തെറ്റായ ഒരു ധാരണ പരന്നിട്ടുണ്ട്. മതം അതിന്റെ കാലത്ത് പുരോഗമനപരമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നതാണ് ഞങ്ങളുടെ അഭിപ്രായം. ചില മതങ്ങൾ സാമൂഹ്യപുരോഗതിക്കുവേണ്ടി പോരാട്ടം തന്നെ നടത്തിയിട്ടുണ്ട്. എന്നാൽ, വിദൂരഭൂതകാലത്ത് സമൂഹത്തിൽ ദൈവം എന്ന സങ്കല്പം ഉണ്ടായിരുന്നില്ല. ചരിത്രവിശകലനത്തിന്റെ അടിസ്ഥാനത്തിൽ മാർക്സിസം അസന്ദിഗ്ദ്ധമായി സ്ഥാപിച്ചിട്ടുള്ള കാര്യമാണത്. ആൻഡമാൻ ദ്വീപുകളിൽ ജറോവ എന്നറിയപ്പെടുന്ന ഒരു ആദിമ ഗോത്രവർഗ്ഗത്തെ കാണാം. അവർക്ക് വസ്ത്രം ധരിക്കാനറിയില്ല, സ്വകാര്യസ്വത്തില്ല, വീടോ കുടുംബമോ ഒന്നുമില്ല.

അവരുടെയിടയിൽ ഉള്ളവരും ഇല്ലാത്തവരും ഇല്ല, ഭരണാധികാരികളുമില്ല. അവർ ദൈവത്തിൽ വിശ്വസിക്കുന്നില്ല, മതപരമായ അനുഷ്ഠാനങ്ങളും വച്ചുപുലർത്തുന്നില്ല. മാർക്സിസം ചൂണ്ടിക്കാട്ടിയിട്ടുള്ള ആദിമയുഗത്തിലെ മനുഷ്യന്റെ സ്വഭാവം ഇതായിരുന്നു.

ഇനി വിവേകാനന്ദന്റെ കൃതികളിൽ നിന്ന് ചില വരികൾ ഞാൻ വായിക്കാം. വിവേകാനന്ദനെ അന്ധമായി പിന്തുടരുന്ന അനുയായികൾക്ക് ഈ വരികൾ രസിച്ചെന്നുവരില്ല. എന്തെന്നാൽ, ഇവിടെ വിവേകാനന്ദൻ തന്നെയാണ് അവരെ കുഴപ്പത്തിലാക്കുന്നത്. വിവേകാനന്ദൻ 1897-ൽ തന്റെ ലാഹോർ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: "പ്രപഞ്ചസത്യം തേടി ബാഹ്യപ്രകൃതിയിൽ നടത്തിയ തിരച്ചിലായിരുന്നു ആദ്യത്തേത്. ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പദാർത്ഥലോകത്തുനിന്ന് ഉത്തരം കണ്ടെത്താനുള്ള ശ്രമമായിരുന്നു അത്."[25] വിവേകാനന്ദൻ തന്നെ പറയുകയാണ്, മനുഷ്യന്റെ ആദ്യത്തെ ചിന്ത ഈ ഭൗതികലോകത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നുവെന്ന്. അതാണ് വിവേകാനന്ദന്റെ മഹത്വം. അദ്ദേഹം ചരിത്രസത്യം അംഗീകരിച്ചു.

മനുഷ്യചരിത്രത്തിൽ മതം വഹിച്ച പങ്കെന്തെന്ന് ശരിയായി ചൂണ്ടിക്കാട്ടിയിട്ടുള്ളത് മാർക്സിസം മാത്രമാണ്. ആദിമ സമൂഹത്തിൽ മതം ഉണ്ടായിരുന്നില്ല. അടിമത്ത സമൂഹത്തിൽ, മർദ്ദകനും മർദ്ദിതനും, ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനും, എന്നുള്ള വിഭജനം നിലവിൽ വന്നിരുന്ന സമൂഹത്തിൽ, ആണ് മതം ഉടലെടുത്തത്. ഈ വിഷയത്തിൽ മാർക്സ് ചരിത്രപ്രധാനമായ ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "മതപരമായ ദുഃഖം അതേസമയംതന്നെ യഥാർത്ഥ ദുഃഖത്തിന്റെ പ്രകാശനമാണ്. യഥാർത്ഥ ദുഃഖത്തിനെതിരായ പ്രതിഷേധവും കൂടിയാണത്. മതം മർദ്ദിത ജീവിയുടെ നിശ്വാസമാണ്, ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണ്, ആത്മാവില്ലാത്ത സാഹചര്യങ്ങളുടെ ആത്മാവാണ്."[24] ഉദയം ചെയ്തുവന്ന കാലത്തെ മതത്തെ എത്രമാത്രം മതിപ്പോടുകൂടിയാണ് മാർക്സ് കണ്ടിരുന്നതെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. ആ യുഗത്തിൽ, മർദ്ദിതരായ അടിമകളുടെ വേദനയിലും വിലാപത്തിലും മനസ്സലിഞ്ഞ ഒരുപിടി ചിന്തകന്മാർ ഉയർന്നുവന്നു. അവർ പറഞ്ഞു: സമൂഹത്തിന്റെ നായകസ്ഥാനത്ത് സമൂഹത്തെ ഭരിക്കാൻ ഒരു യജമാനൻ ഉള്ളതുപോലെ, ഈ പ്രപഞ്ചത്തിന്റെ

യാകെ യജമാനനായി, ഭരണാധികാരിയായി ഒരാളുണ്ട്. അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചാണ് എന്തും സംഭവിക്കുന്നത്. എല്ലാവരും ആ സർവ്വശക്തനായ ദൈവത്തിന്റെ മക്കളാണെന്ന് അവർ പറഞ്ഞു. അടിമയും ഉടമയും ദൈവത്തിന്റെ മക്കളാണ്. അതിനാൽ സമൂഹത്തിൽ എല്ലാം നടക്കേണ്ടത് ദൈവത്തിന്റെ ഇച്ഛയനുസരിച്ചാണ്. ഭരണാധികാരികളും അത് പാലിക്കേണ്ടതാണ്. അക്കാലത്ത്, മനസ്സ് എന്താണ്, ചിന്ത എന്താണ്, എങ്ങനെയാണ് നാം ചിന്തിക്കുന്നത് തുടങ്ങിയ ചോദ്യങ്ങൾക്കൊന്നും ശാസ്ത്രീയമായ ഉത്തരം ഉണ്ടായിരുന്നില്ല. അന്നത് സാദ്ധ്യവുമായിരുന്നില്ല. അതിനും എത്രയോ കാലത്തിനു ശേഷമാണ് മാർക്സിസം, ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകിയത്. മനുഷ്യന്റെ തലച്ചോറും ബാഹ്യലോകവും തമ്മിലുള്ള വൈരുദ്ധ്യത്തിലൂടെയാണ് ചിന്ത ഉടലെടുക്കുന്നതെന്ന് മാർക്സിസം ചൂണ്ടിക്കാണിച്ചു. ഭൗതിക സാഹചര്യങ്ങളിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് ചിന്തയും മാറുന്നു. എന്നാൽ, അന്നത്തെ കാലത്തെ ചിന്തകന്മാർ കരുതിയത് സർവ്വശക്തനായ ദൈവമാണ് തങ്ങളെക്കൊണ്ട് ചിന്തിപ്പിക്കുന്നതെന്നായിരുന്നു. ദൈവത്തിന്റെ വിഭാവനമാണ് ചിന്ത എന്നായിരുന്നു വിശ്വാസം. അതിനാൽ, സമൂഹത്തിന്റെ ക്ഷേമത്തെപ്പറ്റി അവരുടെ മനസ്സിൽ ഉദയം ചെയ്ത ചിന്തകൾ ദൈവത്തിൽ നിന്ന് സിദ്ധിക്കുന്നതാണെന്ന് അവർ കരുതി. അവരെ സംബന്ധിച്ചിടത്തോളം അവ ദൈവത്തിന്റെ കല്പനകളായിരുന്നു. മതം എന്ന ധാരണ ലോകത്തുണ്ടാകുന്നതങ്ങനെയാണ്. അതുകൊണ്ടാണ് മഹാനായ എംഗൽസ് ക്രിസ്തുമതത്തെപ്പറ്റി ഇങ്ങനെ പറഞ്ഞത്: “ക്രിസ്തുമതവും തൊഴിലാളിവർഗ്ഗ സോഷ്യലിസവും, രണ്ടും, ബന്ധനത്തിൽ നിന്നും ദുരിതങ്ങളിൽ നിന്നുമുള്ള മോചനം വരും എന്ന് ഉദ്ഘോഷിക്കുന്നു. ജീവിതത്തിനും അപ്പുറത്ത്, മരണാനന്തരം സ്വർഗ്ഗത്തിൽ, ഈ മോചനം വരും എന്നാണ് ക്രിസ്തുമതം പറയുന്നത്. ഈ ലോകത്ത് തന്നെ, സമൂഹത്തിന്റെ പരിവർത്തനത്തിലൂടെ, അത് കൈവരുമെന്ന് സോഷ്യലിസം പറയുന്നു.”[20] അദ്ദേഹം പറഞ്ഞത് ക്രിസ്തുമതത്തെപ്പറ്റിയാണെങ്കിലും എല്ലാ മതങ്ങളെയും ഉദ്ദേശിച്ചിരുന്നു. സഖാവ് ശിബ്ദാസ് ഘോഷും ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി: “...ക്രിസ്തുമതം ഏവരുടെയും സമത്വം ഉദ്ഘോഷിച്ചു. അതനുസരിച്ച്, അടിമകളുടെ മേൽ മർദ്ദനം നടത്തുന്ന ഉടമകൾ ദൈവേച്ഛയ്ക്കെതിരെയാണ് പ്രവർത്തിക്കുന്നതെന്ന്

വരും. അതിനാൽ അടിമകളെ പീഡിപ്പിക്കുന്നത് ക്രിസ്തുമത തത്ത്വങ്ങളുടെ ലംഘനമാകുന്നു. ഈ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ, ക്രിസ്തുമതം ഉടമകളുടെ അനീതിക്കും മർദ്ദനത്തിനുമെതിരെ പോരാട്ടം സംഘടിപ്പിക്കാൻ ഒരു പ്രകാരത്തിൽ അടിമകളെ സഹായിച്ചുവെന്നും, ആ അർത്ഥത്തിൽ അന്ന് സാമൂഹ്യപുരോഗതിയെ സഹായിച്ചുവെന്നും കാണാൻ ബുദ്ധിമുട്ടില്ല. ഇസ്ലാമിന്റെ അനുയായികളുടെ കാര്യവും ഇതിന് സമാനമാണ്... സാമൂഹ്യവികാസത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ, ധാർമ്മിക-നൈതിക ധാരണകളും മൂല്യബോധവും ശരി-തെറ്റുകളെപ്പറ്റിയുള്ള ധാരണയും മറ്റുള്ളവർക്ക് സേവനം ചെയ്യാനും ആരെയും വെറുക്കാതിരിക്കാനുമുള്ള മനോഭാവവും വളർത്തിയെടുക്കാൻ സഹായിച്ചത് മതമാണെന്ന കാര്യം ഓർക്കണം. തൽഫലമായി, സമൂഹത്തിന് കെട്ടുറപ്പും ഐക്യവും പ്രദാനം ചെയ്യാൻ സഹായിച്ച ഒരു അച്ചടക്കബോധം വളർന്നുവന്നു. ഈ അർത്ഥത്തിലും മതം സാമൂഹ്യപുരോഗതിയിൽ പങ്ക് വഹിച്ചിട്ടുണ്ട്."[21] ഈ അടിസ്ഥാനത്തിൽ ഞങ്ങൾ മതാചാര്യന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

പതിനാറും പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ, യൂറോപ്യൻ നവോത്ഥാനത്തിന്റെ കാലത്ത്, ബൂർഷ്വാ ചിന്തകന്മാരാണ്, അന്ന് ഉയർന്നുവരികയായിരുന്ന ബൂർഷ്വാസിയുടെ താല്പര്യാർത്ഥം, ആദ്യം മതത്തിനെതിരെ ആക്രമണം നടത്തിയതെന്ന് നിങ്ങളിൽ പലർക്കും അറിയുകയില്ലായിരിക്കാം. ബൂർഷ്വാസി തലയുയർത്തിവരുന്ന സമയമായിരുന്നു അത്. ജന്മിത്തത്തെ നിഷ്കാസനം ചെയ്ത് ഉയർന്നുവന്നുകൊണ്ടിരുന്നതും പുരോഗമനസ്വഭാവമുള്ളതുമായ ശക്തിയായിരുന്നു അന്ന് മുതലാളിത്തം. ജന്മിത്തത്തിൽ രാജാവിനെ ദൈവത്തിന്റെ പ്രതിപുരുഷനായാണ് കണ്ടിരുന്നത്. ബൈബിളിന്റെ വാഴ്ച ദൈവത്തിന്റെ വാഴ്ചയാണെന്നായിരുന്നു വിശ്വാസം. ബൂർഷ്വാസി ശാസ്ത്രത്തെ ആയുധമാക്കിക്കൊണ്ട് ജന്മിത്തത്തിനെതിരെ നടത്തിയ പോരാട്ടത്തിൽ ബൂർഷ്വാ മാനവവാദികൾ മതത്തിനെതിരെ ആക്രമണം അഴിച്ചുവിട്ടു. ബേക്കൺ, സ്പിനോസ, ഹ്യൂം, കാന്റ്, ഫോയർബാഹ് തുടങ്ങിയ ചിന്തകന്മാർ മതത്തെ ചരിത്രത്തിന്റെ അപഭ്രംശം എന്നാണ് വിശേഷിപ്പിച്ചത്. അവർ മതത്തിന്റെ പങ്ക് എന്തെന്ന് ശരിയായി വിലയിരുത്തിയില്ല. അവരെ സംബന്ധിച്ചിടത്തോളം മതം ചരിത്രത്തിന്റെ

അപഭ്രംശം അല്ലെങ്കിൽ വളച്ചൊടിക്കൽ ആയിരുന്നു. അതിനാൽ അവർ മതത്തെ വലിച്ചെറിയാൻ ആഹ്വാനം ചെയ്തു. അതിൽ നിന്ന് വ്യത്യസ്തമായി മാർക്സിസം, മതത്തിന് ചരിത്രത്തിൽ ഒരു സ്ഥാനമുണ്ടെന്നും, ഒരു പ്രത്യേക ചരിത്രഘട്ടത്തിൽ അത് പുരോഗമനപരമായ പങ്ക് വഹിച്ചിരുന്നുവെന്നും അംഗീകരിക്കുന്നു. പക്ഷെ, ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളിൽ ഒന്നിനെങ്കിലും പരിഹാരം കാണാൻ മതത്തിന് സാധിക്കുമോ?

വിലക്കയറ്റം, തൊഴിലില്ലായ്മ, ദാരിദ്ര്യം, ന്യായമായ കൂലി ലഭിക്കായ്ക, നികുതികളുടെയും ചാർജ്ജുകളുടെയും വർദ്ധനവ്, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, മുതലാളിത്ത ചൂഷണം, സാമ്രാജ്യത്വ കടന്നാക്രമണം എന്നിവ പോലെ, ഇന്നത്തെ ജീവിതത്തെ അലട്ടുന്ന നീറുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് രാമായണത്തിലോ മഹാഭാരതത്തിലോ ഗീതയിലോ ബൈബിളിലോ ഖുറാനിലോ എന്തെങ്കിലും പറയുന്നുണ്ടോ? ഇല്ല. ന്യായത്തിന്റെയും സത്യത്തിന്റെയും മാർഗ്ഗം പിന്തുടരണം എന്നുമാത്രമേ എഴുതിയിട്ടുള്ളു. പക്ഷെ, ഒരു പ്രത്യേക ചരിത്രഘട്ടത്തിൽ, ശരിതെറ്റുകളുടെയും സത്യാസത്യങ്ങളുടെയും പ്രശ്നം നിർണ്ണയിക്കപ്പെടേണ്ടത് ആ പ്രത്യേക കാലഘട്ടത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ്. ഇതാണ് മതത്തിന്റെ പരിമിതി. മതവിശ്വാസികളുമായി ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. വിലക്കയറ്റം, പിരിച്ചുവിടൽ, സ്ത്രീപീഡനം, വിദ്യാഭ്യാസ അവസരനിഷേധം, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം, അഴിമതി തുടങ്ങിയ വിനകൾക്കെതിരായ സമരത്തിൽ അവർക്ക് ഞങ്ങളുമായി സഹകരിക്കാം. എല്ലാ മതങ്ങളിലെയും വിശ്വാസികൾക്ക് മുന്നോട്ടുവരാം. അവരേവരുമായും സഹകരിച്ച് പോരാടാൻ ഞങ്ങൾക്ക് സാധിക്കും. അഭിപ്രായവ്യത്യാസം എവിടെയാണ്? സമ്പന്നരും ദരിദ്രരും എന്ന വ്യത്യാസം ദൈവത്തിന്റെ സൃഷ്ടിയാണ് എന്ന് പ്രചരിപ്പിക്കപ്പെടുന്നിടത്താണ് ഞങ്ങൾക്ക് അഭിപ്രായഭിന്നതയുള്ളത്. ഒരാൾ ദരിദ്രനായിരിക്കുന്നത് കഴിഞ്ഞ ജന്മത്തിലെ പാപത്തിന്റെ ഫലമായാണ്; പട്ടിണി കിടക്കുന്നത്, ബലാൽസംഗം ചെയ്യപ്പെടുന്നത്, ഒരാളുടെ കുഞ്ഞ് ആശുപത്രിയിൽ മരിക്കുന്നത് — എല്ലാം കഴിഞ്ഞ ജന്മത്തിൽ അയാൾ ചെയ്ത പാപത്തിന്റെ ഫലമായാണ്; സംഭവിക്കുന്നതെല്ലാം വിധിയാണ്; മനുഷ്യൻ ഇച്ഛിക്കുന്നു ദൈവം കല്പിക്കുന്നു;

അതായത് എല്ലാം വിധിയുടെ വിളയാട്ടമാണ്. അതുകൊണ്ട്, പ്രതിഷേധിക്കരുത്, എതിർക്കരുത്, കാരണം അത് ദൈവനിശ്ചയമാണ്. അതിനാൽ എത്ര കൊടിയ വേദനയാണെങ്കിലും ദൈവേച്ഛയാണെന്ന് കരുതി സഹിക്കുക. അങ്ങനെയായാൽ അടുത്ത ജന്മത്തിൽ അയാൾക്ക് സൗഖ്യമായിരിക്കാം — ഇങ്ങനെയൊക്കെ പ്രചരിപ്പിക്കുന്നിടത്താണ് ഞങ്ങൾ വിയോജിക്കുന്നത്. മതത്തെ മനുഷ്യനെ മയക്കുന്ന കറുപ്പായാണ് ചൂഷകവർഗ്ഗം ഉപയോഗിക്കുന്നതെന്ന് പറഞ്ഞപ്പോൾ മാർക്സ് ഇതൊക്കെയാണ് ഉദ്ദേശിച്ചത്. നിങ്ങൾക്ക് കാണാൻ കഴിയും, എത്രയോ ആളുകളാണ് കൊടും പട്ടിണി സഹിച്ച് അലഞ്ഞുതിരിയുന്നത്. എത്രയോ സ്ത്രീകൾ പീഡനത്തിനിരയായി വിലപിക്കുകയാണ്. പക്ഷെ, വിവേകാനന്ദന്റെയും മുഹമ്മദ് നബിയുടെയും സന്ദേശങ്ങൾ പ്രചരിപ്പിച്ചുനടക്കുന്നവർ ഇതിനെല്ലാമെതിരെ പ്രതിഷേധിക്കുന്നതായി കാണുന്നുണ്ടോ? ഇത്തരം സാമൂഹ്യതിന്മകൾക്കും അപഭ്രംശങ്ങൾക്കുമെതിരെ അവർ പൊരുതുന്നതായി കാണുന്നുണ്ടോ? ഏതെങ്കിലും ക്ഷേത്രത്തിലെ പൂജാരിയോ പള്ളിയിലെ വൈദികനോ മുസ്ലീംപള്ളിയിലെ ഇമാമോ വിലക്കയറ്റത്തിനും അഴിമതിക്കും സ്ത്രീപീഡനത്തിനുമെതിരെ സമരം ചെയ്യുന്നതായി കാണുന്നുണ്ടോ? ക്രിസ്തുവോ മുഹമ്മദ് നബിയോ ഹിന്ദുമതാചാര്യന്മാരോ വിവേകാനന്ദൻ തന്നെയോ ജീവിച്ചിരുന്നെങ്കിൽ അവർ ഈ തിന്മകളെ എതിർക്കാതിരിക്കുമായിരുന്നുവോ? ഇതെല്ലാം ഈശ്വരേച്ഛ മൂലമാണ് ഉണ്ടായത് എന്നതിനാൽ എല്ലാം അങ്ങനെ തുടരട്ടെ, നമുക്ക് പൂജയിലും നേർച്ചകൾ നേരുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാം എന്ന് അവർ പറയുമായിരുന്നുവോ? അപ്പോൾ, മതം ചരിത്രഗതിയിൽ കാലഹരണപ്പെട്ടിരിക്കുന്നു എന്ന് വ്യക്തം. ഇന്ന് മതം ചൂഷകന്മാരുടെ കൈയിലെ ഊന്നുവടിയാണ്. ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ മതപ്രചാരകന്മാർ പട്ടിണിയും ആക്രമണങ്ങളും, കായികാക്രമണങ്ങളും അനുഭവിച്ചിട്ടുണ്ട്. എന്നാൽ അതൊന്നും കൂസാതെ അവർ പോരാടി. ഇന്ന് ക്ഷേത്രങ്ങൾക്കും പള്ളികൾക്കും ക്രിസ്ത്യൻപള്ളികൾക്കും കോടിക്കണക്കിന് രൂപയുടെ സ്വത്തുക്കളുണ്ട്. ആ ഭീമമായ സ്വത്തിന്മേലിരുന്നുകൊണ്ടാണ് പുരോഹിതന്മാരും വൈദികന്മാരും ഇമാമുമാരും മതപ്രഭാഷണങ്ങൾ നടത്തുന്നത്. മതത്തിന്റെ ഉപജ്ഞാതാക്കൾ അവരവരുടെ കാലത്ത് അനീതിക്കെതിരെ പ്രതിഷേധിക്കുകയും പൊരുതുകയും ചെയ്തു. എന്നാൽ ഇന്നത്തെ മതനേതാക്കൾ, സാങ്കല്പികമായ

"പരലോകത്തിൽ" നീതി ലഭിക്കുമെന്ന പ്രതീക്ഷയിൽ "ഇഹലോകത്തിലെ" എല്ലാ അനീതികളും മർദ്ദനവും സഹിച്ച് അനുഷ്ഠാനപരമായ ആരാധനയിൽ മുഴുകിക്കഴിയാൻ ഉദ്ബോധിപ്പിക്കുന്നു. വൻ ബിസിനസുകാരും വ്യവസായികളും കരിഞ്ചന്തക്കാരുമൊക്കെയാണ് ഇന്ന് ഈ ചിന്താഗതിയെ പ്രോത്സാഹിപ്പിക്കുന്നത്. അപ്രതിരോധ്യമായ ചരിത്രഗതിയിൽ മതത്തിന് അതിന്റെ പ്രയോജനം നഷ്ടപ്പെട്ടത് ഇങ്ങനെയാണ്.

മാർക്സിസം പൊടുന്നനെ ആകാശത്തു നിന്ന് പൊട്ടിവീണ ഒന്നല്ല എന്ന് മഹാനായ ലെനിൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ചരിത്രത്തിൽ ഉദയം ചെയ്തിട്ടുള്ള എല്ലാ മഹാന്മാരുടെയും, ഓരോ യുഗത്തിലും സത്യവും ജ്ഞാനവും തേടി മനുഷ്യൻ നടത്തിയ എല്ലാ സപര്യകളുടെയും, ഏറ്റവും ശ്രേഷ്ഠമായ തുടർച്ചയെന്ന നിലയിൽ, പുതിയ യുഗത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് പുതിയ സത്യം അംഗീകരിച്ചുകൊണ്ടാണ് മാർക്സിസം ഉരുത്തിരിഞ്ഞത്. "മനുഷ്യൻ യുഗങ്ങളിലൂടെ നേടിയ വിജ്ഞാനശേഖരത്തിന്റെ സപര്യയിലേർപ്പെടുന്നവർ മാത്രമാണ് കമ്മ്യൂണിസ്റ്റുകൾ " എന്നും ലെനിൻ പറഞ്ഞു. നാം പഴയകാലത്തെ മഹാന്മാരായ മതാചാര്യന്മാരുടെ ജീവിതസമരം പഠിക്കുകയും അതിൽ നിന്ന് ഉൾക്കൊള്ളേണ്ടതായ മൂല്യങ്ങൾ സ്വാംശീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നമ്മൾ എല്ലാ മഹാന്മാരുടെയും ജീവിതത്തിൽ നിന്ന് പഠിക്കാൻ ശ്രമിക്കുന്നു. സഖാവ് ശിബ്ദാസ് ഘോഷ് നമ്മെ പഠിപ്പിച്ചത് അതാണ്.

## ആർഎസ്എസ് സ്വാതന്ത്ര്യസമരത്തെ എതിർത്തു

ആർഎസ്എസ്-ബിജെപിയുടെ ആശയങ്ങൾ എന്തുമാത്രം വികലമാണെന്ന് മനസ്സിലാക്കാൻ അവർ നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തോട് എന്ത് നിലപാട് സ്വീകരിച്ചുവെന്ന് നോക്കിയാൽ മതി. അവരുടെ പ്രത്യയശാസ്ത്രകാരനായ ഗോൾവർക്കർ പറഞ്ഞു: "ഭൂപ്രദേശത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ദേശീയവാദം എന്ന സിദ്ധാന്തവും, അതുപോലെ പൊതുവിപത്തിനെ സംബന്ധിച്ച സിദ്ധാന്തവുമാണ് നമ്മുടെ രാഷ്ട്രസങ്കല്പത്തിന്റെ അടിത്തറയിട്ടിരിക്കുന്നത്. ഈ സിദ്ധാന്തങ്ങൾ നമ്മുടെ യഥാർത്ഥ ഹിന്ദു രാഷ്ട്ര

പദവിയുടെ ക്രിയാത്മകവും പ്രചോദനാത്മകവുമായ ഉള്ളടക്കം നമുക്ക് നിഷേധിച്ചിരിക്കുകയാണ്. അത് പല സ്വാതന്ത്ര്യസമരങ്ങളെയും ഫലത്തിൽ ബ്രിട്ടീഷ്വിരുദ്ധ സമരങ്ങളാക്കി മാറ്റിയിരിക്കുന്നു. ബ്രിട്ടീഷ്വിരുദ്ധത തന്നെയാണ് രാജ്യസ്നേഹവും ദേശീയവാദവും എന്ന മട്ടിൽ അവതരിപ്പിക്കപ്പെട്ടത്. പ്രതിലോമകരമായ ഈ കാഴ്ചപ്പാട് നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഗതിയിൽ അപ്പാടെയും അതിന്റെ നേതാക്കളുടെ മേലും സാധാരണജനങ്ങളുടെ മേലും വിനാശകരമായ ഫലങ്ങളാണ് ഉളവാക്കിയിരിക്കുന്നത്.”[10] ഈ വാക്കുകൾ എത്ര അപകടകരമാണെന്ന് കാണുക. ഇൻഡ്യ എന്ന ഭൂമിശാസ്ത്രപരമായ പ്രദേശത്താകമാനം ബ്രിട്ടീഷ് സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തെ കേന്ദ്രീകരിച്ച് വളർന്നുവന്ന ഇൻഡ്യൻ ദേശീയവാദം എന്ന സങ്കല്പം വിനാശകരമാണത്രേ. ഇൻഡ്യൻ ദേശീയവാദത്തിന്റെ ആവിർഭാവം മൂലം അവരുടെ ഹിന്ദുദേശീയവാദത്തിന് കുഴപ്പമുണ്ടായിരിക്കുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ബ്രിട്ടീഷ്സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം രാജ്യസ്നേഹപരവും ദേശീയവാദപരവുമാണെന്ന അഭിപ്രായം തന്നെ പിന്തിരിപ്പനാണ്. ബ്രിട്ടീഷ്സാമ്രാജ്യത്വവാഴ്ചയെ എതിർത്തുകൊണ്ട് ദേശീയവാദപരമായി സംസാരിച്ച നേതാക്കളെല്ലാം പ്രതിലോമചിന്തകളാൽ നയിക്കപ്പെട്ടവരായിരുന്നുവത്രേ. ഹിന്ദുരാഷ്ട്രം എന്ന മുദ്രാവാക്യമാണ് ഉയർത്തപ്പെടേണ്ടിയിരുന്നത് എന്നാണ് ആർഎസ്എസ്-ബിജെപിയും അവരുടെ നേതാക്കളും പറയുന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ സ്വാതന്ത്ര്യസമരത്തിലൂടെ വളർന്നുവന്നതും, ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്നതും, ജാതിക്കും മതത്തിനും വംശീയതയ്ക്കും ആചാരാനുഷ്ഠാനഭേദങ്ങൾക്കും ഉപരിയായി വളർന്നുവന്നതുമായ ഏകോപിതമായ ഇൻഡ്യൻ രാഷ്ട്രം എന്ന ആശയം പിന്തിരിപ്പനാണെങ്കിൽ, ദേശബന്ധു ചിത്തരഞ്ജനും ബാലഗംഗാധര തിലകനും ലാലാ ലജ്പത്റായിയും നേതാജി സുഭാഷ്ചന്ദ്രബോസും ഖുദിറാമും ഭഗത്സിംഗും സൂര്യസെന്നും എല്ലാം പ്രതിലോമകാരികളും രാജ്യദ്രോഹികളുമാണെന്ന് പറയേണ്ടിവരും. എന്തെന്നാൽ, അവരാരും ഹിന്ദുരാഷ്ട്രത്തിനു വേണ്ടി വാദിച്ചിട്ടില്ല. ബ്രിട്ടീഷ്സാമ്രാജ്യത്വ വാഴ്ച ഇല്ലായിരുന്നെങ്കിൽ ഏകോപിതമായ ഇൻഡ്യൻ രാഷ്ട്രത്തിനു വേണ്ടിയുള്ള വാദവും ഉണ്ടാകുമായിരുന്നില്ല എന്നതാണ് വസ്തുത. ബ്രിട്ടീഷ് ഭരണത്തിനു

മുമ്പ് ഇൻഡ്യയുടെ അവസ്ഥ എന്തായിരുന്നു? കുറെ ഹിന്ദുരാജാക്കന്മാരും മുസ്ലീം നവാബുമാരും ഉണ്ടായിരുന്നു. മുസ്ലീം രാജാക്കന്മാർ വരുന്നതിന് മുമ്പ് ഒറ്റപ്പെട്ട കുറെ ഹിന്ദുരാജ്യങ്ങളുണ്ടായിരുന്നു. അവയൊന്നും ഒരു രാഷ്ട്രമെന്ന നിലയിൽ ഏകോപിതമായിരുന്നില്ല. ബ്രിട്ടീഷുകാർ ഇവിടെ വന്ന് ഭരണം സ്ഥാപിക്കുകയും വ്യത്യസ്ത പ്രദേശങ്ങളെ പരസ്പരം ബന്ധപ്പെടുത്തുന്ന വാർത്താവിനിമയ സംവിധാനം സ്ഥാപിക്കുകയും, അതിലൂടെ മെച്ചപ്പെട്ട വ്യാപാരവാണിജ്യങ്ങൾ വളർത്തിയെടുക്കുകയും, അങ്ങനെ ഏകോപിതമായ ഒരു സമ്പദ്‌വ്യവസ്ഥ വളർത്തിയെടുക്കുകയും ചെയ്തുകൊണ്ട് ദേശീയ മൂലധനത്തിന്റെ വളർച്ചയ്ക്ക് കളമൊരുക്കിയില്ലായിരുന്നെങ്കിൽ ഒരു ഏകോപിത ഇൻഡ്യൻരാഷ്ട്രം വളർന്നുവരുമായിരുന്നില്ല. പകരം, പ്രത്യേക ബംഗാളി ദേശീയരാഷ്ട്രവും ഒഡിഷ ദേശീയരാഷ്ട്രവും ഗുജറാത്തി ദേശീയരാഷ്ട്രവും തമിഴ് ദേശീയരാഷ്ട്രവുമൊക്കെയേ വളർന്നുവരുമായിരുന്നുള്ളു. ഹിന്ദു എന്ന് പറയുന്നത് മതത്തിൽ അടിസ്ഥാനപ്പെടുത്തിയുള്ള ഒറ്റ രാഷ്ട്രമാണെങ്കിൽ പിന്നെ എന്തുകൊണ്ടാണ് നേപ്പാൾ ഒരു പ്രത്യേക രാഷ്ട്രവും ഭരണകൂടവുമായി നിലകൊണ്ടത്? നേപ്പാൾ ഹിന്ദുമതത്തിന്റെ രാജ്യമാണ്. നേപ്പാൾ ഒരു രാഷ്ട്രമായിരിക്കുന്നത് ഹിന്ദുമതത്തെ അടിസ്ഥാനപ്പെടുത്തിയല്ല, മറിച്ച് ഒരു പ്രത്യേക ദേശീയ അസ്തിത്വം എന്ന നിലയിലാണ്. പശ്ചിമേഷ്യയിലെ അറബിരാജ്യങ്ങളുടെ കാര്യമെടുക്കുക. അവരെല്ലാം മുസ്ലീങ്ങളാണെങ്കിലും അവിടെ നിരവധി രാഷ്ട്രങ്ങളുണ്ട്. എന്തുകൊണ്ടങ്ങനെ സംഭവിച്ചു? പാകിസ്ഥാന് മതത്തിന്റെ അടിസ്ഥാനത്തിൽ പൂർവ്വബംഗാളിനെ (ഇന്നത്തെ ബംഗ്ലാദേശ്) സ്വന്തം ഭാഗമായി നിലനിർത്താൻ കഴിഞ്ഞുവോ? അതിനാൽ, രാഷ്ട്രങ്ങൾ ഉദയം ചെയ്യുന്നത് മതത്തെ അടിസ്ഥാനപ്പെടുത്തിയല്ല എന്ന് വ്യക്തം. അങ്ങനെ, ബിജെപിയുടെ രക്ഷാധികാരിയായ ആർഎസ്എസ് ഇൻഡ്യൻ നവോത്ഥാനത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നടന്ന സ്വാതന്ത്ര്യസമരത്തിനും എതിരായിരുന്നുവെന്നോർക്കുക. അതുകൊണ്ടാണ് ആർഎസ്എസ് ദേശീയ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാതിരുന്നത്. ചരിത്രത്തിന് നിരക്കാത്ത ഈ സിദ്ധാന്തം വച്ചുകൊണ്ട് അവർ ഈ രാജ്യത്തെ എങ്ങോട്ടാണ് നയിക്കുന്നത്?

ഇത്തരത്തിലുള്ള വളച്ചൊടിക്കൽ ഇന്ന് മുതലാളിത്തത്തിന് ആവശ്യമുണ്ട് എന്നതാണ് വസ്തുത. ജനങ്ങൾ ഈ തെറ്റായ ആശയ

ത്തിന്റെ സ്വാധീനത്തിൽ പെട്ടുകഴിഞ്ഞാൽ പിന്നെ, ജീവിതത്തിൽ പ്രതിസന്ധികൾ ഏറിവരുമ്പോഴും അവർ ചോദ്യങ്ങൾ ഉന്നയിക്കുകയോ പ്രതിഷേധിക്കുകയോ ചെയ്യില്ല. മുജ്ജന്മത്തിലെ ചെയ്തികളുടെ ഫലം, വിധിവിഹിതം എന്നൊക്കെയുള്ള കാലഹരണപ്പെട്ട ആശയങ്ങളുടെ തടവുകാരായി, വിധിവിശ്വാസത്തിൽ മയങ്ങി അവർ കഴിഞ്ഞുകൊള്ളും. ഫാസിസ്റ്റ് സംസ്കാരമാണത്. ആർഎസ്എസ്-ബിജെപിയിലൂടെ കൂടുതൽ സംഘടിതമായ രീതിയിൽ ആ സംസ്കാരം ഇവിടെ വളർത്തിയെടുക്കാൻ ശ്രമിക്കുകയാണ്. തീർച്ചയായും, ഈ രാജ്യത്ത് അവരുടെ പദ്ധതി നടപ്പിൽ വരുത്തുന്നതിന് പല തടസ്സങ്ങളുമുണ്ട്. കുത്തകമൂലധനത്തിന്റെ കേന്ദ്രീകരണം ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും രാജ്യത്ത് പ്രാദേശികമൂലധനവും കുത്തകമൂലധനവും തമ്മിലുള്ള വൈരുദ്ധ്യം നിലനിൽക്കുന്നുവെന്ന കാര്യം സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. ചെറുകിട മൂലധനം വലിയ അളവിൽ ഇവിടെ നിലനിൽക്കുന്നു. അതുപോലെതന്നെ പ്രാദേശികവാദവും. സമ്പൂർണ്ണമായ ഫാസിസ്റ്റ് ദേശീയൈക്യത്തിന്റെ വളർച്ചയെ ഇതെല്ലാം തടസ്സപ്പെടുത്തുന്നു. അഭ്യസ്തവിദ്യരായ ജനങ്ങളും ഉദാരജനാധിപത്യവിശ്വാസികളും ഒരു ഗണ്യമായ ശക്തിയാണ്. ഫാസിസത്തിന്റെ വളർച്ചയെ അവർ അത്ര എളുപ്പം അംഗീകരിക്കുകയില്ല. അവർ പ്രതിഷേധിക്കുകയും സമരം വളർത്തിയെടുക്കുകയും ചെയ്യും. പോരാട്ടമുണ്ടാകും. അതാണ് യാഥാർത്ഥ്യം. ശരിയായ രീതിയിൽ വർഗ്ഗ ബഹുജനസമരങ്ങൾ വളർത്തിയെടുക്കാൻ കഴിഞ്ഞാൽ ഫാസിസ്റ്റ് വിപത്തിനെ നമുക്ക് നേരിടാൻ സാധിക്കും. പക്ഷെ, നാം അഭിമുഖീകരിക്കാൻ പോകുന്നത് വലിയൊരു വിപത്തിനെയാണെന്ന കാര്യം, മാർക്സിസ്റ്റ് വിപ്ലവകാരികളെന്ന നിലയിൽ, യഥാർത്ഥ ഇടതുപക്ഷ വിശ്വാസികളെന്ന നിലയിൽ നാം മനസ്സിലാക്കിയിരിക്കണം. സാധാരണ ജനങ്ങളും ഇത് മനസ്സിലാക്കണം. *(ഈ സമയത്ത് കനത്ത മഴ ആരംഭിച്ചു. പ്രസംഗം തുടരാമോ അതോ അവസാനിപ്പിക്കണമോ എന്ന് സഖാവ് പ്രൊവാഷ് ഘോഷ് സദസ്സിനോട് ചോദിച്ചു. പ്രസംഗം തുടരണമെന്ന് സദസ്സ് ഉച്ചത്തിൽ അഭ്യർത്ഥിച്ചതിനെത്തുടർന്ന് പ്രസംഗം തുടരുന്നു).*

ആർഎസ്എസ് ഹിന്ദുരാഷ്ട്രം എന്ന മുദ്രാവാക്യമുയർത്തുന്നു. ഈ വിഷയത്തിൽ രവീന്ദ്രനാഥ് ടാഗോറിന്റെ ഒരു നിരീക്ഷണം

ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു: "ഇൻഡ്യയിൽ ഹിന്ദു മനസ്സുകളെ മാത്രം അംഗീകരിച്ചാൽ മതിയാവില്ല. സാഹിത്യവും കലയും ശില്പകലയും ശാസ്ത്രവും മറ്റും അവയുടെ വൈവിദ്ധ്യപൂർവ്വമായ സമ്പന്നതയിൽ വികാസം പ്രാപിച്ചത് ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും കൂടിച്ചേരലിലൂടെയാണ്."[22] ആർഎസ്എസ്-ബിജെപി പൗരാണിക പാരമ്പര്യത്തെപ്പറ്റി പറയുന്നു. അങ്ങനെയെങ്കിൽ, ഈ രാജ്യത്ത് ഗൗതമബുദ്ധനും ജീവിച്ചിരുന്നുവെന്നോർക്കുക. ബുദ്ധൻ ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. ജൈനമതസ്ഥാപകനായ മഹാവീരനും ഈശ്വരവിശ്വാസിയായിരുന്നില്ല. ചാർവാക മുനിയുടെ തത്ത്വചിന്തയും ലോകായത ദർശനവും മറ്റും പോലെയുള്ള ഭൗതികവാദ തത്ത്വചിന്തകൾ ഈ രാജ്യത്തുണ്ടായിരുന്നു. ഈ രാജ്യത്തിന് വേദാന്ത ദർശനം മാത്രമേ ഉണ്ടായിരുന്നുള്ളുവോ? ആർഎസ്എസ്-ബിജെപി, പാരമ്പര്യത്തിന്റെ പേരിൽ മേല്പറഞ്ഞ മറ്റ് തത്ത്വചിന്തകളെയൊന്നും വളർത്തുകയില്ല. എന്തെന്നാൽ, അവ ഹിന്ദുത്വത്തിന്, അഥവാ ഹിന്ദുരാഷ്ട്രത്തെ പറ്റിയുള്ള അവരുടെ സിദ്ധാന്തത്തിന്, ഹാനി വരുത്തും. അവർക്ക് വേണ്ടത് അന്ധമായ വിശ്വാസമാണ്. അന്ധമായ മതഭക്തി. മുതലാളിത്തത്തിന് ആത്മവിശ്വാസം നൽകാൻ അതിനു മാത്രമേ സാധിക്കൂ. അത് ചെയ്യാനാണ് അവർ ശ്രമിക്കുന്നത്. ഇത് നാം മനസ്സിലാക്കിയിരിക്കണം.

മറ്റൊരു വിഷയം കൂടി ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്ത് മതേതരത്വം എന്ന വാക്ക് വളരെയേറെ വളച്ചൊടിക്കപ്പെട്ടിരിക്കുകയാണ്. മതേതരത്വമെന്നാൽ എല്ലാ മതങ്ങൾക്കും തുല്യ പ്രോത്സാഹനം എന്നാണ് ഇത്രയുംകാലം കോൺഗ്രസ്സ് വിശദീകരിച്ചുവന്നത്. എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ പേരിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ പ്രോത്സാഹിപ്പിക്കപ്പെട്ടത് ഹിന്ദുമതമാണ്. അല്ലെങ്കിൽ രാജ്യം വിഭജിതമാകുമായിരുന്നില്ല. പാകിസ്ഥാൻ സൃഷ്ടിക്കപ്പെടുമായിരുന്നില്ല. ഗാന്ധിജി തന്നെ സ്വയം ഒരു ഹിന്ദു സന്യാസിയുടെ ജീവിതമാണ് നയിച്ചത്. സ്വാതന്ത്ര്യസമരത്തിൽ ഉയർന്ന ജാതിക്കാരായ ഹിന്ദുക്കളുടെ മേധാവിത്വമുണ്ടായിരുന്നു. താണ ജാതിക്കാരെന്ന് വിളിക്കപ്പെടുന്ന ആളുകൾ — തീർച്ചയായും ഞങ്ങൾ ആരെയും താണ ജാതിക്കാരായി കണക്കാക്കുന്നില്ല — സ്വാതന്ത്ര്യസമരത്തിൽ പങ്ക് ചേർന്നതുമില്ല. ഉയർന്ന

ജാതിക്കാരെന്ന് കരുതപ്പെടുന്ന ഹിന്ദുക്കൾ മാത്രമാണ് സ്വാതന്ത്ര്യ സമരത്തെ നിയന്ത്രിച്ചിരുന്നത്. മതേതരത്വം എന്ന വാക്കിന്റെ ശരി യായ വിവക്ഷയെന്താണ്? നവോത്ഥാനകാലത്ത് അഥവാ ബൂർഷ്വാ ജനാധിപത്യവിപ്ലവ കാലഘട്ടത്തിൽ, യൂറോപ്പിൽ ഉയർന്നുവന്ന ആശയമായ മതേതരത്വത്തിന്റെ നിലപാട് ഭരണകൂടം ഒരു മത ത്തെയും പ്രോത്സാഹിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്തു കൂടാ എന്നതാണ്. രാഷ്ട്രീയം, സമ്പദ്‌വ്യവസ്ഥ, വിദ്യാഭ്യാസം, സംസ്കാരം എന്നിവയിലൊന്നും മതത്തിന് സ്ഥാനമുണ്ടാവുക യില്ല. മതം വ്യക്തികളുടെ സ്വകാര്യവിഷയമായിരിക്കും. ആർക്കെ ങ്കിലും താല്പര്യമുണ്ടെങ്കിൽ മതവിശ്വാസം പുലർത്താം, താല്പ ര്യമില്ലെങ്കിൽ അതിന്റെ ആവശ്യമില്ല. വേണമെങ്കിൽ ദൈവത്തിൽ വിശ്വസിക്കാം, വിശ്വസിക്കാതെയുമിരിക്കാം. അതാണ് യഥാർത്ഥ മതേതരത്വം. പക്ഷെ, പരിഷ്കരണവാദികളായ കോൺഗ്രസ്സ് നേതൃത്വം, അനുരഞ്ജന നിലപാട് സ്വീകരിച്ചിരുന്ന ബൂർഷ്വാസി യുടെ താല്പര്യം പരിഗണിച്ചുകൊണ്ട്, മതേതരത്വത്തെ സംബ ന്ധിച്ച ഈ ശരിയായ ധാരണ നമ്മുടെ രാജ്യത്ത് വേരുപിടിക്കാൻ അനുവദിച്ചില്ല. മതത്തിന് രാഷ്ട്രീയവുമായി ഒരു ബന്ധവും പാടി ല്ലെന്ന് സുഭാഷ്ചന്ദ്രബോസും പറഞ്ഞിരുന്നു. ശാസ്ത്രത്തിന്റെയും സാമ്പത്തികശാസ്ത്രത്തിന്റെയും രാഷ്ട്രമീമാംസയുടെയും മറ്റും അടിസ്ഥാനത്തിലാകണം രാഷ്ട്രീയം എന്നായിരുന്നു അദ്ദേഹ ത്തിന്റെ അഭിപ്രായം. അദ്ദേഹം പറഞ്ഞു: "മതത്തെ രാഷ്ട്രീയത്തിൽ നിന്ന് പരിപൂർണ്ണമായും മാറ്റി നിർത്തണം. മതം ഓരോരുത്തരു ടെയും സ്വകാര്യവിഷയം മാത്രമായിരിക്കണം. ഏതൊരു വ്യക്തിക്കും ഒരു മനുഷ്യനെന്ന നിലയിൽ, തനിക്ക് താല്പര്യമുള്ള മതം ദീക്ഷി ക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. പക്ഷെ, രാഷ്ട്രീയം മതത്തിന്റെയോ മറ്റേതെങ്കിലും പ്രകൃത്യതീത ആശയ ത്തിന്റെയോ അടിസ്ഥാനത്തിൽ നയിക്കപ്പെട്ടുകൂടാ. രാഷ്ട്രീയത്തെ നയിക്കേണ്ടത് സാമ്പത്തികവും രാഷ്ട്രീയവും ശാസ്ത്രീയവുമായ യുക്തിവിചാരമായിരിക്കണം."[9] അദ്ദേഹം ഇങ്ങനെയും പറയുക യുണ്ടായി: "ഹിന്ദുമഹാസഭ വോട്ടഭ്യർത്ഥിക്കാനായി ഹിന്ദുസന്യാ സിമാരെയും സന്യാസിനിമാരെയും കൈയിൽ ത്രിശൂലവും നൽകി അയയ്ക്കുകയുണ്ടായി. കാവി വസ്ത്രവും ത്രിശൂലവും കാണു മ്പോൾ ഏതൊരു ഹിന്ദുവും ശിരസ്സ് നമിക്കുന്നു. മതത്തെ മുതലെ ടുത്തുകൊണ്ടും അവഹേളിച്ചുകൊണ്ടുമാണ് ഹിന്ദുമഹാസഭ

രംഗത്തുവന്നിരിക്കുന്നത്... ഈ വഞ്ചകരെ ദേശീയജീവിതത്തിൽ നിന്ന് ഒറ്റപ്പെടുത്തണം. അവർക്ക് ചെവികൊടുക്കരുത്. സ്വാതന്ത്ര്യസ്നേഹികളായ എല്ലാ സ്ത്രീപുരുഷന്മാരും ഒറ്റക്കെട്ടായും ഏകാഗ്രമായും രാജ്യത്തെ സേവിക്കണം എന്നതാണ് നമ്മുടെ ആവശ്യം."[23]

അദ്ദേഹം ഇങ്ങനെയും പറയുകയുണ്ടായി: "ഇൻഡ്യയിൽ ഹിന്ദുക്കൾ ഭൂരിപക്ഷമായതുകൊണ്ട് ഹിന്ദുരാഷ്ട്രം വേണം എന്ന വാദം ഉയർന്നിട്ടുണ്ട്. ഇതെല്ലാം അശാസ്ത്രീയമായ ആശയങ്ങളാണ്... ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും താല്പര്യങ്ങൾ വ്യത്യസ്തമാണെന്ന് പറയുന്നത് ഏറ്റവും വലിയ അസത്യമാണ്. വെള്ളപ്പൊക്കമോ ക്ഷാമമോ പകർച്ചവ്യാധികളോ പോലുള്ള ദുരിതങ്ങൾ മതത്തിന്റെ അടിസ്ഥാനത്തിൽ ആരെയും ഒഴിവാക്കുന്നില്ല."[23] രവീന്ദ്രനാഥ് ടാഗോറും മതത്തെ രാഷ്ട്രീയത്തിലേയ്ക്ക് കടത്തിവിടുന്നതിനെ എതിർത്തിരുന്നു. ശരത്ചന്ദ്ര ചാറ്റർജിയുടെയും അഭിപ്രായം അതു തന്നെയായിരുന്നു. അദ്ദേഹം പറഞ്ഞു: "ആദർശത്തെപ്പറ്റി പറയുമ്പോൾ നാം കൂടുതൽ മഹത്തായ ആദർശത്തെപ്പറ്റി, ക്ഷേമത്തിന്റെയും അന്തസ്സിന്റെയും ആദർശത്തെപ്പറ്റി, പറയണം. വളരെ ആദരണീയരായ വ്യക്തികൾ ഉയർത്തിപ്പിടിക്കുന്നു എന്ന കാരണത്താൽ മാത്രം ഒരു ആദർശത്തെയും അംഗീകരിക്കരുത്; ഇൻഡ്യയുടെ, ഏഷ്യയുടെ, ഹിന്ദുക്കളുടെ ആദർശമായി സ്വീകരിക്കരുത്. ആ രീതിയിൽ നാം വാദിക്കരുത്. എന്തെന്നാൽ, അത് ക്ഷുദ്ര മനസ്സിന്റെ സങ്കുചിതമായ ആദർശമാണ്, സാർവ്വലൗകികവും ഉദാരവുമായ ആദർശമല്ല... വലിയ വിശ്വാസികളും ഭക്തന്മാരുമാണ് ഇത്രയും കാലം ഈ രാജ്യത്തെ രാഷ്ട്രീയം കൈകാര്യംചെയ്തത്. സന്യാസികളാകേണ്ടിയിരുന്നവർ രാഷ്ട്രീയക്കാരായി. അതുകൊണ്ടാണ് ഇൻഡ്യയുടെ രാഷ്ട്രീയം ഇത്രയും ദയനീയമായ പതനത്തിലെത്തിയിരിക്കുന്നത്."[26] പക്ഷെ, ഈ ശരിയായ മതേതരത്വം നമ്മുടെ രാജ്യത്ത് അനുവർത്തിക്കപ്പെട്ടില്ല. സിപിഐ(എം), സിപിഐ എന്നീ പാർട്ടികളും മതേതരത്വത്തെ സംബന്ധിച്ച ശരിയായ ധാരണ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചില്ല. അല്ലെങ്കിൽ അവരുടെ സ്ഥിതി ഇത്രയും ദയനീയമാകുമായിരുന്നുവോ? സിപിഐ(എം)-ന്റെ പ്രവർത്തകരും അനുയായികളും വോട്ടർമാരും വലിയ സംഘങ്ങളായി ബിജെപിയിൽ ചേർന്നുകൊണ്ടിരിക്കുകയാണ്. സിപിഐ(എം) അവരുടെ പ്രവർത്തകരെയും

അനുയായികളെയും എന്തുതരം വിപ്ലവരാഷ്ട്രീയവും ഇടതുപക്ഷ രാഷ്ട്രീയവുമാണ് ഇത്രയും കാലം പഠിപ്പിച്ചുകൊണ്ടിരുന്നത് എന്ന് ആലോചിച്ചുനോക്കുക. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഹിന്ദു സിപി ഐ(എം)-കാർ ബിജെപിയുടെ ഭാഗത്തേയ്ക്കും മുസ്ലീം സിപി ഐ(എം)-കാർ തൃണമൂൽ കോൺഗ്രസ്സിന്റെ ഭാഗത്തേയ്ക്കും ചായു കയുണ്ടായി. സിപിഐ(എം) പഠിപ്പിച്ചിരിക്കുന്ന കമ്മ്യൂണിസത്തി ന്റെയും ഇടതുപക്ഷരാഷ്ട്രീയത്തിന്റെയും മതേതരത്വത്തിന്റെയും മേന്മ അതാണ്! വോട്ട് നേടുന്നതിനെ മാത്രം ലാക്കാക്കിയുള്ള അവ സരവാദ രാഷ്ട്രീയമാണ് അവർ അനുവർത്തിച്ചുപോന്നത്.

## വികസനമെന്ന കപടവാഗ്ദാനം

അടുത്തകാലത്തായി എല്ലാ ഭരണകക്ഷികളും 'വികസനം' എന്ന വാക്ക് പറയുന്നുണ്ട്. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവരെല്ലാം വികസനത്തെപ്പറ്റി പറയുന്നു. വഞ്ചനാപരമായ ഒരു മുദ്രാവാക്യമാ ണിത്. പലപ്പോഴും ജനങ്ങൾ അത് കേട്ട് വഞ്ചിതരാകുന്നു. ആർക്കു വേണ്ടിയുള്ള വികസനം എന്ന ചോദ്യം ഒരിക്കലും ഉയർത്തപ്പെടു ന്നില്ല. സമൂഹം വർഗ്ഗവിഭജിതമാണ്. അദ്ധ്വാനവും മൂലധനവും എന്ന നിലയിൽ, മർദ്ദകനും മർദ്ദിതനും എന്ന നിലയിൽ, ധനി കനും ദരിദ്രനും എന്ന നിലയിൽ, സമൂഹം വിഭജിതമാണ്. ഇതിൽ ആരുടെ വികസനത്തെപ്പറ്റിയാണ് തെരഞ്ഞെടുപ്പിനെ മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന ഈ പാർട്ടികൾ പറയുന്നത്? ചൂഷക രായ മുതലാളിമാരുടെ വികസനമാണെങ്കിൽ അനിവാര്യമായും അത് തൊഴിലാളികളുടെയും കർഷകരുടെയും ജീവിതത്തിൽ കടുത്ത പ്രതിസന്ധി സൃഷ്ടിക്കും. എന്തെന്നാൽ മുതലാളിമാരുടെ വർഗ്ഗതാ ല്പര്യവും തൊഴിലാളികളുടെയും കർഷകരുടെയും വർഗ്ഗതാല്പ ര്യവും തമ്മിൽ ശത്രുതാപരമായ വൈരുദ്ധ്യമാണുള്ളത്. ഇരു കൂട്ടർക്കും ഒരേസമയം വികസനം ഉണ്ടാവുക സാദ്ധ്യമല്ല. സിപി ഐ(എം) വികസനത്തെപ്പറ്റി പറഞ്ഞിരുന്നു. ഇപ്പോൾ തൃണമൂൽ കോൺഗ്രസ്സും അതുതന്നെ പറയുന്നു. ബിജെപിയും അങ്ങനെ തന്നെ. അങ്ങനെ അവരെല്ലാവരും ജനങ്ങളെ കബളിപ്പിക്കുകയാണ്.

ഇന്ന് ബൂർഷ്വാസിയുടെ സ്വഭാവമെന്തെന്ന് നോക്കുക. ഒരുകാ ലത്ത്, അതായത് ഫ്രഞ്ച് വിപ്ലവത്തിന്റെ നാളുകളിൽ, ബൂർഷ്വാസി ദേശീയത, ദേശീയവ്യവസായം, ദേശീയവിപണി, ദേശീയ സമ്പദ്വ്യ

വസ്ഥ എന്നൊക്കെയുള്ള മുദ്രാവാക്യമുയർത്തി. അക്കാലത്ത് ദേശീയവാദം പുരോഗമനപരമായിരുന്നു. നമ്മുടെ രാജ്യത്ത് ബ്രിട്ടീഷ് സാമ്രാജ്യത്വവാഴ്ചയിൽ നിന്നുള്ള ദേശീയസ്വാതന്ത്ര്യം എന്ന മുദ്രാവാക്യമുയർന്നിരുന്നു. ദേശീയവ്യവസായത്തിന് വേണ്ടിയും ദേശീയ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനും വിദേശവസ്തുക്കൾ ബഹിഷ്കരിക്കുന്നതിനും വേണ്ടിയുമുള്ള മുദ്രാവാക്യങ്ങളും ബൂർഷ്വാസി തന്നെയാണുയർത്തിയത്. അക്കാലത്ത് ദേശീയബൂർഷ്വാസി പുരോഗമനകാരിയായിരുന്നു. എന്നാൽ ഇന്ന് ദേശീയബൂർഷ്വാസി കുത്തകയുടെ ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. അവർ വിദേശനാടുകളിലെ അദ്ധ്വാനശേഷിയെയും അസംസ്കൃതവസ്തുക്കളെയും ചൂഷണം ചെയ്യുന്നതിനുവേണ്ടി വിദേശരാജ്യങ്ങളിലേയ്ക്ക് ഫിനാൻസ് മൂലധനം കയറ്റുമതി ചെയ്തുകൊണ്ടിരിക്കുന്നു. ബഹുരാഷ്ട്ര കുത്തകകൾക്ക് ജന്മം നൽകിയിരിക്കുന്നു. അത് ഒരുവശത്ത് വിദേശവിപണിയെ ചൂഷണം ചെയ്യുന്നതിനായി വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നു; മറുവശത്ത്, ആഭ്യന്തരകമ്പോളത്തെ ചൂഷണം ചെയ്യുന്നതിനായി, വിദേശമൂലധനത്തെ, പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ഇങ്ങോട്ട് ക്ഷണിച്ചുവരുത്തുന്നു. ഇന്നത്തെ ബൂർഷ്വാസിയിൽ ദേശീയവാദത്തിന്റെ തരിമ്പും അവശേഷിക്കുന്നില്ല. ബഹുരാഷ്ട്രകുത്തകകൾക്ക് സ്വന്തം രാഷ്ട്രം എന്ന ഒന്നില്ല. അവരെ സംബന്ധിച്ചിടത്തോളം ലോകമൊന്നാകെ അവർക്ക് കൊള്ളയടിക്കാനുള്ള സ്ഥലമാണ്. ഇപ്പോൾ ഇൻഡ്യൻ മുതലാളിത്ത ഭരണകൂടം പ്രതിരോധവ്യവസായത്തിൽ, ആയുധ നിർമ്മാണ വ്യവസായത്തിൽ, പ്രത്യക്ഷ വിദേശനിക്ഷേപം പോലും ക്ഷണിച്ചിരിക്കുകയാണ്. എന്തെന്നാൽ, രാജ്യം ഭരിക്കുന്ന ബൂർഷ്വാസിക്ക് കൂടുതൽ വിദേശ മൂലധനവും, അത്യന്താധുനികങ്ങളായ ആയുധങ്ങൾ നിർമ്മിക്കാനാവശ്യമായ ആധുനിക സാങ്കേതികവിദ്യയും ആവശ്യമാണ്. ഇൻഡ്യൻ മുതലാളിത്തം ഏറ്റവും ആധുനികമായ ആയുധങ്ങളണിഞ്ഞ് തയ്യാറായിരിക്കാൻ താല്പര്യപ്പെടുന്നു. എന്തെന്നാൽ, ഇൻഡ്യൻ മുതലാളിത്തം സാമ്രാജ്യത്വസ്വഭാവം കൈവരിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ നാളിൽ പ്രധാനമന്ത്രി മോദി നേപ്പാളിൽ പോവുകയുണ്ടായി. ശ്രീലങ്കയും മലയയും ബംഗ്ലാദേശും കൂടി അദ്ദേഹം സന്ദർശിക്കും. ഒരിക്കൽ, ജിന്നയെ പ്രശംസിച്ചതിന്റെ പേരിൽ അദ്വാനിക്ക് രാജിവയ്ക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ, കുത്തക കുടുംബങ്ങളുടെ സമ്മർദ്ദം മൂലം, മോദിയുടെ

സത്യപ്രതിജ്ഞാ ചടങ്ങിലേയ്ക്ക് പാകിസ്ഥാൻ പ്രധാനമന്ത്രി ക്ഷണിക്കപ്പെടുകയുണ്ടായി. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, ഇൻഡ്യൻ കുത്തകകൾക്ക് നേപ്പാൾ, ബംഗ്ലാദേശ്, പാകിസ്ഥാൻ, ശ്രീലങ്ക, മ്യാൻമർ എന്നീ രാജ്യങ്ങളിലെ വിപണി ആവശ്യമുണ്ട്. ഇൻഡ്യൻ മൂലധനത്തിനും ചരക്കുകൾക്കും വിപണി ആവശ്യമുണ്ട്. അതിനാൽ, ആർഎസ്എസ്-ബിജെപിയുടെ സമീപനത്തിൽ മാറ്റമുണ്ടായിരിക്കുന്നു. ഇൻഡ്യൻ മുതലാളിമാർ ഇതിനകം 32,426 ലക്ഷം കോടി രൂപ വിദേശത്ത് നിക്ഷേപിച്ചിട്ടുണ്ട്. ഇൻഡ്യൻ മുതലാളിമാർ പശ്ചിമേഷ്യയിലും യൂറോപ്പിലും ലാറ്റിനമേരിക്കയിലും, എന്നല്ല അമേരിക്കയിൽപ്പോലും, വ്യവസായങ്ങൾ നടത്തുന്നു. മിത്തലിനെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ലോകത്തെ ഏറ്റവും സമ്പന്നരായ പത്ത് വ്യക്തികളിൽ ഒരാളാണദ്ദേഹം. ഇന്ന് ഇൻഡ്യൻ ബൂർഷ്വാസിയുടെ നില ഇതാണ്. മറ്റ് രാജ്യങ്ങളിലെ, വിശിഷ്യ ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിലെ, വിപണിയുടെ മേൽ ആധിപത്യം പുലർത്തണമെങ്കിൽ അവർക്ക് മൂലധനശക്തിയും, അതുപോലെതന്നെ സൈനികശക്തിയും, ആവശ്യമാണ്. അയൽരാജ്യങ്ങളിലെ ഭരണാധികാരികളെ സമ്മർദ്ദത്തിൻകീഴിൽ നിർത്താൻ അതാവശ്യമാണ്. അതുകൊണ്ടാണ് അവർ ഇതെല്ലാം ചെയ്യുന്നത്.

അതിനാൽ, ഇൻഡ്യൻ ബൂർഷ്വാസിയിൽ ദേശീയവാദത്തിന്റെ കണികപോലും അവശേഷിക്കുന്നില്ല. രാജ്യത്തിന്റെ താല്പര്യം അവർ പരിഗണിക്കുന്നതേയില്ല. ജനങ്ങളോടുള്ള അവരുടെ സമീപനം എന്താണ്? മഹാനായ സ്റ്റാലിൻ പറഞ്ഞിട്ടുള്ളതുപോലെ, മുതലാളിമാരെ സംബന്ധിച്ചിടത്തോളം മനുഷ്യർ കേവലം അസംസ്കൃതവസ്തുക്കൾ, മനുഷ്യ അസംസ്കൃതവസ്തുക്കൾ, അല്ലാതെ മറ്റൊന്നുമല്ല. ഫാക്ടറികളിൽ യന്ത്രങ്ങളിൽ കൽക്കരി കത്തിച്ച് ചാരമാക്കുന്നതെങ്ങനെയോ അതുപോലെതന്നെ അദ്ധ്വാനവും ആവശ്യമാണ്. തൊഴിലാളിയുടെ രക്തവും മാംസവും പിഴിഞ്ഞൂറ്റിയാണ് വ്യവസായത്തിന്റെ ചക്രം തിരിക്കുന്നത്. ഈ അദ്ധ്വാനശേഷിയെ ചൂഷണം ചെയ്തിട്ടാണ് മുതലാളിമാർ ലാഭമുണ്ടാക്കുന്നത്. അങ്ങനെ അവർ ജനങ്ങളെ തൊഴിലാളികളെന്ന നിലയിലും ഉൽപ്പന്നങ്ങൾ വാങ്ങുന്നവരെന്ന നിലയിലും ചൂഷണംചെയ്യുന്നു. അതിനുവേണ്ടി മാത്രമാണ് അവർക്ക് ജനങ്ങളെ വേണ്ടത്. രാജ്യം എന്നത് അവരെ സംബന്ധിച്ചിടത്തോളം ചൂഷണത്തിനുള്ള മേച്ചിൽപ്പുറം

എന്നതല്ലാതെ മറ്റൊന്നുമല്ല. ഇന്ന് മുതലാളിത്തം ചെന്നെത്തി നിൽക്കുന്ന അവസ്ഥ ഇതാണ്. ഇന്ന് ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലും മുതലാളിത്തത്തിന് അതിന്റെ പഴയ ദേശീയസ്വഭാവം നഷ്ടമായിരിക്കുന്നു. ബഹുരാഷ്ട്രക്കുത്തകയുടെ കാലമായപ്പോഴേയ്ക്കും രാഷ്ട്രം, പരമാധികാരം തുടങ്ങിയവയെ സംബന്ധിച്ച സങ്കല്പങ്ങൾക്കുതന്നെ മാറ്റം വന്നിരിക്കുന്നു. കമ്പോളത്തെ കേന്ദ്രീകരിച്ച് ഒരു യുദ്ധമുണ്ടാകുമ്പോൾ മാത്രം മുതലാളിമാർ ദേശീയവികാരം കുത്തിയിളക്കുന്നു. വിപണി പിടിച്ചടക്കാൻ വേണ്ടിയുള്ള ഒരു യുദ്ധമുണ്ടാവുകയാണെങ്കിൽ മുതലാളിമാർ വീണ്ടും, ഭ്രാന്തമായ ദേശീയാഭിനിവേശത്തിന്റെ രൂപത്തിൽ ദേശീയഭ്രാന്ത് കുത്തിപ്പൊക്കാൻ തുടങ്ങും.

ഭീകരമായ മുതലാളിത്ത മർദ്ദനത്തിന്റെയും ചൂഷണത്തിന്റെയും ഫലമായി ഇന്ന് ലോകം ഏതവസ്ഥയിലായിരിക്കുന്നു? കേവലം 85 വ്യക്തികളുടെ കൈവശമുള്ളത് 350 കോടി ജനങ്ങളുടെ കൈവശമുള്ളതിന് തുല്യമായ സമ്പത്താണ്. സമ്പത്ത് എങ്ങനെയാണ് ചുരുക്കം ചില വ്യക്തികളുടെ കൈവശം കേന്ദ്രീകരിക്കപ്പെടുന്നതെന്ന് നോക്കുക. ലോകത്തെ 300 കോടി ജനങ്ങളുടെ പ്രതിശീർഷ വരുമാനം പ്രതിദിനം 155 രൂപ മാത്രമാണ്. 120 കോടി ആളുകളുടേത് 77 രൂപയും. അങ്ങനെ 420 കോടി ആളുകളുടെ വരുമാനം ഇത്രയും തുച്ഛമാണ്. ഇതാണ് ലോകമുതലാളിത്ത വിപണി. ആ വിപണിയുടെ അവസ്ഥയെന്താണ്? ഇക്കഴിഞ്ഞ ദിവസം ഒരു പ്രസംഗത്തിൽ ഇൻഡ്യൻ പ്രസിഡന്റ് പറയുകയുണ്ടായി, ഇൻഡ്യയിലെ 120 കോടി ജനങ്ങളിൽ 66 കോടിക്കും തൊഴിലില്ലെന്ന്. 66 കോടി പേർ തൊഴിൽരഹിതരാണെങ്കിൽ ഈ രാജ്യത്തെ മുതലാളിത്ത വിപണിയുടെ സ്ഥിതിയെന്താണ്? ഇൻഡ്യയിലെ തൊഴിൽരഹിതരുടെ യഥാർത്ഥ എണ്ണം 80 കോടിയാണെന്നും, രാജ്യത്തെ ജനസംഖ്യയുടെ 85 ശതമാനം പേരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്നുമാണ് ഞങ്ങളുടെ അഭിപ്രായം. ലോകത്താകമാനം ഇന്ന് കടുത്ത കമ്പോളപ്രതിസന്ധി നിലനിൽക്കുന്നു. ഒരു കടുവ മാനിനെ തിന്നുമ്പോൾ ആ മാനിന്റെ ഗർഭപാത്രത്തിലുള്ള കുഞ്ഞിനെയും കൂടി ഭക്ഷിക്കുകയും അങ്ങനെ മാനിന് വംശനാശം സംഭവിക്കുകയും ചെയ്താൽ, അത് കടുവയ്ക്ക് ഭക്ഷണദൗർലഭ്യമുണ്ടാകാൻ കാരണമാകും. അതുപോലെ, പുല്ല് തിന്നുന്ന മൃഗങ്ങൾ പുല്ലിന്റെ വേരും കൂടി ഭക്ഷിച്ചാൽ, അതിന് പിന്നീട് തിന്നാൻ പുല്ലു

ണ്ടാവില്ല. മുതലാളിത്തം അതുപോലെയാണ്. മുതലാളിത്തം ജന ങ്ങളെ അങ്ങേയറ്റം പിഴിഞ്ഞൂറ്റുന്നതിനാൽ, അവരുടെ ചൂഷണത്തി നാവശ്യമായ വിപണിപോലും ഇല്ലായ്മ ചെയ്യപ്പെടുന്നു. ഇന്ന് മുത ലാളിത്തം അപരിഹാര്യമായ കമ്പോളപ്രതിസന്ധിയിൽ ആണ്ടുമു ങ്ങിയിരിക്കുകയാണ്. അവർ മൂക്കറ്റം പ്രതിസന്ധിയിലാണെന്ന് പറയാം. മുതലാളിമാർ ഒരു പുതിയ വാക്ക് സൃഷ്ടിച്ചിട്ടുണ്ട്, 'അർദ്ധ-സ്ഥിരസ്വഭാവത്തിലുള്ള വ്യാപാരമാന്ദ്യം' (quasi-permanent recession). ഏതാണ്ട് സ്ഥായിയായ വ്യാപാരമാന്ദ്യം എന്നാണ് അതിനർത്ഥം. ഇന്ന് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. ചിലപ്പോൾ ഉൽപ്പാദനം 2 ശതമാനം വർദ്ധിക്കും, പക്ഷെ, രണ്ടോ മൂന്നോ മാസം കഴിയുമ്പോഴേയ്ക്കും അത് 3 ശതമാനം ഇടിയുന്നു. യഥാർത്ഥത്തിൽ ലോകമുതലാളിത്തം ഇന്ന് മൂക്കറ്റം പ്രതിസന്ധിയിൽ ആണ്ടുമുങ്ങിയിരിക്കുകയാണ്. എല്ലാ ഗവണ്മെന്റു കളും കടം വാങ്ങിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ വിദേശകടം 2,41,56,000 കോടി രൂപയാണ്. ധനക്കമ്മി വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഗവണ്മെന്റിന്റെ വരുമാ നത്തിന്റെ സിംഹഭാഗവും കടം തിരിച്ചടയ്ക്കാൻ വേണ്ടിയാണ് ചെല വാകുന്നത്. തൽഫലമായി വിലകൾ വീണ്ടും വർദ്ധിക്കുന്നു. നികുതികളും വർദ്ധിക്കും. ഭീമമായ തുകയ്ക്കുള്ള കറൻസി നോട്ടു കൾ അടിച്ചിറക്കുകയും അത് പണപ്പെരുപ്പം വീണ്ടും ഉയരാനിട യാക്കുകയും ചെയ്യും. ഭക്ഷ്യവസ്തുക്കൾക്കും വളത്തിനും എന്തെ ങ്കിലും സബ്സിഡി ഇപ്പോൾ നൽകുന്നുണ്ടെങ്കിൽ, അതും പിൻവ ലിക്കപ്പെടും. ബഹുരാഷ്ട്രക്കുത്തകകളും കോർപ്പറേറ്റുകളും അവ രുടെ ചൂഷണം കൂടുതൽ തീവ്രമാക്കും. തൊഴിലില്ലായ്മ, തൊഴിൽ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ, സ്ഥിരം തൊഴിലിന് പകരം കരാർ തൊഴിലാളികളെ നിയമിക്കാനുള്ള പ്രവണത എന്നിവ കൂടിക്കൂടി വരും. കൂലി വെട്ടിക്കുറയ്ക്കപ്പെടും. തൊഴിലാളികൾ ഇന്നനുഭവി ച്ചുവരുന്ന പരിമിതമായ അവകാശങ്ങളും കൂടി, സ്വദേശ-വിദേശ മൂലധനത്തിന്റെ നിർദ്ദയമായ ചൂഷണത്തിന്റെ താല്പര്യാർത്ഥം, നിഷേധിക്കപ്പെടും. ഇതാണ് മുതലാളിത്തം. ഇങ്ങനെയുള്ള മുത ലാളിത്ത വ്യവസ്ഥിതി നിലനിൽക്കെ എങ്ങനെയാണ് വികസ നമുണ്ടാവുക? വിശ്വാസികൾ ആരാധിക്കുന്ന സർവ്വശക്തനായ ദൈവത്തിനു പോലും മുതലാളിത്തത്തെ ഈ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ കഴിയില്ല.

# മുതലാളിത്തം ഇന്ന് വ്യവസായങ്ങളെത്തന്നെ നശിപ്പിക്കുന്നു

വ്യവസായവിപ്ലവം കൊണ്ടുവന്ന മുതലാളിവർഗ്ഗം തന്നെ വ്യവസായങ്ങളെ നശിപ്പിക്കുമെന്ന് മഹാനായ മാർക്സ് വർഷങ്ങൾക്കുമുമ്പ് പറഞ്ഞിരുന്നു. ഇന്നത്തെ മുതലാളിത്തം മനുഷ്യരാശിയുടെ കൊടിയ ശത്രുവാണ്. അവരുടെ പാർലമെന്ററി ജനാധിപത്യത്തിൽ 'പാർലമെന്റുണ്ട്' പക്ഷെ, 'ജനാധിപത്യ'മില്ല. ഒരിടത്തും ജനാധിപത്യമില്ല. ബൂർഷ്വാസി ഉദയം ചെയ്ത നാളുകളിൽ അവരുടെ മുദ്രാവാക്യം സമത്വം-സാഹോദര്യം-സ്വാതന്ത്ര്യം എന്നതായിരുന്നു. എവിടെ ആ സമത്വം? ഒരു വശത്ത് മർദ്ദകരും മറുവശത്ത് മർദ്ദിതരും. കടുത്ത വിവേചനമാണ് നിലനിൽക്കുന്നത്. യാതൊരു സമത്വവുമില്ല. മുതലാളിത്തം രണ്ട് ലോകയുദ്ധങ്ങൾ നടത്തി. സാമ്രാജ്യത്വശക്തികൾ രാജ്യങ്ങൾ തമ്മിൽ യുദ്ധം സൃഷ്ടിക്കുകയും സംഹാരാത്മകമായ ആക്രമണങ്ങൾ കുത്തിപ്പൊക്കുകയും ചെയ്യുന്നു. അമേരിക്കൻ സാമ്രാജ്യത്വശക്തികൾ ഇറാഖിനെയും ലിബിയയെയും അഫ്ഘാനിസ്ഥാനെയും സിറിയയെയും ആക്രമിച്ച് നശിപ്പിച്ചിരിക്കുന്നു. ഇസ്രായേൽ പാലസ്തീനെ തകർത്ത് തരിപ്പണമാക്കുകയും, വിവേചനരഹിതമായി പാലസ്തീൻകാരെ കൊന്നൊടുക്കുകയും ചെയ്യുന്നു. ഓരോ ദിവസവും ഇത്തരം വാർത്തകൾ കേട്ട് നിങ്ങൾ ഞെട്ടുന്നു. പിഞ്ചുകുഞ്ഞുങ്ങളുൾപ്പെടെ ആയിരക്കണക്കിനാളുകൾ കൊല്ലപ്പെടുന്നു. എണ്ണമറ്റ ഗ്രാമങ്ങളും നഗരങ്ങളും ചുട്ടുചാമ്പലാക്കപ്പെടുന്നു. ഇതാണ് സാമ്രാജ്യത്വശക്തികളുടെ "സാഹോദര്യം"! ഇതെല്ലാം അവർ ചെയ്യുന്നത് പാർലമെന്ററി ജനാധിപത്യത്തിന്റെ കൊടി പിടിച്ചുകൊണ്ടാണ്. സ്വാതന്ത്ര്യം എന്നതിന് ഇന്നത്തെ അർത്ഥം ചൂഷകവർഗ്ഗത്തിന് ജനങ്ങളെ നിരങ്കുശം ചൂഷണംചെയ്യാനും മർദ്ദിക്കാനും ചങ്ങലയ്ക്കിടാനുമുള്ള സ്വാതന്ത്ര്യം എന്നാണ്. സമത്വം-സ്വാതന്ത്ര്യം-സാഹോദര്യം എന്ന ബൂർഷ്വാസിയുടെ മുദ്രാവാക്യത്തിന്റെ ഇന്നത്തെ അവസ്ഥ ഇതാണ്. ഇന്നത്തെ ബൂർഷ്വാനേതാക്കൾ ഇരട്ടത്താപ്പുകാരും വഞ്ചകരുമാണ്. സ്വാതന്ത്ര്യസമരകാലത്ത് നമ്മുടെ നേതാക്കൾ രാജ്യത്തിന്റെ കാവൽമാലാഖമാരായിരുന്നു. യുവാക്കൾ സുഭാഷ്ചന്ദ്രബോസ്, ദേശബന്ധു, രവീന്ദ്രനാഥ്, ശരത്ചന്ദ്ര ചാറ്റർജി തുടങ്ങിയവരിൽ നിന്ന് പാഠങ്ങളുൾക്കൊണ്ടിരുന്നു. വിദ്യാസാഗറിൽ നിന്നും

വിവേകാനന്ദനിൽ നിന്നും ആവേശമുൾക്കൊണ്ട് യുവാക്കൾ ഉണർന്നിരുന്നു. എന്നാൽ, ഇന്നത്തെ നേതാക്കളിൽ നിന്ന് നമ്മുടെ കുട്ടികൾക്ക് എന്താണ് പഠിക്കാനുള്ളത്? മുതലാളിത്തം മാനുഷികമായ നന്മകളെയും മൂല്യങ്ങളെയും കെടുത്തിക്കൊണ്ടിരിക്കുകയാണ്. മതപരമായ അനുഷ്ഠാനങ്ങൾക്ക് ഒരു കുറവുമില്ല. അമ്പലങ്ങളും മുസ്ലീംപള്ളികളും ക്രിസ്ത്യൻപള്ളികളും ധാരാളമുണ്ട്. മതപരമായ ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും ഒരു കുറവുമില്ല. ജനാധിപത്യത്തിന്റെ വിജയം ഉദ്ഘോഷിച്ചുകൊണ്ടുള്ള ആർപ്പുവിളികളും ധാരാളമായി ഉയരുന്നു. ഇതിന്റെയെല്ലാം ഒപ്പം, മദ്യത്തിനോടും മയക്കുമരുന്നിനോടുമുള്ള അടിമത്തം, ചൂതുകളി, സ്ത്രീശരീരത്തെ കേന്ദ്രീകരിച്ചുള്ള വൃത്തികെട്ട അഭിപ്രായപ്രകടനങ്ങൾ, ബലാൽസംഗം തുടങ്ങിയവയുടെ കാര്യത്തിൽ ഒരു മത്സരം തന്നെ നടക്കുന്ന പ്രതീതി. വൃദ്ധൻ കുഞ്ഞിനെ ബലാൽസംഗം ചെയ്യുന്നു. കൗമാരപ്രായക്കാരൻ സ്വന്തം അമ്മയുടെ പ്രായമുള്ള സ്ത്രീയെ ബലാൽസംഗം ചെയ്യുന്നു. മുമ്പെപ്പോഴെങ്കിലും ഇത്തരം കാഴ്ചകൾക്ക് ആരെങ്കിലും സാക്ഷ്യം വഹിച്ചിട്ടുണ്ടോ?

ഇതാണ് ഇൻഡ്യയുടെ 'വികസന'ത്തിന്റെ കഥ. രാജ്യം കൈവരിച്ചിട്ടുള്ള 'പുരോഗതി' ഇത്തരത്തിലുള്ളതാണ്. ഈ മണ്ണിന്റെ പോയകാലത്തെ ശ്രേഷ്ഠസന്താനങ്ങൾ ഇത് കാണാനിടവന്നിരുന്നെങ്കിൽ അവർ പൊട്ടിക്കരയുമായിരുന്നു, പ്രതിഷേധം കൊണ്ട് ജ്വലിച്ച് ഇതിനെതിരെ പ്രതിരോധം വളർത്തിയെടുക്കുമായിരുന്നു. നാം ഇന്നെന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ഫാസിസം, മനുഷ്യനെ സൃഷ്ടിക്കുന്ന പ്രക്രിയയെത്തന്നെ നശിപ്പിക്കുന്നുവെന്ന്, മൂല്യങ്ങളെ നശിപ്പിക്കുന്നുവെന്ന് സഖാവ് ശിബ്ദാസ് ഘോഷ് വർഷങ്ങൾക്കു മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. മതമൂല്യങ്ങളോ സ്വാതന്ത്ര്യസമരകാലത്തെ മാനവവാദമൂല്യങ്ങളോ ഇന്ന് പ്രവർത്തിക്കുന്നില്ല. തൊഴിലാളിവർഗ്ഗ വിപ്ലവമൂല്യങ്ങൾ ബഹുജനങ്ങളുടെ വിശാലവിഭാഗങ്ങൾക്കിടയിൽ ഇനിയും ചെന്നെത്തിയിട്ടുമില്ല. അതിനാൽ ധാർമ്മികമൂല്യങ്ങളുടെ മണ്ഡലത്തിൽ തികഞ്ഞ ശൂന്യതയുണ്ടായിരിക്കുന്നു. മാനവസത്ത വികസിച്ചുവരുന്നത് നിശ്ചിതമായ പ്രത്യയശാസ്ത്രത്തെയും മൂല്യത്തെയും ആധാരമാക്കിയാണ്. ഒരിക്കൽ മതം മൂല്യങ്ങൾ പ്രദാനം ചെയ്തു. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ്, മതത്തെ അടിസ്ഥാനമാക്കി മഹദ്വ്യക്തിത്വങ്ങൾ ഉരുത്തിരിഞ്ഞുവന്നു. പിൽക്കാലത്ത് യൂറോപ്യൻ നവോത്ഥാ

നവും ജനാധിപത്യ പ്രസ്ഥാനവും, നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യപ്രസ്ഥാനവും, മൂല്യങ്ങൾ പ്രദാനം ചെയ്തു. കൂടുതൽ ഉന്നതമായ മൂല്യങ്ങൾ, റഷ്യയിലെയും ചൈനയിലെയും വിയറ്റ്നാമിലെയും തൊഴിലാളിവർഗ്ഗവിപ്ലവത്തെ അടിസ്ഥാനമാക്കി ഉയർന്നുവന്നു. ഇന്ന് ആ മൂല്യങ്ങൾ ഇല്ല.

മൂല്യങ്ങളുടെ മണ്ഡലത്തിൽ ഭയങ്കരമായ ഒരു ശൂന്യത പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഒരു കുടുംബത്തിലും സമാധാനമില്ല. ദാമ്പത്യത്തിൽ സമാധാനമില്ല. കടുത്ത അസന്തുഷ്ടിയും വേർപിരിയലും സ്പർദ്ധയും കുടുംബങ്ങളെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു. മക്കൾ പ്രായമായ മാതാപിതാക്കളുടെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ വിസമ്മതിച്ചുകൊണ്ട് അവരെ കുടുംബങ്ങളിൽനിന്ന് ആട്ടിപ്പായിക്കുന്നു. ഇത്തരത്തിലുള്ള നാഗരികതയാണ് മുതലാളിത്തം വികസിപ്പിച്ചെടുത്തത്. മുതലാളിത്തം മാനവസത്ത നഷ്ടപ്പെട്ട മനുഷ്യർക്ക് ജന്മം നൽകിക്കൊണ്ടിരിക്കുന്നു. ഇത് തുടരാൻ അനുവദിക്കണമോ? തൊഴിലില്ലായ്മയും, ദാരിദ്ര്യവും പിരിച്ചുവിടലും പട്ടിണിമരണങ്ങളും ചികിത്സകിട്ടാതെയുള്ള മരണങ്ങളും ബലാൽസംഗങ്ങളും മദ്യപാനാസക്തിയും ചൂതുകളിയും കുടുംബങ്ങളുടെ ശിഥിലീകരണവും കോൺഗ്രസ്സ്-ബിജെപി-സിപിഐ(എം)-തൃണമൂൽ പാർട്ടികളുടെ ഭരണവും തുടരണമോ, അതോ ഒരു മാറ്റം ആവശ്യമാണോ? വിപ്ലവത്തിലൂടെ മുതലാളിത്ത വ്യവസ്ഥിതിയെ തൂത്തെറിഞ്ഞ് സോഷ്യലിസം സ്ഥാപിക്കുന്നതിലൂടെ മാത്രമേ യഥാർത്ഥ മാറ്റം സാദ്ധ്യമാവുകയുള്ളു. അതാണ് സഖാവ് ശിബ്ദാസ് ഘോഷ് കാട്ടിത്തന്ന മാർഗ്ഗം. ആ വിപ്ലവം നയിക്കാനുള്ള പാർട്ടി എസ്‌യുസിഐ(സി)യാണ്.

അതെ, സോവിയറ്റ് യൂണിയനിലും ചൈനയിലും സോഷ്യലിസം അട്ടിമറിക്കപ്പെട്ടിരിക്കുന്നുവെന്നത് ശരിയാണ്. സുഭാഷ് ബോസ്, രവീന്ദ്രനാഥ്, ശരത്ചന്ദ്ര ചാറ്റർജി, നസ്രുൾ, പ്രേംചന്ദ്, സുബ്രഹ്മണ്യഭാരതി, റൊമെയ്ൻ റോളണ്ട്, ബർണാർഡ് ഷാ, ഐൻസ്റ്റൈൻ എന്നിവരിലാരെങ്കിലും സോഷ്യലിസം അട്ടിമറിക്കപ്പെടുന്നത് ദർശിക്കാനിടയായെങ്കിൽ തീർച്ചയായും അവർ അതിൽ ദുഃഖിക്കുമായിരുന്നു. അവരാരും കമ്മ്യൂണിസ്റ്റുകളായിരുന്നില്ല. എങ്കിലും അവരെല്ലാം സോഷ്യലിസത്തെ വളരെയേറെ വിലമതിച്ചിരുന്നു. മഹാനായ സ്റ്റാലിൻ നയിച്ചിരുന്ന സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനെ

അവർ തികഞ്ഞ ആദരവോടെയാണ് വീക്ഷിച്ചിരുന്നത്. മരണാസന്ന മുതലാളിത്തത്തിന്റെ ജീർണ്ണതയിൽ മനസ്സുനൊന്ത അവർ സോഷ്യ ലിസത്തിൽ പ്രതീക്ഷയുടെ പ്രകാശനാളം ദർശിച്ചിരുന്നു. ചരിത്ര ത്തിൽ മഹാന്മാരായ ബുദ്ധിജീവികളായി അറിയപ്പെടുന്നവരാണ വർ. ഇന്ന് ബുദ്ധിജീവികളായി അറിയപ്പെടുന്നവർ ബുദ്ധിയും മനഃ സാക്ഷിയും സ്വദേശ-വിദേശ മൂലധനത്തിന് വിറ്റുകൊണ്ട് സോവി യറ്റ് സോഷ്യലിസത്തിനും സ്റ്റാലിനുമെതിരെ അപവാദപ്രചാരണം നടത്തുകയാണ്. രവീന്ദ്രനാഥ് ടാഗോർ 1930-ലെഴുതിയ "റഷ്യയിൽ നിന്നുള്ള കത്തുകളിൽ" വികാരവായ്പോടെ ഇങ്ങനെ പറയുന്നു: "ഒരിക്കൽ, സാമൂഹ്യ അസമത്വത്തിൽനിന്ന് ഫ്രഞ്ച് വിപ്ലവമുണ്ടായി. അപ്പോൾ, അസമത്വത്തിന്റെ അവമതിയും വേദനയും ലോകത്തെ മ്പാടുമുണ്ടെന്ന് അക്കാലത്തെ അവിടത്തെ മർദ്ദിത ജനത മനസ്സി ലാക്കി. അതിനാൽ അക്കാലത്തെ വിപ്ലവത്തിൽ സമത്വം-സാഹോ ദര്യം-സ്വാതന്ത്ര്യം എന്ന മുദ്രാവാക്യമുയർത്തപ്പെട്ടു. രാഷ്ട്രത്തിന്റെ അതിർവരമ്പുകൾക്കപ്പുറത്തേയ്ക്ക് ആ മുദ്രാവാക്യം കടന്നുചെന്നു. എന്നാൽ അത് അധികകാലം നിലനിന്നില്ല. ഇവിടത്തെ (റഷ്യ യിലെ) വിപ്ലവത്തിന്റെ സന്ദേശവും സാർവത്രികമാണ്. ഇന്നത്തെ ലോകത്ത്, സ്വന്തം രാജ്യത്തിന്റെ താല്പര്യത്തിനും ഉപരി ഉയർന്നു കൊണ്ട്, ചുരുങ്ങിയപക്ഷം ഈയൊരു രാജ്യത്തെ ജനങ്ങളെങ്കിലും, ലോകത്തെ മുഴുവൻ ജനങ്ങളെയും പറ്റി ചിന്തിക്കുകയാണ്... ലോകത്തെങ്ങും അവരോടുള്ള എതിർപ്പുണ്ട്, എല്ലാവരും അവർ ക്കെതിരാണ്... ആയിരക്കണക്കിന് വർഷങ്ങളുടെ മേൽ പത്തുപ തിനഞ്ച് വർഷത്തിന്റെ വിജയം കൈവരിക്കാനുള്ള ദൃഢനിശ്ചയ ത്തിലാണവർ... ഇങ്ങനെ ഏറ്റവും ബൃഹത്തായ ഒരു ചരിത്രസംഭ വത്തിന്റെ സംഘാടനത്തിൽ, ക്ഷണിക്കപ്പെട്ടില്ലെങ്കിൽപ്പോലും പങ്കെ ടുക്കാതിരുന്നെങ്കിൽ അത് എന്റെ ഭാഗത്തുനിന്നുള്ള അക്ഷന്തവ്യ മായ ഒരു അപരാധമാകുമായിരുന്നു... ഈ സമയം ഞാൻ റഷ്യയി ലാണ്. ഞാൻ ഇവിടെ വന്നില്ലായിരുന്നെങ്കിൽ ഈ ജീവിത തീർത്ഥാടനം അപൂർണ്ണമായി അവശേഷിക്കുമായിരുന്നു."[27] ഒമ്പത് വർഷങ്ങൾക്കുശേഷം, 1939-ൽ അദ്ദേഹം റഷ്യൻ വിപ്ലവത്തെ മുക്ത കണ്ഠം പ്രശംസിച്ചുകൊണ്ടും അതിന് വിജയം ആശംസിച്ചു കൊണ്ടും അമിയ ചക്രവർത്തിക്ക് ഇങ്ങനെ എഴുതി: "പല പരിമി തികളുമുണ്ടെങ്കിലും, മനുഷ്യരാശിയുടെ ആ പർണ്ണശാല കണ്ടതിൽ

എനിക്ക് അതിയായ സന്തോഷവും പ്രത്യാശയുമുണ്ട്. മനുഷ്യച രിത്രത്തിൽ ഒരിടത്തും സ്ഥായിയായ സന്തോഷത്തിനും പ്രതീ ക്ഷയ്ക്കും കാരണം കണ്ടെത്താൻ എനിക്ക് കഴിഞ്ഞിട്ടില്ല. റഷ്യ ഈ പുതുയുഗം സംസ്ഥാപിച്ചിരിക്കുന്നത് ഉജ്ജ്വലമായ ഒരു വിപ്ല വത്തിന്മേലാണെന്ന് എനിക്കറിയാം. ജനങ്ങളുടെ ഏറ്റവും ക്രൂരനും ഏറ്റവും കരുത്തനുമായ ശത്രുവിനെതിരായ വിപ്ലവമാണത്. ദീർഘ മായ ഒരു കാലയളവിലെ നിരവധി പാപങ്ങൾക്കുള്ള പ്രായശ്ചി ത്തമാണ് ഈ വിപ്ലവം... മനുഷ്യസംസ്കൃതിയുടെ വാരിയെല്ലിനി ടയിൽ തറഞ്ഞിരിക്കുന്ന മാരകമായ ഒരു കുന്തം — അത്യാർത്തി എന്നാണത് അറിയപ്പെടുന്നത് — ഊരിയെടുക്കാനുള്ള പ്രയത്ന ത്തിലേർപ്പെട്ടിരിക്കുകയാണ് പുതിയ റഷ്യ. അവരുടെ ഈ യത്നം വിജയിക്കട്ടെ എന്ന ആശംസ സ്വാഭാവികമായിത്തന്നെ എന്നിൽ നിന്നുയരുന്നു."[28]

സുഭാഷ്ചന്ദ്ര ബോസ്, ഐഎൻഎയുടെ പോരാട്ടം പരാജയമ ടഞ്ഞുകൊണ്ടിരുന്ന സമയത്ത് ആത്മവിശ്വാസപൂർവ്വം ഇങ്ങനെ പറയുകയുണ്ടായി : സ്റ്റാലിൻ ജീവിച്ചിരിപ്പുണ്ട്, അദ്ദേഹം മനുഷ്യ രാശിക്ക് മാർഗ്ഗം കാട്ടും. കമ്മ്യൂണിസത്തിന്റെ ജൈത്രയാത്രയിൽ അദ്ദേഹം എന്തുമാത്രം വിശ്വാസമർപ്പിച്ചിരുന്നുവെന്നത്, 1939-ൽ പുരുളിയയിൽ നടന്ന അനുമോദനയോഗത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം വ്യക്തമാക്കുന്നു. അദ്ദേഹം പറഞ്ഞു: "ഇന്നത്തെ ലോകത്തെ നിരവധിയായ പ്രവാഹങ്ങളെയും പ്രതിപ്രവാഹങ്ങ ളെയും രണ്ട് വിഭാഗങ്ങളായി തരംതിരിക്കാം. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, സാമ്രാജ്യത്വശക്തികളും അവയ്ക്കെതിരെ ഉണർത്ത പ്പെട്ട കമ്മ്യൂണിസത്തിന്റെ ശക്തികളും. ഹിറ്റ്ലറിസത്തിന്റെ പരാജ യമെന്നതിന് കമ്മ്യൂണിസത്തിന്റെ സംസ്ഥാപനം എന്ന അർത്ഥം വരുന്നത് അതുകൊണ്ടാണ്."[29] ആ സോവിയറ്റ് യൂണിയനെ മുത ലാളിത്ത-സാമ്രാജ്യത്വ-തിരുത്തൽവാദ ശക്തികൾ ചേർന്ന് തകർത്തു. അങ്ങനെയൊരു വിപത്സാദ്ധ്യത കണ്ടിട്ട്, കടുത്ത ഉത്കണ്ഠയോടെ റൊമെയ്ൻ റോളണ്ട് തന്റെ 'ഐ വിൽ നോട്ട് റെസ്റ്റ്' എന്ന കൃതിയിൽ എഴുതി: "റഷ്യ അപകടത്തിലാണ്. ലോകത്ത് സാമ്രാജ്യത്വശക്തികളുടെ ഒരു വമ്പിച്ച സഖ്യം സോവി യറ്റ് റിപ്പബ്ലിക്കുകളുടെ യൂണിയനെതിരെ രൂപംകൊള്ളുകയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ സമ്മർദ്ദവും... റഷ്യ തകർക്കപ്പെടുക

യാണെങ്കിൽ അടിമത്തത്തിൻകീഴിലാകാൻപോകുന്നത് ലോകത്തെ തൊഴിലാളിവർഗ്ഗം മാത്രമല്ല, മറിച്ച് സാമൂഹ്യവും വ്യക്തിപരവുമായ സ്വാതന്ത്ര്യം അപ്പാടെയാണ്... ലോകം നിരവധി ഘട്ടങ്ങൾ പിന്നാക്കം തള്ളപ്പെടും. സോവിയറ്റ് യൂണിയനെ ഏതെങ്കിലും ശത്രു അപകടപ്പെടുത്തുന്ന സാഹചര്യം എപ്പോഴുണ്ടായാലും ഞാൻ സോവിയറ്റ് യൂണിയന്റെയൊപ്പം നിലകൊള്ളും... റഷ്യ തകർക്കപ്പെട്ടാൽ പിന്നെ യൂറോപ്പിന്റെ ഭാവിയെപ്പറ്റി ഞാൻ വീണ്ടും ചിന്തിക്കുകയില്ല... വരുന്ന ഏതാനും നൂറ്റാണ്ട് കാലത്തേയ്ക്ക് എങ്ങും അന്ധകാരം വ്യാപിച്ചിരിക്കുന്നതായി ഞാൻ കണക്കാക്കും."[32] ഇരുപതാം നൂറ്റാണ്ടിലെ ആ മഹാനായ ഹ്യൂമനിസ്റ്റ് ചിന്തകന്റെ ആശങ്ക യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്ന ദുഃഖകരമായ സാഹചര്യമാണ് ഇന്നുള്ളത്. ഒരിക്കൽ സോവിയറ്റ് യൂണിയൻ എല്ലാ വർഗ്ഗ വിവേചനങ്ങളും ഇല്ലാതാക്കിക്കൊണ്ട് എല്ലാ ജനങ്ങളുടെയും പുരോഗതിക്ക് വഴിതുറന്നു. ലോകത്ത് സമാധാനത്തിന്റെ നെടുങ്കോട്ടയായി നിലകൊണ്ടു. ശാസ്ത്രം, കല, സാഹിത്യം, സംസ്കാരം, സാമ്പത്തിക രംഗം എന്നിങ്ങനെ എല്ലാ തുറകളിലും വളർച്ചയുടെ പാരമ്യത്തിലെത്തി. ആ സോവിയറ്റ് യൂണിയൻ ഇന്ന് തകർന്നടിഞ്ഞിരിക്കുകയാണ്. മറുവശത്ത് ലോകത്തിന് മാനവസത്തയും നൈതികതയും ധാർമ്മികമൂല്യങ്ങളും കൈമോശം വന്നുകൊണ്ടിരിക്കുന്നു. ലോകം മതമൗലികവാദത്തിന്റെ ദുഷിച്ച പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. തൊഴിലാളികളുടെയും ജീവനക്കാരുടെയും എല്ലാ അവകാശങ്ങളും ചവിട്ടിമെതിക്കപ്പെടുന്നു. പട്ടിണികിടക്കുന്ന ആയിരങ്ങളുടെയും ബലാൽസംഗത്തിനും അവമതിക്കും വിധേയരാകുന്ന സ്ത്രീകളുടെയും രോദനം എങ്ങുമുയരുന്നു.

പക്ഷെ, അതിന്റെ പേരിൽ നിരാശപ്പെടേണ്ട കാര്യമില്ല. നമുക്ക് അഗാധമായ ദുഃഖമുണ്ട്, പക്ഷെ, നിരാശയില്ല. എന്തെന്നാൽ, ചരിത്രവിദ്യാർത്ഥികളെന്ന നിലയിൽ നമുക്കറിയാം, ഒരു മഹത്തായ പ്രസ്ഥാനവും ഒറ്റയടിക്ക് വിജയം കൈവരിക്കുകയില്ല. ബുദ്ധമതവും ക്രിസ്തുമതവും ഇസ്ലാമും അതുപോലെ തന്നെ ഹിന്ദുമതവും നൂറുകണക്കിന് വർഷങ്ങൾ പോരാടിയ ശേഷമാണ് വിജയം നേടിയത്. അവ ആവർത്തിച്ച് പരാജയപ്പെട്ടിട്ടുണ്ട്. മതപ്രവാചകർ തങ്ങൾക്ക് ദൈവികമായ ശക്തിയുണ്ടെന്ന് അവകാശപ്പെട്ടിരുന്നു. എന്നാൽ, അവർക്കും നൂറുകണക്കിന് വർഷങ്ങൾ സമരം ചെയ്യേണ്ടിവന്നു.

യൂറോപ്പിൽ ബൂർഷ്വാജനാധിപത്യവിപ്ലവത്തിന് വിജയം കൈവരിക്കാൻ മുന്നൂറ്റിയമ്പത് വർഷങ്ങൾ വേണ്ടിവന്നു. നമ്മുടെ രാജ്യത്തും സ്വാതന്ത്ര്യസമരം എത്രയോ വർഷം നീണ്ടുനിന്നു. അതുമായെല്ലാം തട്ടിച്ചുനോക്കുമ്പോൾ ലോകത്തെ ആദ്യത്തെ ചൂഷണരഹിതമായ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതി 70 വർഷം മാത്രമേ നിലനിന്നുള്ളു. അടിമത്തവും രാജവാഴ്ചയും മുതലാളിത്തവും ചൂഷണവ്യവസ്ഥിതികളാണ്. ഈ വ്യവസ്ഥിതികളെല്ലാം ചേർന്ന് ആയിരക്കണക്കിന് വർഷങ്ങൾ നിലനിന്നു. ചൂഷണവ്യവസ്ഥിതി നിലനിന്ന ഈ ആയിരക്കണക്കിന് വർഷങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ 70 വർഷം നിസ്സാരമാണ്. സോഷ്യലിസം ഉള്ളിൽ നിന്നും പുറത്തുനിന്നുമുള്ള വിപത്തുകളെ നേരിടുകയായിരുന്നു. നാം സോഷ്യലിസം തകർക്കപ്പെട്ടതിന്റെ കാരണങ്ങളിൽ നിന്ന് പാഠമുൾക്കൊള്ളുകയും വീണ്ടും ശിരസ്സുയർത്തി മുന്നേറുകയും വേണം. മാർക്സിസം ആവിർഭവിച്ചത് മാർക്സ് അങ്ങനെ ആഗ്രഹിച്ചു എന്നതുകൊണ്ടല്ല. അതുപോലെ, മതാചാര്യന്മാരും ബൂർഷ്വാ മാനവവാദികളും ആവിർഭവിച്ചതും അവരുടെ അഭീഷ്ടപ്രകാരമായിരുന്നില്ല. ഏതൊരു പ്രത്യയശാസ്ത്രവും ഉദയം ചെയ്യുന്നത് ചരിത്രപരമായ ആവശ്യകതയിൽ നിന്നാണ്. മാർക്സിസം ആവിർഭവിച്ചതും സാമൂഹ്യ ആവശ്യകത അംഗീകരിച്ചുകൊണ്ടാണ്. മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന് വേണ്ടിയുള്ള സാമൂഹ്യവ്യഗ്രതയാണ് മാർക്സിസത്തിന് ജന്മം നൽകിയത്. പരീക്ഷണനിരീക്ഷണങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ട ശാസ്ത്രീയസത്യത്തെ ആധാരമാക്കി നിലകൊള്ളുന്ന ഒരേയൊരു തത്വചിന്ത മാർക്സിസമാണ്. ശാസ്ത്രത്തിന്റെ വ്യത്യസ്ത ശാഖകളായ ഫിസിക്സ്, കെമിസ്ട്രി, ഫിസിയോളജി, ബോട്ടണി മുതലായവ പ്രകൃതിയുടെ വ്യത്യസ്ത മണ്ഡലങ്ങളിലാണ് പ്രവർത്തിക്കുന്നത്. ആ പ്രത്യേക മണ്ഡലത്തെ നിയന്ത്രിക്കുന്ന നിയമം അതാത് ശാസ്ത്രശാഖകൾ കണ്ടെത്തുന്നു. മഹാനായ മാർക്സ് ഈ പ്രത്യേക നിയമങ്ങളെ ദ്വന്ദ്വാത്മകമായി കൂട്ടിയിണക്കി, പരസ്പരം ബന്ധപ്പെടുത്തി, പ്രകൃതിയിലെയും സമൂഹത്തിലെയും എല്ലാ ചലനങ്ങളെയും നിയന്ത്രിക്കുന്ന പൊതുനിയമങ്ങൾ, ഒരു വിജ്ഞാനവ്യവസ്ഥയെന്ന നിലയിൽ, കണ്ടെത്തി. സമൂഹത്തിന്റെ വികാസപരിണാമങ്ങളുടെ പ്രത്യേക നിയമങ്ങളും മാർക്സ് കണ്ടെത്തി. മുതലാളിമാർ ശാസ്ത്രത്തെ ഉപയോഗപ്പെടുത്തുന്നത് അവരുടെ വ്യവസായങ്ങൾക്കും പ്രതിരോധത്തിനും

കൃഷിക്കും മറ്റും ആവശ്യമായ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാനും, രോഗചികിത്സയ്ക്കും വാഹനങ്ങൾ നിർമ്മിക്കാനും ബഹിരാകാശ പര്യവേഷണത്തിനും അതുപോലെയുള്ള മറ്റാവശ്യങ്ങൾക്കും വേണ്ടിയാണ്. എന്നാൽ, തത്ത്വചിന്തയുടെയോ സാമൂഹ്യവികാസം സംബന്ധിച്ച വിഷയങ്ങളുടെയോ മണ്ഡലത്തിൽ ശാസ്ത്രം പ്രയോഗിക്കുന്നതിനോട് അവർക്ക് കടുത്ത വിയോജിപ്പാണുള്ളത്. പ്രത്യയശാസ്ത്രത്തിന്റെയും സമൂഹത്തിന്റെയും വിശകലനത്തെ, സാമൂഹ്യപ്രശ്നങ്ങളുടെ പരിശോധനയെ, ശാസ്ത്രം നിയന്ത്രിക്കുന്നതിനോട് അവർക്ക് താല്പര്യമില്ല. ഈ മണ്ഡലങ്ങളിൽ ശാസ്ത്രീയ തത്ത്വചിന്ത പ്രയോഗിക്കാൻ അവർ ഭയപ്പെടുന്നു. അങ്ങനെയായാൽ മുതലാളിത്തത്തിന്റെ നിലനില്പിന് തന്നെ ഭീഷണിയുയരും എന്നതുകൊണ്ടാണത്. എന്നാൽ, ഏതൊരു മണ്ഡലത്തിലെയും ഏതൊരു പ്രതിഭാസത്തിന്റെ കാര്യത്തിലും ശാസ്ത്രം, ശാസ്ത്രീയ രീതിശാസ്ത്രം, ആവശ്യമാണെന്നതാണ് നമ്മുടെ പക്ഷം. ആദിമസമൂഹത്തിൽ നിന്ന് അടിമത്തസമൂഹത്തിലേയ്ക്കും, അടിമത്തത്തിൽ നിന്ന് ജന്മിത്തത്തിലേയ്ക്കും, ജന്മിത്തത്തിൽ നിന്ന് മുതലാളിത്തത്തിലേയ്ക്കുമുള്ള സാമൂഹ്യപരിവർത്തനത്തെ നിയന്ത്രിച്ച അപ്രതിരോധ്യമായ നിയമം, മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേയ്ക്കും, സോഷ്യലിസത്തിൽ നിന്ന് കമ്മ്യൂണിസത്തിലേയ്ക്കുമുള്ള മാറ്റത്തെയും അനിവാര്യമായും നിയന്ത്രിക്കുന്നു. അതാണ് ചരിത്രത്തിന്റെ ഗതി. മാർക്സിസം നൽകുന്ന പാഠം അതാണ്. അതാണ് സഖാവ് ശിബ്ദാസ് ഘോഷ് ഞങ്ങളെ പഠിപ്പിച്ചത്. ആ വിപ്ലവപരിവർത്തനത്തെ നയിക്കാൻ വേണ്ടിയാണ് അദ്ദേഹം നമ്മുടെ പാർട്ടി കെട്ടിപ്പടുത്തത്.

## സിപിഐയും സിപിഐ(എം)-ഉം ഒരിക്കലും മാർക്സിസം അനുവർത്തിച്ചിട്ടില്ല

ബ്രിട്ടീഷുകാരിൽ നിന്നുള്ള അധികാരക്കൈമാറ്റത്തിലൂടെ ഇൻഡ്യൻ നവോത്ഥാനത്തിന്റെ അഗ്രഗാമികളുടെയും സ്വാതന്ത്ര്യസമരത്തിന്റെ നേതാക്കളുടെയും രക്തസാക്ഷികളുടെയും സ്വപ്നങ്ങൾ യാഥാർത്ഥ്യമായില്ല എന്ന് സഖാവ് ശിബ്ദാസ് ഘോഷ് കണ്ടു. അവർ അഭിലഷിച്ചിരുന്ന വിമോചനം കൈവന്നില്ല. ചൂഷണമില്ലാത്ത

ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നതാണ് വിമോചനത്തിന്റെ ശരിയായ അർത്ഥം. ഇൻഡ്യൻ മണ്ണിൽ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടായിരുന്നില്ല എന്നതിനാൽ, സമൂഹത്തെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന കർത്തവ്യം നിറവേറ്റുന്നതിന് വേണ്ടി, ഇൻഡ്യയിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന നിലയിൽ അദ്ദേഹം എസ്‌യുസിഐ(സി) കെട്ടിപ്പടുത്തു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ എന്ന പേര് വഹിച്ചിരുന്ന പാർട്ടിയിൽ നിന്നാണ് പിൽക്കാലത്ത് പിളർപ്പിലൂടെ, സിപിഐ(എം) രൂപം കൊണ്ടത്. ആ പാർട്ടി ഒരിക്കലും ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയായി വളർന്നുവന്നില്ല. അവരുടെ ചരിത്രമെന്താണ്? അതുകേട്ടാൽ നിങ്ങൾ അത്ഭുതപ്പെട്ടുപോകും. മഹാനായ സ്റ്റാലിൻ 1925-ൽ ചൂണ്ടിക്കാട്ടി: ഇൻഡ്യയിലെ ചെറുകിട ബൂർഷ്വാസിയും പെറ്റിബൂർഷ്വാ വിപ്ലവകാരികളും ബ്രിട്ടീഷ് ഭരണത്തിനെതിരെ പൊരുതിക്കൊണ്ടിരിക്കുമ്പോൾ വൻ ദേശീയബൂർഷ്വാസി ബ്രിട്ടീഷ് സാമ്രാജ്യത്വശക്തികളുമായി സന്ധിയിലേർപ്പെടുകയാണ്. കമ്മ്യൂണിസ്റ്റുകൾ ഈ പെറ്റിബൂർഷ്വാസിയുമായി ഐക്യം ഊട്ടിയുറപ്പിച്ചുകൊണ്ട്, സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ നിന്ന് അനുരഞ്ജകശക്തിയായ ബൂർഷ്വാസിയെ ഒറ്റപ്പെടുത്തണമെന്ന് അദ്ദേഹം ഉപദേശിച്ചു. എന്നാൽ, വിട്ടുവീഴ്ചയില്ലാത്ത പോരാളിയായ സുഭാഷ്ചന്ദ്ര ബോസിനെ ഗാന്ധിയന്മാർ ഒറ്റപ്പെടുത്തുകയും കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനത്തുനിന്ന് രാജിവയ്ക്കാൻ നിർബ്ബന്ധിതനാക്കിത്തീർക്കുകയും, തുടർന്ന് അച്ചടക്കലംഘനം നടത്തിയെന്നാരോപിച്ച് കോൺഗ്രസ്സിൽ നിന്നുതന്നെ പുറത്താക്കുകയും ചെയ്തപ്പോൾ, കമ്മ്യൂണിസ്റ്റുകാരെന്നറിയപ്പെടുന്ന ഇവർ സുഭാഷ്ബോസിനെ പിന്തുണയ്ക്കുന്നതിന് പകരം ഗാന്ധിയന്മാരുടെ ഒപ്പം ചേർന്നു. ഇതാണ് കമ്മ്യൂണിസ്റ്റെന്നറിയപ്പെടുന്ന പാർട്ടിയുടെ ചരിത്രം. അല്ലായിരുന്നെങ്കിൽ സ്വാതന്ത്ര്യസമരത്തിന്റെ സ്വഭാവംതന്നെ വ്യത്യസ്തമാകുമായിരുന്നു. മഹാനായ മാവോ സെ തുങ് ചൈനയിൽ തൊഴിലാളിവർഗ്ഗവിപ്ലവം വിജയിപ്പിക്കുന്നതിന് കളമൊരുക്കാനായി, സുഭാഷ്ചന്ദ്രബോസിനെപ്പോലെ വിപ്ലവകാരിയായിരുന്ന ദേശീയവാദിനേതാവ് ഡോക്ടർ സൺയാത് സെനുമായി ഐക്യം സ്ഥാപിച്ചിരുന്നു. ഇൻഡ്യയിൽ സമാനമായ പങ്ക് വഹിക്കാൻ സുഭാഷ്ബോസിന് കഴിയുമായിരുന്നു. സുഭാഷ്ബോസ് തന്നെ അത് ആവശ്യപ്പെട്ടിരുന്നു. രാംഗാറിൽ നടന്ന ഇടതുപക്ഷ ഏകോപന സമ്മേളനത്തിന് തൊട്ടു

മുമ്പായി അദ്ദേഹം പറഞ്ഞു: "കോൺഗ്രസ്സിനുള്ളിലുള്ള പുരോഗമനകാരികളും റാഡിക്കൽ നിലപാടുള്ളവരും സാമ്രാജ്യത്വവിരുദ്ധരും, ഉടനടി സോഷ്യലിസ്റ്റ് അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരാൻ തയ്യാറല്ലാത്തവരും, ആയ എല്ലാ ശക്തികളെയും ഒരു പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒന്നിപ്പിക്കേണ്ടിയിരിക്കുന്നു. അങ്ങനെ മാത്രമേ വലതുപക്ഷ ശക്തികളുടെ ആക്രമണങ്ങളെ ഒഴിവാക്കാനും, ഒരു മാർക്സിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിന് കളമൊരുക്കാനും സാധിക്കുകയുള്ളു എന്നും ഞാൻ മനസ്സിലാക്കി."[30]എന്നാൽ കമ്മ്യൂണിസ്റ്റെന്നറിയപ്പെട്ടിരുന്ന അവർ ആ സമ്മേളനത്തിൽ പങ്കെടുത്തില്ല. കാരണം, ആ സമയത്ത് അവർ ഗാന്ധിയന്മാരുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിന്റെ തിരക്കിലായിരുന്നു. അവിഭജിത സിപിഐയുടെ ഇത്തരം ചെയ്തികളിൽ കടുത്ത ദുഃഖം പ്രകടിപ്പിച്ചുകൊണ്ട് സുഭാഷ്ചന്ദ്ര ബോസ് പറഞ്ഞു: "കമ്മ്യൂണിസത്തിന് സാർവ്വത്രികമായി മനുഷ്യനെ ആകർഷിക്കാൻ കഴിവുണ്ടെങ്കിൽപ്പോലും ഇൻഡ്യൻ കമ്മ്യൂണിസത്തിന് കാര്യമായ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇൻഡ്യയിൽ കമ്മ്യൂണിസത്തിന്റെ അനുകൂലികൾ ജനങ്ങളെ ആകർഷിക്കുകയും അവരുമായി സൗഹൃദം സൃഷ്ടിക്കുകയും ചെയ്യുന്നതിന് പകരം അവരെ ശത്രുക്കളാക്കിമാറ്റുന്ന രീതികളും തന്ത്രങ്ങളുമാണ് സ്വീകരിക്കുന്നത് എന്നതാണ് അതിന് മുഖ്യമായ കാരണം."[31]ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നറിയപ്പെടുന്ന പാർട്ടി 1942-ലെ ആഗസ്റ്റ് പ്രക്ഷോഭത്തിലും പങ്കെടുത്തില്ല. രാജ്യമൊന്നാകെ തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന ആ സമയത്ത് അവർ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പക്ഷം ചേർന്നു. ബ്രിട്ടീഷ് ഗവണ്മെന്റിന് അവർ നൽകിയ ലജ്ജാകരമായ പിന്തുണയിൽ അപ്രിയം പ്രകടിപ്പിച്ചുകൊണ്ട് മഹാനായ സ്റ്റാലിൻ അവരെ വിമർശിക്കുകയുണ്ടായി. ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് എന്നറിയപ്പെടുന്ന പാർട്ടി ഇവിടെ വഹിച്ച പങ്ക് ഇത്തരത്തിലുള്ളതായിരുന്നു. സുഭാഷ്ചന്ദ്ര ബോസ് ഐഎൻഎ സ്ഥാപിച്ചു. ഐഎൻഎ ജപ്പാനുമായി തന്ത്രപരമായ സഖ്യം സ്ഥാപിച്ചു. ആ സഖ്യം ശരിയായിരുന്നുവോ എന്ന കാര്യത്തിൽ തർക്കമുണ്ടാകാം. എന്നാൽ സുഭാഷ്ബോസിന്റെ രാജ്യസ്നേഹം സംശയാതീതമായിരുന്നു. പക്ഷെ, കമ്മ്യൂണിസ്റ്റെന്നറിയപ്പെടുന്ന ഈ പാർട്ടി നെഹ്രുവിന്റെയൊപ്പം ചേർന്ന് സുഭാഷിനെ ജപ്പാന്റെ പാവയെന്ന് വിളിച്ചു. ഇതാണ് ചരിത്രം.

പിന്നീട് അവിഭജിത സിപിഐ നേതാക്കൾ ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ട് വ്യത്യസ്ത രാഷ്ട്രങ്ങളാണെന്ന് വാദിച്ചു. അന്നത്തെ അവിഭജിത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ വാദം ആർഎസ്എസ് നേതാക്കൾക്ക് സന്തോഷകരമായിരിക്കും. സിപിഐ നേതാക്കൾ പാകിസ്ഥാൻവാദത്തെ പിന്തുണച്ചു. ഇതാണവരുടെ ഭൂതകാലം. എത്ര അവസരങ്ങളാണവർ പാഴാക്കിക്കളഞ്ഞത്. അവരുടേത് ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയല്ല എന്നതാണ് കാരണം. ഇപ്പോൾപ്പോലും സിപിഐയുടെയും സിപിഐ(എം)-ന്റെയും സിദ്ധാന്തമെന്താണ്? അവരുടെ സിദ്ധാന്തപ്രകാരം ഇൻഡ്യൻ ബൂർഷ്വാസി പുരോഗമനകാരിയാണ്. അവരുടെ തീസിസ് പറയുന്നത് ജനകീയ ജനാധിപത്യ വിപ്ലവത്തെപ്പറ്റിയാണ്. ഇൻഡ്യൻ ഭരണകൂടത്തിന്റെ വർഗ്ഗസ്വഭാവത്തെപ്പറ്റി സിപിഐ(എം) പറയുന്നത്, അത് വൻബൂർഷ്വാസിയാൽ നയിക്കപ്പെടുന്ന ബൂർഷ്വാ-ജന്മി ഭരണകൂടമാണ് എന്നത്രെ. ആരാണ് ഈ വൻ ബൂർഷ്വാസി? കുത്തകമുതലാളിമാരാണ് ഈ വൻബൂർഷ്വാസി. ഇൻഡ്യയിൽ കുത്തകമുതലാളിത്തം പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്ന് സിപിഐ(എം) അംഗീകരിക്കുന്നു. മുതലാളിത്തത്തിന്റെ അവസാന ഘട്ടമാണ് കുത്തകമുതലാളിത്തമെന്ന് ലെനിൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ ഘട്ടത്തിലാണ് മുതലാളിത്തം സാമ്രാജ്യത്വ സ്വഭാവം ആർജ്ജിക്കുന്നത്. സിപിഐ(എം)ന്റെ അഭിപ്രായത്തിൽ, ഈ കുത്തക മുതലാളിമാർ അഥവാ വൻ ബൂർഷ്വാസി ഇൻഡ്യയിൽ ഭരണകൂടാധികാരത്തിലിരിക്കുകയാണ്. പക്ഷെ, സിപിഐ(എം) പറയുന്നത് അവരുടെ 'വിപ്ലവം' ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനും എതിരെയാണെന്നും, ദേശീയബൂർഷ്വാസി അവരുടെ സഖ്യശക്തിയാണെന്നുമാണ്. ഈ സിദ്ധാന്തമനുസരിച്ച് സിപിഐയും പിൽക്കാലത്ത് സിപിഐ(എം)-ഉം ഇന്ദിരാഗാന്ധിയെ പുരോഗമനകാരിയെന്നും മൊറാർജിദേശായിയെ പിന്തിരിപ്പനെന്നും വിശേഷിപ്പിച്ചു. ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടിയെ അനുകൂലിച്ചതിലൂടെ സിപിഐ(എം) ഫലത്തിൽ അടിയന്തിരാവസ്ഥയെ പിന്തുണച്ചു. ജയപ്രകാശ് നാരായൺ നേതൃത്വം നൽകിയ സമരത്തിൽ അവർ പങ്കെടുത്തില്ല. സിപിഐ ഇന്ദിരാഗാന്ധിയെ പ്രത്യക്ഷമായി പിന്തുണച്ചു, സിപിഐ(എം) പരോക്ഷമായും. അതിനെ മുതലെടുത്തുകൊണ്ടും ആ സമരത്തെ പ്രയോജനപ്പെടുത്തിക്കൊണ്ടും ജനസംഘം ശക്തി വർദ്ധിപ്പിച്ചു. സിപിഐയും സിപിഐ(എം)-ഉം ജയപ്രകാശ് നാരായണന്റെ സമരത്തിൽ ചേർന്നിരു

ന്നുവെങ്കിൽ ബിജെപിക്ക് ഇന്നത്തെ നിലയിലെത്താൻ കഴിയുമായിരുന്നില്ല. ഞങ്ങൾ ഒറ്റയ്ക്ക് അതിനെ ചെറുക്കാൻ ശ്രമിച്ചു. എന്നാൽ ഞങ്ങളുടെ ശക്തി പരിമിതമായിരുന്നു. പക്ഷെ, അതേ സിപിഐ(എം) നേതാക്കൾ തന്നെ ജനതാപാർട്ടിയുമായി ഒന്നിച്ചു. അന്ന് ജനതാപാർട്ടിക്കുള്ളിൽ ആർഎസ്എസും ജനസംഘവുമുണ്ടായിരുന്നു. 1977-ലെ തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാൻ വേണ്ടിയാണ് അവരത് ചെയ്തത്. പശ്ചിമബംഗാളിൽ അവർ അധികാരത്തിൽ വന്നത് ജനതാപാർട്ടിയുടെ പിന്തുണയോടെയായിരുന്നു. അതേ സിപിഐ(എം) തന്നെ വി.പി.സിംഗ് ഗവണ്മെന്റിനെ പിന്തുണയ്ക്കാനായി ബിജെപിയുമായി കൈകോർത്തു. കൊൽക്കത്ത മൈതാനത്ത് ജ്യോതിബസു, അടൽബിഹാരി വാജ്പേയിയുടെ ഒപ്പം സംയുക്ത പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്തിട്ടുണ്ട്. ഒരിക്കൽ സിപിഐ(എം) കൊൽക്കത്ത കോർപ്പറേഷൻ ഭരിച്ചത് ബിജെപിയുടെ പിന്തുണയോടെയായിരുന്നു. ഇതെല്ലാം ഏറ്റവും വഷളായ അവസരവാദത്തിന്റെ ഉദാഹരണങ്ങളാണ്.

## സഖാവ് ശിബ്ദാസ് ഘോഷ് ആത്മാഭിമാനത്തോടെ മുന്നേറാനുള്ള മാർഗ്ഗം കാട്ടിത്തന്നു

കമ്മ്യൂണിസ്റ്റെന്നറിയപ്പെടുന്ന ഈ പാർട്ടിയുടെ യഥാർത്ഥ സ്വഭാവമെന്തെന്ന് മനസ്സിലാക്കാൻ സഖാവ് ശിബ്ദാസ് ഘോഷിന് ജയിലിൽ വച്ച് തന്നെ കഴിഞ്ഞു. ആഗസ്റ്റ് പ്രക്ഷോഭത്തിൽ പങ്കെടുത്തതിന്റെ പേരിൽ അദ്ദേഹം അന്ന് ജയിൽവാസം അനുഭവിക്കുകയായിരുന്നു. അവിഭജിത സിപിഐ ശരിയായ മാർക്സിസ്റ്റ് രീതിശാസ്ത്രം അനുവർത്തിച്ചുകൊണ്ടല്ല വളർന്നുവന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. അവരുടെ നേതാക്കൾ സത്യസന്ധരാകാം, പക്ഷെ അവർ മാർക്സിസത്തെ സ്വന്തം ജീവിതദർശനമായി സ്വീകരിച്ചില്ല. അവർക്ക് ഇൻഡ്യയിൽ മാർക്സിസത്തെ മൂർത്തീകരിക്കാൻ കഴിഞ്ഞില്ല. മാർക്സിസത്തിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് ഒരു കാര്യം മനസ്സിലാക്കി. അതായത്, ഒരു മാർക്സിസ്റ്റ് പാർട്ടി തിരുത്തൽവാദത്തിനടിപ്പെട്ട് അധഃപതിക്കുകയാണെങ്കിൽ അതൊരു ബൂർഷ്വാ പാർട്ടിയോ പെറ്റി

ബൂർഷ്വാ പാർട്ടിയോ ആയിത്തീരാം. എന്നാൽ, മാർക്സിസ്റ്റെന്ന പേരുണ്ടെങ്കിലും യഥാർത്ഥത്തിൽ പെറ്റിബൂർഷ്വാ റിവിഷനിസ്റ്റ് സ്വഭാവം പുലർത്തുന്ന ഒരു പാർട്ടിയെ തെറ്റുതിരുത്തലിലൂടെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയാക്കി മാറ്റാൻ കഴിയില്ല. അതിനാൽ ഒരു യഥാർത്ഥ വിപ്ലവപ്പാർട്ടി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹത്തിന് അനുഭവപ്പെട്ടു. വിപ്ലവകാരികളായ മറ്റ് ആറ് സഹ പ്രവർത്തകരുമൊത്തുചേർന്ന് അദ്ദേഹം അതിനുവേണ്ടിയുള്ള സമരം ആരംഭിച്ചു. അന്ന് സഖാവ് ശിബ്ദാസ് ഘോഷ് തീരെ അറിയപ്പെടാത്ത ഒരാളായിരുന്നു. അന്ന് പാർട്ടിക്ക് ഓഫീസില്ലായിരുന്നു. അവർക്ക് താമസിക്കാനിടമില്ലായിരുന്നു. ഭക്ഷണമില്ലായിരുന്നു. സഖാവ് ശിബ്ദാസ് ഘോഷ് രാത്രി റെയിൽവേസ്റ്റേഷനിലും നഗരത്തിലെ പാർക്കുകളിലും ഉറങ്ങിയിട്ടുണ്ട്. ദിവസങ്ങളോളം അദ്ദേഹം പട്ടിണിയോ അർദ്ധപട്ടിണിയോ ആയി കഴിഞ്ഞിട്ടുണ്ട്. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് സഖാവ് ഘോഷ് പട്ടിണി കിടക്കുന്നത് കണ്ടിട്ടുണ്ട്. ഇന്ന് ഞങ്ങൾക്ക് അത്തരം സൗകര്യങ്ങളെല്ലാമുണ്ട്. പാർട്ടി ഇന്ന് ഗണ്യമായി വളർന്നിരിക്കുന്നു. പക്ഷെ, സഖാവ് ശിബ്ദാസ് ഘോഷിന് ഭക്ഷണമില്ലാതെ കഴിയേണ്ടിവന്ന നാളുകൾ ഞങ്ങൾക്കൊരിക്കലും മറക്കാനാവില്ല.

അന്ന് അവിഭജിത സിപിഐ ഒരു വലിയ പാർട്ടിയായിരുന്നു. അനുശീലൻസമിതിയിൽ നിന്ന് രൂപീകരിക്കപ്പെട്ട ആർഎസ്പിയും വലിയ പാർട്ടിയായിരുന്നു. നേതാജി സുഭാഷ്ചന്ദ്ര ബോസ് സ്ഥാപിച്ച ഫോർവേർഡ് ബ്ലോക്കും അങ്ങനെ തന്നെ. അവർ ഞങ്ങളെ പരിഹസിച്ചിരുന്നു. എസ്‌യുസിഐ(സി)യെ പാർട്ടി എന്ന് വിളിക്കാമെങ്കിൽ വാവലിനെ പക്ഷിയായും പരിഗണിക്കാം എന്ന് പറഞ്ഞ് അവർ കളിയാക്കിയിരുന്നു. എസ്‌യുസിഐ(സി) ഒരു ക്ലബ്ബ് മാത്രമാണ് അല്ലാതെ പാർട്ടിയല്ല എന്ന് അവർ പറഞ്ഞിരുന്നു. പക്ഷെ, സഖാവ് ശിബ്ദാസ് ഘോഷ് അതൊന്നും വകവച്ചില്ല. അദ്ദേഹം തികഞ്ഞ നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോയി. ചിലർ അദ്ദേഹത്തോട് പറഞ്ഞു: 'നിങ്ങളുടെ പ്രത്യയശാസ്ത്രം ശരിയാണ്. നിങ്ങൾ പറയുന്നത് ശരിയാണ്. പക്ഷെ, നിങ്ങൾ വിജയിക്കില്ല. നിങ്ങൾക്ക് അനുയായികളാരുമില്ല. പത്രങ്ങൾ നൽകുന്ന പ്രചാരണമില്ല. പണവുമില്ല. ഇങ്ങനെ നിഷ്ഫലമായി പരിശ്രമിച്ചാൽ, നിങ്ങളുടെ ജീവിതം പാഴായിപ്പോകും.' പക്ഷെ, സഖാവ്

ശിബ്ദാസ് ഘോഷ് അതിന് നൽകിയ മറുപടി ഇതായിരുന്നു: 'ഞാൻ സമരം ചെയ്തുകൊണ്ട് മരിക്കും. മരിക്കുമ്പോഴും സമരം ചെയ്യും. എന്റെ പ്രത്യയശാസ്ത്രത്തിൽ സത്യമുണ്ടെങ്കിൽ ഒരിക്കൽ ചരിത്രം അതിനെ വിലമതിക്കും. ഞാൻ ഒരു മരച്ചുവട്ടിലായിരിക്കാം മരിക്കുന്നത്. എങ്കിലും വിപ്ലവത്തിന് ഒരു അടിസ്ഥാനശിലയെങ്കിലും പാകാൻ എനിക്ക് സാധിക്കും.' ഇന്ന് നമ്മുടെ പാർട്ടി വളർന്നുവികസിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലേയ്ക്കും പാർട്ടി വ്യാപിച്ചിരിക്കുന്നു. ലെനിൻ നയിച്ചിരുന്ന സിപിഎസ്‌യുവിനെയും മാവോ നയിച്ചിരുന്ന സിപിസിയെയും പോലെ നമ്മുടെ പാർട്ടിയും ശക്തി കണക്കാക്കുന്നത് എംപിമാരുടെയും എംഎൽഎമാരുടെയും എണ്ണത്തെ അടിസ്ഥാനപ്പെടുത്തിയല്ല. നമ്മുടെ പാർട്ടിയിൽ തകർച്ചയുടെ ലാഞ്ഛനയെങ്കിലുമുണ്ടോ? കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുമ്പ് നമുക്ക് ഒരു എംപിയുണ്ടായിരുന്നു. പക്ഷെ, അത് നമ്മുടെ പാർട്ടിയുടെ മാത്രം ശക്തികൊണ്ടുണ്ടായതായിരുന്നില്ല. ആ സമയത്ത് നാം സിംഗൂർ-നന്ദിഗ്രാം സമരത്തെ അടിസ്ഥാനമാക്കി തൃണമൂൽ കോൺഗ്രസ്സുമായുണ്ടാക്കിയ സഖ്യത്തിലായിരുന്നു. ഇപ്രാവശ്യം നമ്മൾ ഒറ്റയ്ക്കാണ് മത്സരിച്ചത്. ജയിക്കാൻ സാദ്ധ്യതയില്ലെന്ന് നമുക്കറിയാമായിരുന്നു. നാം ഒരു വിപ്ലവപ്പാർട്ടിയെന്ന നിലയിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിക്കാൻ ശ്രമിച്ചു. നമുക്ക് ജനങ്ങളുടെ വമ്പിച്ച പിന്തുണയുണ്ടായിരുന്നു. എന്നാൽ പണത്തിന്റെയും പേശീബലത്തിന്റെയും മാധ്യമത്തിന്റെയും സംയോജിതശക്തിയെയും തെരഞ്ഞെടുപ്പ് കൃത്രിമത്തിനായുണ്ടാക്കിയ സംവിധാനത്തെയും പരാജയപ്പെടുത്താൻ നമുക്ക് കഴിഞ്ഞില്ല. പക്ഷെ, അതുകൊണ്ട് നമ്മുടെ ഏതെങ്കിലും അംഗമോ പ്രവർത്തകനോ പാർട്ടി വിട്ടുപോയോ? ഇല്ല. പകരം നാം ശക്തി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളാൽ നയിക്കപ്പെടുന്ന നമ്മുടെ പാർട്ടി സഖാക്കൾ വിപ്ലവപ്രത്യയശാസ്ത്രത്തോട് ഉറച്ച പ്രതിജ്ഞാബദ്ധത പുലർത്തുന്നവരാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് നമുക്ക് പല പുതിയ ബന്ധങ്ങളും കിട്ടി. അവരിൽ സിപിഐ(എം)-ൽ നിന്നും മറ്റ് പാർട്ടികളിൽ നിന്നും ബഹുജനങ്ങൾക്കിടയിൽ നിന്നുമുള്ളവരുണ്ട്. നമ്മുടെ പാർട്ടിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്, തെരുവിൽ നിന്നും വീടുവീടാന്തരവും നടത്തുന്ന സംഭാവന പിരിവിനെ ആശ്രയിച്ചാണ്. നമ്മുടെ പ്രവർത്തകരിൽ നൂറുക

ണക്കിന് പേർ മുഴുവൻസമയ പ്രവർത്തകരാണ്. അവർ സാധാരണരീതിയിലുള്ള കുടുംബജീവിതം നയിക്കുന്നവരല്ല. പാർട്ടിക്കും വിപ്ലവസമരത്തിനും വേണ്ടി സർവ്വവും സമർപ്പിക്കാൻ സന്നദ്ധരായവരാണ്. മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തകളെ അടിസ്ഥാനപ്പെടുത്തി ഒരു പുതിയ സമരം രാജ്യത്തുടനീളം വളർന്നുവരികയാണ്.

സഖാവ് ശിബ്ദാസ് ഘോഷ് പൊയ്പ്പോയ കാലത്തെ മഹദ്വ്യക്തികളെ ആദരിക്കാനും, അവരുടെ ജീവിതത്തിൽ നിന്നും സമരത്തിൽ നിന്നും പാഠങ്ങളുൾക്കൊള്ളാനും, മാർക്സിസം-ലെനിനിസത്തെ സ്വന്തം ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താനും നമ്മെ പഠിപ്പിച്ചു. അദ്ദേഹം പഠിപ്പിച്ചു: വിപ്ലവരാഷ്ട്രീയത്തിന്റെ കാതൽ കുടികൊള്ളുന്നത് വാചാടോപത്തിലോ പാണ്ഡിത്യത്തിലോ അല്ല, ഉയർന്ന സ്വഭാവമഹിമയിലാണ്. ഉയർന്ന സ്വഭാവവും മാനവസത്തയും പുലർത്തുക; മറ്റുള്ളവരെ നമ്മുടെ പെരുമാറ്റവും സ്നേഹവും മാന്യമായ ഇടപെടലും കൊണ്ട് നമ്മുടെ പക്ഷത്തേയ്ക്കടുപ്പിക്കുക — അതാണാവശ്യം. കാപട്യത്തിലൂടെ മഹത്തായ യാതൊന്നും കൈവരിക്കാനാവില്ല. ഏതൊരാളും ഒരിക്കൽ മരിക്കും. പക്ഷെ, ജീവിക്കുന്ന കാലത്തോളം അന്തസ്സോടെ ജീവിക്കണം. മരണവേളയിൽപ്പോലും വിപ്ലവപ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന ശിരസ്സോടെ തന്നെ മരിക്കണം. അനീതിയുടെയോ കാപട്യത്തിന്റെയോ മുന്നിൽ ഒരിക്കലും മുട്ടുമടക്കരുത്. ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന ഏതൊരു അനീതിയോടും ധീരമായും മനുഷ്യോചിതമായും പ്രതിഷേധിക്കണം. അതിലാണ് ജീവിതത്തിന്റെ യഥാർത്ഥ ആനന്ദം കുടികൊള്ളുന്നത്. ധാരാളം സ്വത്ത് സമ്പാദിച്ചുവെന്നതുകൊണ്ട് ആരും മഹത്വം ആർജ്ജിച്ചിട്ടില്ല. ബാങ്കിലുള്ള നിക്ഷേപത്തിന്റെയോ സ്വത്തിന്റെയോ അടിസ്ഥാനത്തിൽ ലോകത്ത് ആരും മഹാനായിട്ടില്ല. മഹാന്മാരായിരുന്ന പലർക്കും പട്ടിണി കിടക്കേണ്ടിവന്നിട്ടുണ്ട്, കിടപ്പാടമില്ലാതിരുന്നിട്ടുണ്ട്, കൊടിയ മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ, അവരുടെ മാനുഷിക മൂല്യങ്ങൾ മൂലം, മാനവസത്ത മൂലം, അവർ നമ്മുടെ മനസ്സിൽ എന്നും ജീവിക്കുന്നു. ഇതാണ് സഖാവ് ശിബ്ദാസ് ഘോഷ് നമ്മെ പഠിപ്പിച്ചത്. നമ്മുടെ ആയിരക്കണക്കിന് പ്രവർത്തകർ ഈ പാഠത്തിൽനിന്നും ഊർജ്ജമുൾക്കൊണ്ടവരാണ്.

ഈ സംസ്ഥാനത്തും രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലും നമ്മൾ വിവിധ ആവശ്യങ്ങളിന്മേൽ തൊഴിലാളിവർഗ്ഗപ്പോരാട്ടങ്ങൾ വളർത്തിയെടുത്തുകൊണ്ടിരിക്കുകയാണ്. നാം തൊഴിലാളികളുടെയും ദരിദ്രകർഷകരുടെയും കർഷകത്തൊഴിലാളികളുടെയും നാട്ടിൻപുറത്തെ തൊഴിലാളികളുടെയും ആവശ്യങ്ങളിന്മേൽ സമരങ്ങൾ വളർത്തിയെടുത്തുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ സമരം വളർത്തിയെടുക്കുന്നു. വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി പോരാടുന്നു. ദുസ്സഹമായ വിലക്കയറ്റത്തിനെതിരായ പ്രതിഷേധ സമരം വളർത്തിയെടുത്തുകൊണ്ടിരിക്കുന്നു. തുടർന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എല്ലാ ജനവിരുദ്ധ നയങ്ങൾക്കുമെതിരെ നമുക്ക് സമരം വളർത്തിയെടുക്കണം. നമ്മുടെ സമരത്തിന്റെ ഉദ്ദേശ്യമെന്താണ്? നമ്മുടെ ഉദ്ദേശ്യം കേവലം ആവശ്യങ്ങൾ നേടിയെടുക്കുക എന്നത് മാത്രമല്ല. മറിച്ച് നമ്മുടെ ഉദ്ദേശ്യം ജനങ്ങൾക്ക് മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ പാഠങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാഭ്യാസം നൽകുക, അവരെ വിപ്ലവപ്രബുദ്ധതയുടെയും വിപ്ലവസംസ്കാരത്തിന്റെയും ആയുധമണിയിക്കുക, സമരം നടത്തേണ്ടതെങ്ങനെയെന്ന ശിക്ഷണം അവർക്ക് നൽകുക, അനീതിക്കെതിരെ പൊരുതിമരിക്കേണ്ടതെങ്ങനെയെന്നും, പ്രത്യയശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയ ഐക്യം വളർത്തിയെടുക്കേണ്ടതെങ്ങനെയെന്നും അവരെ പഠിപ്പിക്കുക എന്നുള്ളതാണ്. യോജിച്ച സമരം വളർന്നുവരണമെന്നും, സമരം സംഘടിപ്പിക്കാനായി അസംഖ്യം ജനകീയ സമരക്കമ്മിറ്റികൾ രൂപമെടുക്കണമെന്നും നാം താല്പര്യപ്പെടുന്നു. ഓരോ പ്രദേശത്തും ജനകീയ കമ്മിറ്റികളും വോളണ്ടിയർ ദളങ്ങളും സംഘടിപ്പിക്കുക.

ചൗരംഗി വരെയെത്തുന്ന ഈ വമ്പിച്ച ജനക്കൂട്ടത്തിലെ മുഴുവനാളുകളും നമ്മുടെ പാർട്ടിയിൽ പെടുന്നവരല്ല. എന്നാൽ, അവരേവരോടും ഞങ്ങൾ പറയുന്നത് അവർ ദീർഘകാലമായി വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നാണ്. ഉണർന്നെഴുന്നേറ്റ് ചെറുത്തുനിൽക്കുക എന്നതാണ് ഇനി ആവശ്യം. ആരുടെ ഇംഗിതമനുസരിച്ചാണ് അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങൾ പ്രവർത്തിക്കുന്നത്? ആരാണ് മാധ്യമങ്ങളുടെ ഉടമകൾ? മാധ്യമങ്ങളുടെ ഉടമകൾ മുതലാളിവർഗ്ഗമാണ്. തെരഞ്ഞെടുപ്പിൽ ചെലവഴിക്കപ്പെട്ട കോടിക്കണ

ക്കിന് രൂപ നൽകിയതാരാണ്? അത് നൽകിയത് മുതലാളിവർഗ്ഗം. അവർ നിങ്ങളെ ആവർത്തിച്ച് കബളിപ്പിച്ചിരിക്കുന്നു. ഇനിയും നിങ്ങൾ കബളിപ്പിക്കപ്പെടും. നിങ്ങൾ ഐക്യത്തോടെ നിലകൊള്ളണം. ദയവായി രാഷ്ട്രീയം മനസ്സിലാക്കൂ. മനസ്സ് മടുത്ത് രാഷ്ട്രീയത്തിൽ നിന്ന് മുഖം തിരിക്കാതിരിക്കുക. അല്ലെങ്കിൽ, ദുഷിച്ച രാഷ്ട്രീയം, വൃത്തികെട്ട രാഷ്ട്രീയം അധഃപതനം പുലർത്തും. രാജ്യം കൂടുതൽ നാശത്തെ നേരിടും. ദയവായി നിങ്ങളുടെ സ്വന്തം ബുദ്ധിയുപയോഗിച്ച് പാർട്ടികളെ വിലയിരുത്തുക. ശരിയായ നേതൃത്വത്തെ കണ്ടെത്തുക. സംഘടനാപരമായ കരുത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഒരു പാർട്ടിയെയും വിലയിരുത്താതിരിക്കുക. ഏതൊരു പാർട്ടിയുടെയും തത്ത്വങ്ങളും പ്രത്യയശാസ്ത്രവും സംസ്കാരവും സ്വഭാവവും ശരിയാണോ അല്ലയോ എന്ന് പരിശോധിക്കുക. വലിയ പാർട്ടികളുടെ പിന്നിൽ അന്ധമായി അണിനിരന്നതിലൂടെ നിങ്ങൾ തുടരെ വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. ഇനിയെങ്കിലും ശരിയായ പാർട്ടിയെ, ശരിയായ പ്രത്യയശാസ്ത്രത്തെയും തത്ത്വത്തെയും, തിരിച്ചറിയാൻ ശ്രമിക്കുക. ഉയർന്ന സ്വഭാവമഹിമ ആർജ്ജിക്കാൻ ശ്രമിക്കുക. വിദ്യാർത്ഥികളെയും യുവാക്കളെയും രക്ഷിക്കുക. യുവാക്കളും വിദ്യാർത്ഥികളും നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബംഗാൾ ഒരിക്കൽ ഖുദിറാം, പ്രീതിലത, ബാഘാ ജതിൻ, റാംമോഹൻ, വിദ്യാസാഗർ, രവീന്ദ്രനാഥ്, ശരത്ചന്ദ്രചാറ്റർജി, നസ്രുൾ, സുഭാഷ്ബോസ് തുടങ്ങിയവർക്ക് ജന്മം നൽകി. ആ ബംഗാൾ ഇന്നെവിടെ? ആദ്യം സിപിഐ(എം)-ഉം പിന്നെ തൃണമൂൽ കോൺഗ്രസ്സും ഈ സംസ്ഥാനത്തെ നശിപ്പിച്ചിരിക്കുന്നു. ഈ പാർട്ടികളെ ബംഗാളിലെ ജനതയ്ക്ക് സ്വീകരിക്കാനാവുമോ? അതുകൊണ്ടാണ് വിദ്യാർത്ഥികളെയും യുവാക്കളെയും ഉണർത്തി ഒരു മാതൃക സൃഷ്ടിക്കാൻ ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നത്. അദ്ധ്യാപകരോടുള്ള എന്റെ അഭ്യർത്ഥന ഇതാണ്: ഉദ്യോഗത്തിനോ പ്രൊമോഷനോ വേണ്ടി ഒരു പാർട്ടിയുടെയും മുന്നിൽ തലകുനിക്കരുത്. നിങ്ങൾക്ക് പട്ടിണി കിടന്ന് മരിക്കേണ്ടി വരില്ല. കോളേജ് പ്രിൻസിപ്പാൾമാരും വൈസ്ചാൻസലർമാരും പ്രൊഫസർമാരുമൊക്കെ ഒരിക്കൽ സിപിഐ(എം)-ന്റെ പിന്നിൽ അണിനിരക്കുകയും, പിന്നീട് പൊടുന്നനെ നിറം മാറ്റി തൃണമൂൽ കോൺഗ്രസ്സിന്റെ പിന്നാലെ പോവുകയും ചെയ്യുന്നത് അന്തസ്സുള്ള പ്രവൃ

ത്തിയാണോ? ഗവണ്മെന്റിൽ നിന്നുള്ള അവാർഡിനോ സ്ഥാനമാനങ്ങൾക്കോ ഒക്കെ വേണ്ടി സ്വന്തം മനഃസാക്ഷി വില്ക്കുന്ന കലാകാരന്മാരുടെയും ബുദ്ധിജീവികളുടെയും പ്രവൃത്തി ശരിയാണോ? സമൂഹത്തിൽ നിന്ന്, എന്നല്ല നിങ്ങളുടെ കുടുംബത്തിൽ നിന്നെങ്കിലും, നിങ്ങൾക്ക് അന്തസ്സുള്ള മനുഷ്യൻ എന്ന ബഹുമതി ലഭിക്കുമോ? പണത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള ആർത്തിയാണോ നിങ്ങളുടെ ജീവിതത്തിലെ സർവ്വസ്വവും? വരും തലമുറകൾക്ക് നിങ്ങളിൽ നിന്ന് എന്താണ് ലഭിക്കാനുള്ളത്? പോലീസ് ഉദ്യോഗസ്ഥന്മാരോട് ഞാൻ പറയട്ടെ: ഉദ്യോഗക്കയറ്റത്തിന് വേണ്ടിയും താല്പര്യമില്ലാത്തയിടത്തേയ്ക്കുള്ള സ്ഥലംമാറ്റം ഒഴിവാക്കാൻ വേണ്ടിയുമൊക്കെ ഒരിക്കൽ നിങ്ങൾ സിപിഐ(എം)-ന് വേണ്ടി പ്രവർത്തിച്ചു; ഇപ്പോൾ തൃണമൂലിന് വേണ്ടി ജോലിചെയ്യുന്നു. അതുവഴി നിങ്ങൾ ജനങ്ങളുടെ വെറുപ്പ് ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത്. നിങ്ങളുടെ കുടുംബത്തിലെ കുട്ടികൾ നിങ്ങളിൽ നിന്ന് എന്താണ് പഠിക്കുക? നിയമങ്ങളുണ്ടാക്കുന്നത് ജനങ്ങളുടെ താല്പര്യാർത്ഥമല്ല, ബൂർഷ്വാസിക്ക് വേണ്ടിയാണ് എന്ന് എല്ലാവർക്കും അറിയാം. എന്നിട്ടും വ്യവസായികളോ ഭരണകക്ഷിയുടെ നേതാക്കളോ പ്രവർത്തകരോ സ്വന്തം താല്പര്യാർത്ഥം നിയമം ലംഘിച്ചാൽ നിങ്ങൾക്ക് നിയമത്തെ സംരക്ഷിക്കാൻ കഴിയുന്നില്ല. നിയമം അതിന്റേതായ വഴിയിൽ പോകുന്നുണ്ടോ? മുതലാളിമാരും അവരുടെ പിണിയാളുകളും തെളിക്കുന്ന വഴിയേ ആണ് നിയമം നീങ്ങുന്നത്. നിങ്ങളെ അവർ എങ്ങനെയാണ് ഉപയോഗിക്കുന്നത്? അവർ മന്ത്രിമാരാകുന്നു, സ്ഥാനമാനങ്ങൾ നേടുന്നു, വലിയ വലിയ ആൾക്കാരാകുന്നു; അവർക്കുവേണ്ട എല്ലാ വൃത്തികെട്ട ജോലികളും നിങ്ങളെക്കൊണ്ട് ചെയ്യിക്കുന്നു. അതിന്റെ ഫലമായി സാധാരണ ജനങ്ങൾ നിങ്ങളെ വെറുക്കുന്നു. ദയവായി ഈ പ്രശ്നങ്ങളെപ്പറ്റി  ചിന്തിക്കുക.

ജനങ്ങളോട് ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു: നഗരങ്ങളിലും ഗ്രാമങ്ങളിലും വോളണ്ടിയർ ദളങ്ങൾക്ക് രൂപം നൽകുക. ഖുദിറാം ബോസിന്റെ രക്തസാക്ഷിദിനമായ ആഗസ്റ്റ് 11 അടുത്തുവരികയാണ്. എല്ലാ ഭവനങ്ങളിലും ആ ദിനം ആചരിക്കുക. തുടർന്ന് സെപ്തംബറിൽ രണ്ട് മഹാന്മാരുടെ ജന്മദിനങ്ങൾ വരുന്നു. സെപ്തംബർ 17-ന് ശരത്ചന്ദ്രചാറ്റർജിയുടെയും 26-ന് വിദ്യാസാഗറിന്റെയും. ആ

ദിനങ്ങളും സമുചിതം ആചരിക്കുക. അവരുടെ സന്ദേശങ്ങൾ ഓരോ വീട്ടിലുമെത്തിക്കുക.

## സംസ്കൃതിയുടെ നിലനില്പിനു വേണ്ടി നമ്മുടെ കുട്ടികളെ രക്ഷിക്കുക

നിങ്ങളേവരോടും ഇനി ഞാൻ മറ്റൊരു കാര്യം പറയാം. എന്റെ പാർട്ടിയിലെ പ്രവർത്തകരോടും ഞാൻ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഉത്തരവാദിത്തബോധമുള്ള പൗരന്മാരെന്ന നിലയിൽ നിങ്ങളുടെ മുന്നിലും ഞാൻ ആ നിർദ്ദേശം അവതരിപ്പിക്കുകയാണ്. അവധി ദിവസങ്ങളിൽ ചുരുങ്ങിയത് രാവിലെയെങ്കിലും കുട്ടികൾക്ക് വേണ്ടി കായികവിനോദങ്ങൾ സംഘടിപ്പിക്കുക. അവരെ പദ്യപാരായണം, സംവാദം, മറ്റ് സാംസ്കാരിക-സാമൂഹ്യപ്രവർത്തനങ്ങൾ എന്നിവ യിലേർപ്പെടാൻ പ്രോത്സാഹിപ്പിക്കുക. ദയവായി അവർക്ക് വിദ്യാസാഗർ, രവീന്ദ്രനാഥ്, ശരത്ചന്ദ്രചാറ്റർജി, നസ്രുൾ, സുഭാഷ്ബോസ്, ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ് തുടങ്ങിയ മഹദ്വ്യക്തികളെ പരിചയപ്പെടുത്തുക. നീലച്ചിത്രങ്ങളുടെയും സെൽഫോണുകളുടെയും അശ്ലീലസിനിമകളുടെയും ദുഷിച്ച സ്വാധീനത്തിൽപ്പെട്ട് നിങ്ങളുടെ കുടുംബങ്ങളിലെ കുട്ടികൾ ദുഷിച്ചുകൊണ്ടിരിക്കുകയാണ്. ദയവായി ഈ കുട്ടികളെ രക്ഷിക്കുക. അവർ ഞങ്ങളുടെ പാർട്ടിയുമായി ബന്ധപ്പെട്ടവരാണോ അല്ലയോ എന്നത് പ്രസക്തമല്ല. സംസ്കൃതിയുടെ നിലനില്പിനുവേണ്ടി ദയവായി കുട്ടികളെ രക്ഷിക്കുകയെന്ന കർത്തവ്യം ഏറ്റെടുക്കുക.

## മാനവസംസ്കൃതിയുടെ വിമോചനത്തിനു വേണ്ടി എസ്‌യുസിഐ(സി)-യെ ശക്തിപ്പെടുത്തുക

നാഗരികത ഒന്നാകെ ഇന്ന് ഭീഷണി നേരിടുകയാണ്. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകൾക്കുമാത്രമേ മോചനത്തിനുള്ള മാർഗ്ഗം കാട്ടാൻ സാധിക്കൂ. മനുഷ്യസംസ്കൃതി ഇതിനുമുമ്പ് ഇത്രയും വലിയ പ്രതിസന്ധി നേരിട്ടിട്ടില്ല. സംസ്കൃതി

കണ്ണീർ വാർക്കുകയാണ്, വേദനകൊണ്ട് പുളയുകയാണ്, വിമോചനത്തിനുവേണ്ടി ദാഹിക്കുകയാണ്. മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ വിപ്ലവപാഠങ്ങൾക്കു മാത്രമേ ആ വിമോചനം സാദ്ധ്യമാക്കാനാവൂ. ഈ വിപ്ലവചിന്തകൾ ഏറ്റെടുത്തുകൊണ്ട് എസ്‌യുസിഐ(സി)-യെ ശക്തിപ്പെടുത്തുക. എസ്‌യുസിഐ (സി) ശക്തി പ്രാപിക്കുന്നതിനനുസരിച്ച് വിപ്ലവപ്പോരാട്ടങ്ങളും ജനകീയസമരങ്ങളും മുന്നേറും. നിങ്ങൾ പാർട്ടിയെ ശക്തിപ്പെടുത്താനായി മുന്നോട്ടുവരുമെന്ന പ്രതീക്ഷയോടെ ഞാൻ ഉപസംഹരിക്കുന്നു.

## Source of Quotations

1. Left wing Communism, an infantile disorder.
2. Free translation from Bengali speech
3. Free translation from Bengali speech
4. Letter to Lord Amherst 11.12.1823. Works of Raja Rammohan
5. Letter to F.J.Mouat, Vidyasagar Rachana Sangraha
6. Karunasagar Vidyasagar – Indra Mitra
7. Letters written to Hemantabala Debi and her son, daughter, son-in law, brother and gradson.
8. Quoted from the novels Charithrahin, Pather Dabi, Shesh Prasna.
9. Crossroads -- Subhas Chandra Bose
10. We or our Nationhood - Golwarkar
11. Swami Vivekananda - Bani O Rachana, Udbodhan (1st Edition, 1st Volume and 3rd Volume)
12. Letter to Mohammed Sarafraj of Nainital, Swami Vivekananda - Messages and Works, Udbodhan (Compiled)
13. Bani O Rachana, 3rd Volume, 5th Edition - Swami Vivekananda
14. Future of India, Swami Vivekananda - Bani O Rachana, Bengali, Udbodhan, 1st Vol 5th Edition
15. Bani O Rachana Samgrah, 7th Volume, Ibid

16. My Life and Mission
17. Aamar Samarniti (My War principles) Swami Vivekananda – Collected Works (Bengali), 5th Volume
18. Swami Vivekananda - Bani O Rachana, Udbodhan (1st Edition, 2nd Volume)
19. Swami Vivekananda Collected Works, Bengali, Volume 5.
20. On the History of Early Christianity.
21. Some Aspects of Marxism and Dialectical Materialism, Selected Works, Vol.2, p.122
22. Essays, Viswa Bharati.
23. Ananda Bazar Patrika, 14.05.1940.
24. Critique of Hegel's Philosophy of Right.
25. Advaitha Vedanta, the scientific religion
26. Saratchandra
27. Russiar Chithi (Letters from Russia)
28. Letter to Amiya Chakraborty
29. Subhaschandra, Speech at the felicitation meet in Purulia on 1939
30. Speech on the eve of Ramgarh conference.
31. Subhaschandra
32. I will not rest - Romaine Rolland
33. Vidyasagar Rachana Sangraha

അനുബന്ധം

# സിപിഐ(എം) നയിക്കുന്ന ഇടതുമുന്നണിയുടെ വിപുലീകരണത്തോട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ക്രിയാത്മകമായി പ്രതികരിക്കുന്നു

## ആമുഖം

സിപിഐ(എം) നയിക്കുന്ന ഇടതുമുന്നണി, ദേശീയതലത്തിൽ മറ്റുചില ഇടതുപക്ഷ പ്രസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തി വികസിപ്പിക്കാൻ തീരുമാനിച്ചതായ വാർത്തകൾ ദേശീയ മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ആദ്യഘട്ടത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), സിപിഐഎംഎൽ(ലിബറേഷൻ) എന്നീ പാർട്ടികളെയാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചത്. ഇതുപ്രകാരം, സിപിഐ(എം) ജനറൽ സെക്രട്ടറി സഖാവ് പ്രകാശ് കാരാട്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രോവാഷ് ഘോഷുമായി ഒക്ടോബർ 16-ന് കൽക്കത്തയിൽവച്ച് ഒരു ചർച്ച നടത്തുകയുണ്ടായി.

ആഗോളീകരണ നയങ്ങൾക്കും വർഗ്ഗീയ വിപത്തിനുമെതിരെ ദേശീയ തലത്തിൽ ഇടതു-ജനാധിപത്യ-മതേതര ശക്തികളുടെ യോജിച്ച സമരനിര ഉയർന്നുവരേണ്ടതിന്റെ ആവശ്യകത ദീർഘകാലമായി നമ്മുടെ പാർട്ടി ചൂണ്ടിക്കാണിച്ചുവരികയായിരുന്നു. ആ ദിശയിലുള്ള ഗൗരവതരമായ പരിശ്രമങ്ങളിൽ വ്യാപൃതമായിരുന്നു. പാർലമെന്ററി താൽപ്പര്യങ്ങൾക്കപ്പുറത്ത്, ജനജീവിതം അഭിമുഖീകരിക്കുന്ന നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ജനങ്ങളെ പ്രാപ്തരാക്കുന്നതായിരിക്കണം ഇത്തരമൊരു കൂട്ടുകെട്ട്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജനാധിപത്യാവകാശങ്ങൾ പുനഃസ്ഥാ

പിക്കാനും നിലനിർത്താനും വിപുലീകരിക്കാനും ഇതിലൂടെ കഴിയണം. നാടിന്റെ മതേതര സ്വഭാവം തകർക്കാനും നവോത്ഥാനം സൃഷ്ടിച്ച മൂല്യങ്ങളെയാകെ നിരാകരിക്കാനുമുള്ള എല്ലാ നീക്കങ്ങളെയും ചെറുത്തുപരാജയപ്പെടുത്താനും ഉതകുന്നതാകണം ഈ വിശാല സമരനിര. ചരിത്രാവബോധവും യുക്തിചിന്തയും ശാസ്ത്രീയ മനോഘടനയും ബലപ്പെടുത്താൻ സഹായകമായ പ്രത്യയശാസ്ത്ര ചർച്ചകൾക്കും സംവാദങ്ങൾക്കും ഈ മുന്നണി ഗൗരവാവഹമായ പരിഗണന നൽകേണ്ടതുണ്ട്.

എന്നാൽ, ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇത്തരമൊരു ദൗത്യം ഏറ്റെടുക്കാൻ സിപിഐ(എം), സിപിഐ പോലുള്ള പാർട്ടികൾ തയ്യാറായില്ല. തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി തട്ടിക്കൂട്ടുന്ന സഖ്യങ്ങൾക്കപ്പുറത്തൊരു പരിശ്രമവും അവരുടെ ഭാഗത്തുനിന്നുണ്ടായില്ല. താൽക്കാലിക നേട്ടങ്ങളുടെ പിന്നാലെയുള്ള ഈ പരക്കം പാച്ചിൽ രാഷ്ട്രീയമായും സംഘടനാപരമായും വലിയ പതനത്തിലാണ് അവരെ കൊണ്ടെത്തിച്ചത്. ആഗോളീകരണ നയങ്ങൾക്കെതിരെ അനിവാര്യമായിരുന്ന രാജ്യവ്യാപകമായ പ്രക്ഷോഭത്തിന്റെ സാദ്ധ്യതകൾ ഇത് തല്ലിക്കെടുത്തി. ജനങ്ങൾ ദുരിതക്കയത്തിലായി. അധികാരത്തിലേറിയ സന്ദർഭങ്ങളിലെല്ലാം അവർ ആ നയത്തിന്റെ നടത്തിപ്പുചുമതല ഏറ്റെടുക്കുന്ന സ്ഥിതിവരെയെത്തി. ഒരു ഇടതു-ജനാധിപത്യ മുന്നേറ്റത്തിനു മുമ്പിൽ കടുത്ത പ്രതിബന്ധങ്ങൾ സൃഷ്ടിച്ച ഈ നിലപാടുകൾ തിരുത്താൻ വൈകിയെങ്കിലും അവർ തയ്യാറാകുന്നെങ്കിൽ അർഹമായ ഗൗരവത്തോടെയും ഉത്തരവാദിത്തബോധത്തോടെയും തന്നെ അതിനെ വീക്ഷിക്കേണ്ടതുണ്ട്, ഒപ്പം വ്യാമോഹങ്ങൾ ഇല്ലാതെയും.

ദേശീയതലത്തിൽ സിപിഐ(എം) നേതൃത്വത്തിലുള്ള ഇടതുമുന്നണിയുടെ നീക്കങ്ങളോട് രാജ്യത്തെ അദ്ധ്വാനിച്ച് ജീവിക്കുന്ന കോടിക്കണക്കിന് ജനങ്ങളുടെ താൽപ്പര്യം മുൻനിർത്തി സഹകരണാത്മകമായ നിലപാടാണ് പാർട്ടി കൈക്കൊണ്ടിരിക്കുന്നത്. ബംഗാളിലും കേരളത്തിലും നിലനിൽക്കുന്ന വ്യത്യസ്ത സാഹചര്യങ്ങൾക്കനുസരിച്ച് നിലപാടെടുക്കാനുള്ള സ്വാതന്ത്ര്യം നിലനിർത്തിയിട്ടുമുണ്ട്.

സഖാവ് പ്രകാശ് കാരാട്ടുമായി നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ സഖാവ് പ്രൊവാഷ് ഘോഷ് തന്നെ പത്രസമ്മേളനം വിളി

ച്ചുകൂട്ടി വിശദീകരിക്കുകയുണ്ടായി. അതിന്റെ പൂർണ്ണരൂപം താഴെ കൊടുക്കുന്നു.

## പത്രസമ്മേളനം

കഴിഞ്ഞ ആഗസ്റ്റിൽ സി.പി.ഐ(എം) പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടറി ബിമൻ ബോസ് താൽപ്പര്യപ്പെട്ടതനുസരിച്ച് ഞാൻ അദ്ദേഹവുമായി ഒരു ചർച്ച നടത്തിയിരുന്നു. ഇടതുപക്ഷ പാർട്ടികളുടെ ആഹ്വാനപ്രകാരം സെപ്റ്റംബർ 1-ന് കൽക്കത്തെയിൽ നടക്കുന്ന സാമ്രാജ്യത്വ വിരുദ്ധ റാലിയിൽ പങ്കെടുക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു. സി.പി.ഐ(എം) ബംഗാൾ ഭരിക്കുകയും ഞങ്ങൾ ആ ഗവണ്മെന്റിനെതിരെ സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്ന കാലയളവിൽത്തന്നെ അഞ്ചുതവണ അവരുമൊത്ത് സംയുക്ത പരിപാടികളിൽ ഞങ്ങൾ പങ്കെടുത്തിട്ടുണ്ട്. ബാബ്റി മസ്ജിദ് തകർക്കപ്പെട്ടതിനുശേഷമുള്ള ഈ കാലയളവിൽ സാമ്രാജ്യത്വത്തിനും വർഗ്ഗീയതയ്ക്കും എതിരെ സംഘടിപ്പിക്കപ്പെട്ടതായിരുന്നു ആ പരിപാടികൾ. ഇക്കുറിയും ഞങ്ങൾ പങ്കെടുക്കാമെന്ന് സമ്മതിച്ചു.

ഏതാനും ദിവസങ്ങൾക്കു ശേഷം, ബിമൻ ബോസ്, അവരുടെ ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് എന്നെ കാണാൻ ആഗ്രഹിക്കുന്നുവെന്നറിയിച്ചു. ഞാൻ കടുത്ത ആസ്ത്മാ രോഗിയാണെന്നും ഒന്നിലേറെത്തവണ ബാധിച്ചിട്ടുണ്ടെന്നും ഇപ്പോഴത്തെ കാലാവസ്ഥയിൽ എനിക്ക് ഡൽഹി യാത്ര ബുദ്ധിമുട്ടാണെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ബിമൻ ബോസ് അവരുടെ ഡൽഹി ഓഫീസുമായി ബന്ധപ്പെട്ടതിനു ശേഷം, എന്നെ കാണാൻ പ്രകാശ് കാരാട്ട് കൽക്കത്തയ്ക്ക് വരാൻ തയ്യാറാണെന്നറിയിച്ചു. ഡൽഹിയിൽ വച്ച് പ്രകാശ് കാരാട്ട് ഞങ്ങളുടെ പോളിറ്റ് ബ്യൂറോ മെമ്പർ കൃഷ്ണചക്രവർത്തിയുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയും ചെയ്തു. ഇന്ന് (ഒക്ടോബർ 16) ആ ചർച്ച നടന്നു. ഞാനും ഞങ്ങളുടെ പോളിറ്റ് ബ്യൂറോ മെമ്പർ രഞ്ജിത് ധറും അവരുടെ ഓഫീസിൽ വച്ച് രാവിലെ 11.30-ന് നടന്ന ചർച്ചയിൽ പങ്കെടുത്തു. വലതുപിന്തിരിപ്പൻ വർഗ്ഗീയ ശക്തികൾക്കെതിരെ അഖിലേന്ത്യാ തല

ത്തിൽ ഞങ്ങൾ കൂടി ഉൾപ്പെട്ട ഒരു വിശാല ഇടത് ഐക്യം രൂപപ്പെടുത്തുന്നതിനുള്ള മൂർത്തമായ നിർദ്ദേശം സിപിഐ(എം) ജനറൽ സെക്രട്ടറി ഞങ്ങൾക്കു മുമ്പാകെ വച്ചു. ബിജെപി ഗവണ്മെന്റിന്റെ നവ ഉദാരവൽക്കരണ, കുത്തകാനുകൂല സാമ്പത്തിക നയങ്ങൾക്കെതിരെ യോജിച്ച പ്രചാരണം സംഘടിപ്പിക്കണമെന്ന നിർദ്ദേശവും അദ്ദേഹം മുന്നോട്ടുവച്ചു. ഈ ലക്ഷ്യത്തോടെ നവംബർ 1-ന് ഡൽഹിയിൽ, സിപിഐ(എം), എസ്‌യുസിഐ(സി), സിപിഐ, സിപിഐഎംഎൽ(ലിബറേഷൻ), ആർഎസ്‌പി, ഫോർവേഡ് ബ്ലോക്ക് എന്നീ ആറ് ഇടതുപക്ഷ പാർട്ടികളുടെ ഒരു യോഗം ചേരണമെന്ന നിർദ്ദേശവും അദ്ദേഹം അവതരിപ്പിച്ചു. ഈ സഖ്യത്തിൽ മറ്റേതെങ്കിലും പാർട്ടികളെയോ സംഘടനകളെയോ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന കാര്യം ഈ ആറു പാർട്ടികൾ ചർച്ച ചെയ്തു തീരുമാനിക്കും. ഏതാനും കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയുള്ള അന്തിമ പ്രഖ്യാപനവും മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങളടങ്ങുന്ന പട്ടികയും നവംബർ 1 ന് ഡൽഹിയിൽ പരസ്യപ്പെടുത്തും. അംഗ സംഘടനകളുടെ പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമുള്ള ഈ കരട് രേഖയുടെ ഒരു പകർപ്പ് ഞങ്ങൾക്ക് തരികയും ചെയ്തു.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെത്തുടർന്ന് ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആകെ അലങ്കോലമായിരിക്കുന്നുവെന്നും ഇന്ത്യയിൽ ഒരു ഇടതുപക്ഷമുന്നേറ്റത്തിന്റെ അഭാവത്തിൽ ഇടതുപക്ഷ രാഷ്ട്രീയം പ്രതിസന്ധിയെ നേരിടുകയാണെന്നും ഞാൻ സിപിഐ(എം) നേതാക്കളോടു പറഞ്ഞു. അഖിലേന്ത്യാ തലത്തിൽ ഒരു ഐക്യം രൂപപ്പെട്ടുവരേണ്ടത് അനിവാര്യതയാണ്. ഞങ്ങളുടെ പാർട്ടിയും ഇതിനുള്ള പരിശ്രമങ്ങളാണ് എക്കാലവും നടത്തിയിരുന്നത്. ഇത്തരമൊരു സഖ്യത്തിൽ പ്രാദേശികവാദ, ജാതീയ, വിഭാഗീയ ശക്തികളെ ഉൾപ്പെടുത്താനാവില്ലെന്നും ഞങ്ങൾ പറഞ്ഞു.

ഇൻഡ്യയിൽ നമ്മൾ അഭിമുഖീകരിക്കുന്നത് വലതുപിന്തിരിപ്പൻ ശക്തികളുടെ ആക്രമണം മാത്രമല്ല. കോൺഗ്രസ്സ് ഭരണമാരംഭിച്ചതുമുതൽ ഭരണപരമായ ഫാസിസത്തിന്റെ സാന്നിദ്ധ്യമുണ്ട്. ഇൻഡ്യൻ മുതലാളിത്തം വളരെ മുമ്പുതന്നെ കുത്തകസ്വഭാവമാർജ്ജിച്ചിരുന്നു. അതായത് മൂലധനം ഒരുപിടിയാളുകളുടെ കൈകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണകൂടം വളരെമുമ്പുതന്നെ

കുത്തകമൂലധനത്തിന്റെ ദാസ്യത്തിലാണ്. ഒരു വ്യവസായ-മിലിട്ടറി-ബ്യൂറോക്രാറ്റിക് സംവിധാനത്തിന്റെ പക്കൽ അധികാരമെല്ലാം കേന്ദ്രീകരിച്ചിരിക്കുന്നു. അവരാണ് യഥാർത്ഥത്തിൽ ഭരണം നടത്തുന്നത്. ഇതെല്ലാം ഫാസിസത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ അടിത്തറയായി വർത്തിക്കുന്നു. മറുവശത്ത്, ആശയങ്ങളുടെയും ചിന്തയുടെയും മേഖലയിൽ, ആശയവാദപരവും മദ്ധ്യയുഗത്തിന്റേതുമായ ചിന്താഗതികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു.

ശാസ്ത്രത്തിന്റെ സാങ്കേതിക വശത്തിന് മാത്രമാണ് ഊന്നൽ. ജനങ്ങളുടെ ശാസ്ത്രീയവും യുക്ത്യധിഷ്ഠിതവുമായ മനോഘടന തകർക്കുക എന്ന ഹീനലക്ഷ്യമാണിതിനു പിന്നിൽ. ഇത് ഫാസിസത്തിന്റെ ആഗമനത്തിന് ആക്കം വർദ്ധിപ്പിക്കുന്നു. അതായത് ഫാസിസത്തിന്റെ അപകടം ഇന്ത്യയിൽ കോൺഗ്രസ്സ് വാഴ്ചക്കാലത്തുതന്നെ ഉണ്ടായിരുന്നു എന്നാണിത് വ്യക്തമാക്കുന്നത്. ബിജെപി അധികാരത്തിലെത്തിയതോടെ അത് കൂടുതൽ കരുത്താർജ്ജിച്ചിരിക്കുന്നു. ബിജെപിയുടെ ഒത്താശയോടെ ആർഎസ്എസ് അതിന്റെ വിഷലിപ്തമായ ആശയങ്ങൾ രാജ്യമെമ്പാടും പടർത്തുന്നു. വർഗ്ഗീയ വിദ്വേഷം വളർത്തുകയും വർഗ്ഗീയ ലഹളകൾക്ക് പ്രേരണ ചെലുത്തുകയും ചെയ്യുന്നു. ഇതിനെ തുരത്താൻ വമ്പൻ പ്രക്ഷോഭണവും പ്രത്യശാസ്ത്ര സംഘർഷങ്ങളും ആവശ്യമാണ്.

കോൺഗ്രസിന്റെ വീക്ഷണം ഒരിക്കലും മതേതരത്വമായിരുന്നില്ലെന്ന കാര്യം ഞങ്ങൾ സിപിഐ(എം) നേതാക്കളോടു പറഞ്ഞു. മതേതരത്വം എന്ന ആശയത്തെ സർവ്വമത പ്രോത്സാഹനമായി അവർ വളച്ചൊടിച്ചു. കപട മതേതര മുദ്രാവാക്യങ്ങളുടെ മറയിൽ ഒളിഞ്ഞും തെളിഞ്ഞും അവർ അനുവർത്തിച്ചത് ഇതാണ്. ബിജെപിയാകട്ടെ ഒരു തുറന്ന വർഗ്ഗീയ പാർട്ടിയാണ്. ബിജെപിയുടെ പ്രത്യയശാസ്ത്ര മാർഗ്ഗദർശിയായ ആർഎസ്എസിന്റെ അടിത്തറ തന്നെ വർഗ്ഗീയ പദ്ധതിയായ ഹിന്ദുത്വമാണ്. അതുകൊണ്ടുതന്നെ അപകടം അതീവ ഗുരുതരമാണ്.

സാമ്പത്തിക രംഗത്താണെങ്കിൽ, കോൺഗ്രസ്സ് എക്കാലവും സ്വദേശ-വിദേശ ബഹുരാഷ്ട്ര കുത്തകകളുടെ താൽപ്പര്യമാണ് സംരക്ഷിച്ചുപോന്നത്. ഇതിനായി രൂപം കൊടുത്തിട്ടുള്ള നവ-ഉദാര

വൽക്കരണ നയങ്ങളും കോൺഗ്രസ്സിന്റെ സൃഷ്ടിയാണ്. മുതലാളി വർഗ്ഗം ഈ നയങ്ങൾ കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യപ്പെടുന്നു. മുന്നണി ഭരണത്തിന്റെ സമ്മർദ്ദം മൂലം കോൺഗ്രസ്സിന് അതിന് കഴിഞ്ഞില്ല. അഴിമതിയും ജനവിരുദ്ധ സ്വഭാവവും മൂലം അവർക്ക് ജനപിന്തുണയും നഷ്ടപ്പെട്ടു. ഇത്തരമൊരു സാഹചര്യത്തിലാണ് സ്വദേശ-വിദേശ കുത്തകകൾ ബിജെപിയെയും നരേന്ദ്ര മോദിയെയും പിന്തുണയ്ക്കുന്നതും അവരെ അധികാരത്തിൽ എത്തിക്കുന്നതും. അതുകൊണ്ടുതന്നെ, കോൺഗ്രസ്സിനേക്കാൾ മെച്ചപ്പെട്ട വിധത്തിൽ കോർപ്പറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കാൻ മോദി പ്രതിജ്ഞാബദ്ധനാണ്. തന്റെ ഗവണ്മെന്റിന്റെ നയങ്ങളിലൂടെയും നടപടികളിലൂടെയും മോദി അത് തെളിയിച്ചു. ഇതോടൊപ്പം തന്നെ, വിഷലിപ്തമായ ഹിന്ദുത്വവാദം പ്രചരിപ്പിക്കുന്നതിലൂടെ, ഇൻഡ്യൻ നവോത്ഥാനത്തിന്റെ സംഭാവനകളും നേട്ടങ്ങളും തുടച്ചുനീക്കാനാണ് ബിജെപി-ആർഎസ്എസ് കൂട്ടുകെട്ട് ശ്രമിക്കുന്നത്. അവരിതിൽ വിജയിച്ചാൽ, സമൂഹത്തിൽ അവശേഷിക്കുന്ന യുക്തിബോധവും ജനാധിപത്യ മൂല്യങ്ങളും മനോഭാവവും ശാസ്ത്രീയ വീക്ഷണവും കൂടി നശിപ്പിക്കപ്പെടും.

വർഗ്ഗീയവിരുദ്ധ നിലപാടുകൊണ്ടുമാത്രം മതേതരത്വമാകുന്നില്ല എന്ന കാര്യവും ഞാൻ ചൂണ്ടിക്കാണിച്ചു. രാഷ്ട്രീയം, ഭരണകൂടം, വിദ്യാഭ്യാസം, നിയമം എന്നിവയൊക്കെ മതത്തിന്റെ സ്വാധീനത്തിൽനിന്ന് മുക്തമായിരിക്കുന്ന അവസ്ഥയാണ് മതേതരത്വം. മതം പൗരന്റെ സ്വകാര്യവിഷയം മാത്രമാണ്. വിശ്വാസികളെയും അവിശ്വാസികളെയും ഭരണകൂടം തുല്യാവകാശങ്ങളുള്ള വ്യക്തികളായാണ് കാണുക. ഒരു ആധുനിക ജനാധിപത്യ ഭരണ സംവിധാനത്തിന്റെ അവശ്യോപാധിയെന്ന നിലയിൽ ഈ ആശയം ലോകത്ത് അവതരിപ്പിച്ചത് യൂറോപ്പിലെ നവോത്ഥാനമാണ്. എന്നാൽ, ഇന്ത്യയിൽ ഇത് ഒരിക്കലും പിന്തുടരപ്പെട്ടില്ല. അതുമൂലം മതാന്ധത, വർഗ്ഗീയത, ജാതീയത എന്നിവയൊക്കെ ജനങ്ങളെ ഭിന്നിപ്പിച്ച് തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാൻ ആഗ്രഹിച്ച കുബുദ്ധികളായ രാഷ്ട്രീയ ശക്തികളുടെ കൈയിൽ, എളുപ്പം പ്രയോഗിക്കാവുന്ന ആയുധങ്ങളായി മാറി. ആർഎസ്എസ്-ബിജെപി ശക്തികൾ അധികാരമേറ്റതോടെ ജനൈക്യം അതീവ ഗുരുതരമായ വെല്ലുവിളികളെ അഭിമുഖീകരിക്കുകയാണ്. ഇതിനെ ചെറുക്കണമെങ്കിൽ, മതഭ്രാന്തിനും

ആശയവാദ ചിന്താഗതികൾക്കുമെല്ലാമെതിരെ ശക്തമായ പ്രത്യയ ശാസ്ത്ര സമരം കെട്ടഴിച്ചുവിടേണ്ടതുണ്ട്. മറുവശത്ത്, അധികാര മേറ്റ നാൾ മുതൽ അവർ, തൊഴിലാളികളുടെയും കർഷകരുടെയും താഴെയിടത്തരക്കാരായ ജനങ്ങളുടെയും മേൽ കടുത്ത സാമ്പത്തിക ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ കൺവെൻഷനുകളും മീറ്റിങ്ങുകളും മറ്റും മാത്രം സംഘടിപ്പിച്ചാൽ പോരാ. സംസ്ഥാനതലങ്ങളിലും അഖിലേന്ത്യാ തലത്തിലും സുസം ഘടിതമായ വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങൾ വികസിപ്പിച്ചെടു ക്കണം. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഐക്യവും പ്രവർത്തന ങ്ങളും ഈ അടിസ്ഥാനത്തിലാണ് കെട്ടിപ്പടുക്കേണ്ടത്. ഞങ്ങൾ എന്നും ഇടതുപക്ഷ ഐക്യത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത്. പ്രകാശ് കാരാട്ടുമായി എനിക്ക് അടുത്ത പരിചയമില്ല. 1950-കളിൽ ഇടതുപക്ഷ പ്രക്ഷോഭങ്ങൾ ബംഗാളിൽ കരുത്താർജ്ജിച്ച സാഹ ചര്യം പ്രകാശ് കാരാട്ടിന് പരിചിതമായിരിക്കില്ല എന്നു ഞാൻ പറ ഞ്ഞു. സിപിഐയെ സംയുക്ത സമരത്തിൽ ഉൾപ്പെടുത്തുന്നതി നോട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് അന്ന് യോജിപ്പുണ്ടായിരു ന്നില്ല. ആർഎസ്പി, ഫോർവേഡ് ബ്ലോക്ക്, ആർസിപിഐ എന്നീ പാർട്ടികൾ അന്ന് ശക്തമായിരുന്നു. സ്വാതന്ത്ര്യ സമരത്തിലെ സിപി ഐയുടെ പങ്കിനെച്ചൊല്ലിയായിരുന്നു അഭിപ്രായവ്യത്യാസം. നേതാ ജിയെയും ഐഎൻഎയും അന്നവർ ജപ്പാൻ ചാരൻ എന്ന് വിശേ ഷിപ്പിച്ചിരുന്നു. രണ ദിവെയുടെ ഇടതുപക്ഷ അതിസാഹസിക നില പാടുകളോടും വിയോജിപ്പുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ ഇട തുസഖ്യത്തിന് പുറത്തായിരുന്നു സിപിഐ. എന്നാൽ സിപിഐ ഇല്ലാതെ ഒരു സംയുക്ത പ്രക്ഷോഭം സാദ്ധ്യമല്ലെന്നായിരുന്നു ഞങ്ങ ളുടെ പാർട്ടിയുടെ സ്ഥാപകനും ഗുരുനാഥനും മാർക്സിസ്റ്റ് ചിന്ത കനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ നിലപാട്. ഭക്ഷ്യസ മരം ബംഗാളിൽ കരുത്താർജ്ജിച്ചുവരികയായിരുന്നു. സുരേഷ് ബാനർജി എന്ന പ്രമുഖ വ്യക്തിയുടെ നേതൃത്വത്തിലായിരുന്നു സമരം. സിപിഐ അന്ന് വേറൊരു സമര സമിതിയിലായിരുന്നു. സിപിഐയെക്കൂടി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഞങ്ങൾ സുരേഷ് ബാനർജിയെ ധരിപ്പിക്കുകയും അതിനദ്ദേഹത്തെ പ്രേരി പ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന് അത് ബോദ്ധ്യപ്പെടുകയും സിപിഐയെ ഉൾപ്പെടുത്തുകയും ചെയ്തു. 1950 മുതൽ 1970 വരെ

ഞങ്ങൾ സിപിഐയുമായും 64-ൽ രൂപംകൊണ്ടതിനുശേഷം സിപിഐ(എം)മായും ഐക്യത്തിലായിരുന്നു. ഈ മുന്നണിയുടെ നേതൃത്വത്തിൽ ശക്തമായ പല സമരങ്ങളും നടന്നു. പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസമുണ്ടായെങ്കിലും ഐക്യം നിലനിന്നു. അഭിപ്രായവ്യത്യാസങ്ങൾ ഞങ്ങൾ തുറന്നുപറഞ്ഞിരുന്നു. 1967-ലും 69-ലും ഐക്യമുന്നണി ഗവണ്മെന്റ് രൂപീകരിക്കുന്ന സമയത്ത് ഗുരുതരമായ അഭിപ്രായവ്യത്യാസങ്ങളുണ്ടായി. വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാനുള്ള ഒരു ഉപകരണം എന്ന നിലയിൽ ഐക്യമുന്നണി ഗവണ്മെന്റിനെ വീക്ഷിക്കണം എന്നായിരുന്നു ഞങ്ങളുടെ അഭിപ്രായം. ബൂർഷ്വാ പാർട്ടികൾ നയിക്കുന്ന സർക്കാരുകൾ പോലെയാകരുത് ആ ഗവണ്മെന്റ്. അത് ജനതാൽപ്പര്യം മുൻനിർത്തി സമരങ്ങൾ വളർത്തിയെടുക്കണം. ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ അത് പോലീസിനെ ഉപയോഗിക്കരുത്. ഇക്കാര്യത്തിൽ സിപിഐ(എം)നും മറ്റും വ്യത്യസ്ത അഭിപ്രായമായിരുന്നു.

1970-ൽ വർഗ്ഗാടിസ്ഥാനത്തിലുള്ള മുന്നണി എന്ന മുദ്രാവാക്യമുയർത്തി സിപിഐ(എം) ഐക്യമുന്നണി ഗവണ്മെന്റ് പൊളിച്ചു. ഞങ്ങളുടെ പാർട്ടിയുമായുള്ള ഐക്യവും തകർന്നു. 1971-ൽ ഞങ്ങൾ എട്ടു പാർട്ടികളുടെ മുന്നണിക്ക് രൂപം നൽകി. സിപിഐയും ഫോർവേഡ് ബ്ലോക്കും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. മറ്റൊരു ആറു പാർട്ടികളുടെ സഖ്യത്തിലായിരുന്നു സിപിഐ(എം). 1972-ൽ ഒമ്പത് പാർട്ടികളുടെ ഒരു സഖ്യത്തിൽ സിപിഐ(എം) വീണ്ടും ഞങ്ങളോടൊപ്പം ചേർന്നു. 1974-ൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള പ്രക്ഷോഭത്തിൽ പങ്കെടുക്കുന്നതിന്റെ പേരിൽ ഈ മുന്നണിയും തകർന്നു. 74-ൽ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് ദുർഭരണത്തിനെതിരെയായിരുന്നു ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള പ്രക്ഷോഭം. ആ സമരവും അതിന്റെ ഡിമാന്റുകളും ജനാധിപത്യപരമായിരുന്നു എന്ന അഭിപ്രായമാണ് ഞങ്ങൾക്കുണ്ടായിരുന്നത്. ഇടതുപാർട്ടികളുടെ അഭാവത്തിൽ ജനസംഘം പോലുള്ള വലതുപക്ഷ ശക്തികൾ ഈ പ്രക്ഷോഭത്തിൽ നിന്ന് മുതലെടുപ്പ് നടത്തി. നമുക്ക് അതിൽ പങ്കാളികളായി അതിന് ഒരു ഇടതുപക്ഷ ബദൽ നേതൃത്വം പ്രദാനം ചെയ്യാൻ ശ്രമിക്കാമെന്ന അഭിപ്രായം ഞങ്ങൾ മുന്നോട്ടുവച്ചു.

സിപിഐ അന്ന് ഇന്ദിരാകോൺഗ്രസ്സിന് പരസ്യമായി പിന്തുണ നൽകി. സിപിഐ(എം) ഓരോരോ ന്യായങ്ങൾ പറഞ്ഞ് സമരത്തിൽനിന്ന് വിട്ടുനിന്നു. ജനസംഘവും മറ്റും ഈ സാഹചര്യം ഉപയോഗപ്പെടുത്തി കരുത്താർജിച്ചു. ഇക്കാര്യത്തിൽ ഞങ്ങൾ സിപിഐ(എം)നെ വിമർശിച്ചു. ഒരു ഐക്യമുന്നണിയിൽ നിൽക്കുമ്പോൾ നിങ്ങൾക്കെങ്ങനെയാണ് ഞങ്ങളെ വിമർശിക്കാൻ കഴിയുക, ഇത് ശരിയല്ല എന്നാണ് സിപിഐ(എം) പറഞ്ഞത്. ഐക്യം, സമരം, ഐക്യം എന്ന തത്ത്വമാണ് ഐക്യത്തെ സംബന്ധിച്ച മാർക്സിസ്റ്റ് കാഴ്ചപ്പാട് എന്ന് ഞങ്ങൾ പറഞ്ഞു. പൊതുശത്രുവിനെതിരെ ഒന്നിച്ചുനിൽക്കുമ്പോൾത്തന്നെ ഘടകകക്ഷികൾക്കിടയിൽ പ്രത്യയശാസ്ത്ര സമരം നടത്തുകയും പരസ്പര ധാരണ മെച്ചപ്പെടുത്തുകയും ചെയ്യുന്നത് ഐക്യത്തെ ദൃഢപ്പെടുത്തുകയേയുള്ളൂ എന്നർത്ഥം. ഇതാണ് ഐക്യത്തെ സംബന്ധിച്ച ശരിയായ സമീപനം. ഈ കാഴ്ചപ്പാടിനോട് സിപിഐ(എം) വിയോജിക്കുകയും ഐക്യം തകരുകയും ചെയ്തു. 1974 മുതൽ ഞങ്ങൾക്ക് സിപിഐ(എം)മായി ഒരു സഖ്യവുമില്ല.

1977-ൽ സിപിഐ(എം) ബംഗാളിൽ അധികാരത്തിൽ വന്നു. ആ ഗവണ്മെന്റ് ഇടതുപക്ഷേതരവും ജനവിരുദ്ധവുമായ നയങ്ങൾ സ്വീകരിക്കുവാൻ തുടങ്ങി. ഇതിനെതിരെ ഞങ്ങൾ ശക്തമായ സമരങ്ങൾ വളർത്തിയെടുത്തു. ഇക്കാര്യങ്ങളൊക്കെ ചുരുക്കത്തിൽ ഞാൻ പ്രകാശ് കാരാട്ടിനോട് പറഞ്ഞു. എന്നാൽ ഈ സമരങ്ങളൊക്കെ നടത്തുമ്പോഴും കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ദേശീയ തലത്തിൽ സിപിഐ(എം)മായി യോജിച്ച പ്രക്ഷോഭണങ്ങൾക്ക് ഞങ്ങൾ തയ്യാറായിരുന്നു എന്ന കാര്യവും ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. അന്നത്തെ സിപിഐ(എം) നേതാക്കളോടും ഇക്കാര്യം പറഞ്ഞിരുന്നു. എന്നാൽ, അവർ പറഞ്ഞത്, ബംഗാൾ ഗവണ്മെന്റിനെതിരായ സമരം നിർത്തിയാലേ അഖിലേന്ത്യാ തലത്തിൽ ഐക്യത്തിന് സാദ്ധ്യതയുള്ളൂ എന്നാണ്. ഞങ്ങൾക്ക് ഇതിനോട് യോജിക്കാനാവില്ല. ഇതുകൊണ്ടാണ് ദേശീയതലത്തിൽ ഐക്യം ഉണ്ടാകാതിരുന്നത്. ഇക്കാര്യങ്ങളെല്ലാം വ്യക്തമായി പ്രകാശ് കാരാട്ടിനോട് പറഞ്ഞു. സിംഗൂർ-നന്ദിഗ്രാം സമരങ്ങളുമായി ബന്ധപ്പെട്ട് തൃണമൂൽ കോൺഗ്രസ്സുമായി ധാരണ ഉണ്ടാക്കിയപ്പോഴും ഞങ്ങൾ മുന്നോട്ടുവച്ച പ്രധാന ഉപാധി അവർ

മാർക്സിസത്തേയും ഇടതുപക്ഷീയതയേയും അപകീർത്തിപ്പെടുത്തരുത് എന്നതായിരുന്നു. ടിഎംസി ഇത് അംഗീകരിക്കുകയും അവസാനംവരെ പാലിക്കുകയും ചെയ്തു. മറ്റ് ഉപാധികൾ അവർ പാലിച്ചില്ല. ടിഎംസി അധികാരത്തിലെത്തിയാലും ഇടതുപക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട് ആ ഗവണ്മെന്റിന്റെ നയങ്ങൾക്കെതിരെ തെരുവിലിറങ്ങുമെന്ന് തെരഞ്ഞെടുപ്പിന് മുമ്പുതന്നെ ഞങ്ങൾ പ്രഖ്യാപിച്ചിരുന്നു. ഞങ്ങൾ അതുപ്രകാരമാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഞങ്ങളെന്നും ഇടതുപക്ഷ ഐക്യത്തിനുവേണ്ടിയാണ് നിലകൊണ്ടിട്ടുള്ളത്. ഞങ്ങളുടെ രാഷ്ട്രീയ ലൈൻ ഇതാണ്. ഇടതുപക്ഷ സമരങ്ങളും വർഗ്ഗബഹുജനപ്രക്ഷോഭങ്ങളും കെട്ടിപ്പടുക്കുന്നതിനെ ഗൗരവത്തോടെയാണ് കാണുന്നതെങ്കിൽ അതിനുവേണ്ടി യോജിക്കാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ, കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണെന്നും ഞങ്ങൾ പ്രകാശ് കാരാട്ടിനോട് പറഞ്ഞു. അവിടെ ഇതിനകംതന്നെ ആർഎംപി, എംസിപിഐ(യു) എന്നീ ഇടതുപക്ഷ പാർട്ടികളുമായി ഞങ്ങൾ ഒരു ഐക്യമുന്നണിയായി പ്രവർത്തിച്ചുവരികയാണ്. അതിനാൽ കേരളത്തിൽ സിപിഐ(എം)മായി ഐക്യമുന്നണി ഉണ്ടാക്കാനാവില്ല.

പശ്ചിമബംഗാളിലെ സാഹചര്യം സംബന്ധിച്ച് ബിമൻ ബോസിന്റെ സാന്നിദ്ധ്യത്തിൽ ഞാൻ പറഞ്ഞത്, സമരരംഗത്ത് ഞങ്ങളുടെ 161 സഖാക്കൾ സിപിഐ(എം) ഗുണ്ടകളുടെ ആക്രമണത്തിലോ പോലീസ് വെടിവെയ്പിലോ കൊല്ലപ്പെട്ടിട്ടുണ്ട് എന്നാണ്. കള്ളക്കേസിൽപ്പെട്ട് 49 സഖാക്കൾ ജീപപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നു. ഒരിക്കൽ ഞാൻ സഖാക്കളുമൊത്ത് ഈ ഓഫീസിൽ വന്ന് ബിമൻ ബോസിനെയും റൈറ്റേഴ്സ് ബിൽഡിംഗിൽ പോയി അന്ന് മുഖ്യമന്ത്രിയായിരുന്ന ബുദ്ധദേവ് ഭട്ടാചാര്യയേയും കണ്ടിട്ടുണ്ട്. ഞങ്ങളുടെ നേതാക്കളും പ്രവർത്തകരുമാണ് കൊല്ലപ്പെടുന്നത് എന്ന കാര്യം ഞാൻ അവരോട് പറഞ്ഞു. ഞങ്ങൾ ശമ്പളം കൊടുത്ത് കേഡർമാരെ റിക്രൂട്ട് ചെയ്യാറില്ല. ആദർശ പ്രേരിതരായി രാഷ്ട്രീയത്തിലേക്ക് വരുന്ന, നാടിന്റെ ആ ശ്രേഷ്ഠ സന്താനങ്ങളെയാണ് നിങ്ങളുടെ പാർട്ടിക്കാർ അരുംകൊല ചെയ്യുന്നത്. നിങ്ങളിത് നിർത്തണം. എന്നാൽ, കൊലപാതകങ്ങൾക്ക് അറുതിവരുത്താൻ രണ്ടുപേരും ഒന്നുംചെയ്തില്ല. അതുകൊണ്ടുതന്നെ താഴെത്തലങ്ങളിൽ ഞങ്ങളുടെയും നിങ്ങളുടെയും

പ്രവർത്തകർക്കിടയിൽ നല്ല ബന്ധമല്ല നിലനിൽക്കുന്നത്. വിദ്വേഷം നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ ദേശീയതലത്തിൽ നമ്മൾ വിഭാവന ചെയ്യുന്ന സർവ്വതലസ്പർശിയായ ഐക്യം ബംഗാളിൽ ഇപ്പോൾ പ്രാവർത്തികമല്ല. സാവധാനത്തിലും പടിപടിയായും മാത്രമേ നമുക്ക് മുന്നോട്ട് പോകാനാകൂ. സാമ്രാജ്യത്വവിരുദ്ധ, വർഗ്ഗീയവിരുദ്ധ പരിപാടികൾപോലെ വിഷയാധിഷ്ഠിത പരിപാടികൾ നമുക്ക് സംഘടിപ്പിക്കാം. ഇപ്രകാരം താഴെത്തലങ്ങളിൽ പരസ്പരധാരണ വികസിച്ചുവരുന്നതിനനുസരിച്ച് ഐക്യവും ശക്തിപ്പെട്ടുവരും. നവംബർ ഒന്നിന് ഡൽഹിയിൽ നടക്കുന്ന മീറ്റിംഗിൽ ഞങ്ങളുടെ പ്രതിനിധി പങ്കെടുക്കുമെന്നും ഞാൻ പറഞ്ഞു. വീറുറ്റ വർഗ്ഗ–ബഹുജന പ്രക്ഷോഭങ്ങൾ ഒഴിവാക്കിക്കൊണ്ട് ഇടതുപക്ഷ ശക്തികൾക്ക് മുന്നേറാനാവില്ല എന്ന കാര്യം ഒടുവിൽ ഒന്നുകൂടി ആവർത്തിച്ച് ഞാൻ ഓർമ്മിപ്പിക്കുകയും ചെയ്തു. ഇന്ന് ഇത്രയും കാര്യങ്ങളാണ് സിപിഐ(എം) നേതാക്കളുമായി ഞങ്ങൾ സംസാരിച്ചത്.

## റിപ്പോർട്ടർമാരുടെ ചോദ്യങ്ങൾ

*റിപ്പോർട്ടർ:* താങ്കളുടെ അഭിപ്രായങ്ങളോട് പ്രകാശ് കാരാട്ടിന്റെ പ്രതികരണം എന്തായിരുന്നു?

*പ്രൊവാഷ് ഘോഷ്:* അദ്ദേഹം നിശ്ശബ്ദമായി എല്ലാം കേട്ടു. അഭിപ്രായമൊന്നും പറഞ്ഞില്ല.

*റിപ്പോർട്ടർ:* ബംഗാളിലും കേരളത്തിലുമാണ് നിങ്ങൾക്ക് രണ്ടുകൂട്ടർക്കും കൂടുതൽ സ്വാധീനമുള്ളത്. രണ്ടിടത്തും പൂർണ്ണാർത്ഥത്തിലുള്ള ഐക്യം സാദ്ധ്യമല്ലെങ്കിൽ ദേശീയ തലത്തിൽ ഇത് വിജയപ്രദമാകുമോ?

*പ്രൊവാഷ് ഘോഷ്:* അവർക്ക് ബംഗാളിലും കേരളത്തിലും ശക്തമായ സ്വാധീനമുണ്ട്. ഞങ്ങൾക്കുമുണ്ട്. ഇതുകൂടാതെ കർണാടക, ഒഡിഷ, ബീഹാർ, യുപി, ഡൽഹി, ഹരിയാന, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, തമിഴ്നാട്, ത്രിപുര, ആസ്സാം, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും ഞങ്ങളുടെ പാർട്ടി ശക്തി പ്രാപിച്ചുവരികയാണ്. ഹിമാ

ചൽപ്രദേശ്, നാഗാലാന്റ്, മണിപ്പൂർ, മിസോറം എന്നിവയൊഴികെയുള്ള ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും ഞങ്ങൾക്ക് പ്രവർത്തനമുള്ള കാര്യം ഞാൻ പ്രകാശ് കാരാട്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി. അക്കാര്യം തനിക്കറിയാമെന്ന് അദ്ദേഹം പറഞ്ഞു. കാശ്മീരിലെ പ്രളയബാധിത പ്രദേശങ്ങളിൽ ഞങ്ങൾ മെഡിക്കൽ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുന്ന കാര്യം അദ്ദേഹം കൂട്ടിച്ചേർക്കുകയും ചെയ്തു. ചുരുക്കത്തിൽ, ഈ സംസ്ഥാനങ്ങളിലും അഖിലേന്ത്യാതലത്തിലും പൂർണ്ണാർത്ഥത്തിലുള്ള ഐക്യം നിലവിൽവരും. ബംഗാളിൽ അത് പടിപടിയായി കൈവരിക്കും. കേരളത്തിൽ മാത്രം സിപിഐ(എം)മായി ഐക്യമുണ്ടാകില്ല. ഞങ്ങളുടെ ചർച്ച ക്രിയാത്മകമായിരുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് കരട് പ്രഖ്യാപനത്തിന് നവംബർ ഒന്നിന് ഡൽഹിയിൽ അന്തിമരൂപം നല്കും.

*റിപ്പോർട്ടർ:* നിങ്ങളുടെ പാർട്ടി ബംഗാളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ സമരം സംഘടിപ്പിക്കുമോ?

*പ്രോവാഷ് ഘോഷ്:* എന്തിനാണ് ഭാവികാലത്തിൽ സംസാരിക്കുന്നത്? പശ്ചിമബംഗാളിലടക്കം നിരവധി സംസ്ഥാനങ്ങളിൽ ഞങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരായ സമരത്തിലാണല്ലോ. മാധ്യമങ്ങൾ ഇത് റിപ്പോർട്ട് ചെയ്യണമെന്നില്ല. പക്ഷേ, മാധ്യമപ്രവർത്തകരായ നിങ്ങൾ ഇക്കാര്യങ്ങൾ അറിഞ്ഞിരിക്കണം. ഞങ്ങളുടെ പാർട്ടിപ്രസിദ്ധീകരണങ്ങൾ നോക്കിയാൽ ഇതിന്റെ വാർത്തകൾ കാണാൻ കഴിയും. നന്ദി.

എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)
സംസ്ഥാനക്കമ്മിറ്റി പ്രസിദ്ധീകരണം

മഹാനായ മാർക്സിസ്റ്റ് ദാർശനികൻ
**സഖാവ് ശിബ്ദാസ് ഘോഷ്** 1969-ൽ നടത്തിയ
വിശകലനം എത്രമാത്രം ശരിയായിരുന്നുവെന്ന്
ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.
അന്ന് ബിജെപി ഉണ്ടായിരുന്നില്ല.
പകരം ജനസംഘമാണുണ്ടായിരുന്നത്.
സിപിഐ(എം)-ന്റെ ചെയ്തികളെ
വിമർശിച്ചുകൊണ്ട് അന്ന്
അദ്ദേഹം പറഞ്ഞു:

"ഈ സാഹചര്യത്തിൽ,
ജനസംഘത്തെപ്പോലെയുള്ള മതദേശീയവാദികൾ
തക്കംപാർത്തിരിക്കുകയാണ്.
പറ്റിയ അവസരത്തിനുവേണ്ടി അവർ
കാത്തിരിക്കുന്നു. ഇടതുപക്ഷപ്രസ്ഥാനത്തോട്
ഇന്നും ജനങ്ങൾക്കിടയിലുള്ള ആകർഷണം
എപ്പോഴാണോ ഇല്ലാതാകുന്നത്,
അപ്പോൾ അവർ രംഗത്ത് പ്രത്യക്ഷപ്പെടും.
ഭരിക്കുന്ന സിപിഐ(എം) നേതാക്കൾ
ഇത് മനസ്സിലാക്കുന്നില്ല. കമ്മ്യൂണിസത്തിന്റെ
പ്രത്യയശാസ്ത്രവും അടിസ്ഥാന തത്ത്വങ്ങളും
കൈവെടിഞ്ഞുകൊണ്ട് അവർ, ഏതാണ്ട്
കോൺഗ്രസ്സ് നേതാക്കളെപ്പോലെ തന്നെ,
വാചാടോപവും മധുരത്തിൽ പൊതിഞ്ഞ
സംഭാഷണങ്ങളും കൊണ്ടുള്ള കൗശലങ്ങളിലൂടെ
ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുകയാണ്.
അങ്ങനെ അവരിവിടെ കമ്മ്യൂണിസത്തെ
അപകീർത്തിപ്പെടുത്തുകയും കമ്മ്യൂണിസത്തിന്റെ
പ്രതിച്ഛായയെ കളങ്കപ്പെടുത്തുകയുമാണ്."

വില 20 രൂപ